308 308

A Text Book of Geography

OF

THE INDIAN EMPIRE

For Form I

1560

1511

BY

M. S. Ananthakrishna Iyer.

No: 308 ~~No. 58~~
~~No 17~~

A Text Book of Geography
OF
THE INDIAN EMPIRE

308

For Form I

BY

M. S. Ananthakrishna Iyer.

308.

വിഷയാനുക്രമണിക

ഒന്നാം ഖണ്ഡം

അദ്ധ്യായം		പുറം
1	ഇന്ത്യയുടെ സ്ഥാനം, അതിർത്തി, വലുപ്പം	2
2	സമുദ്രതീരം	4
3	പർവ്വതങ്ങൾ	8
4	,, (തുടർച്ച)	11
5	നദികൾ	13
6	,, (തുടർച്ച)	18
7	കാലാവസ്ഥ	22
8	സ്വാഭാവികതടങ്ങൾ	26
9	ഉല്പന്നങ്ങൾ	29
10	കാട്ടുകൾ	33
11	മൃഗങ്ങൾ	34
12	ധാതുദ്രവ്യങ്ങൾ	37
13	കൈത്തൊഴിൽ	40
14	ഗതാഗതമാർഗ്ഗങ്ങൾ	44
15	,, (തുടർച്ച)	48
16	കച്ചവടം	51
17	ജനസംഖ്യ	54
18	ഇന്ത്യയിലെ ജനങ്ങൾ	56
19	മതങ്ങൾ	59

രണ്ടാം ഖണ്ഡം

1 രാജ്യവിഭാഗങ്ങൾ 60
2 ബോംബെ സംസ്ഥാനം 63
3 സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ
എ. പഞ്ചാബ് 66
ബി. ഡൽഹി 68
4 സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ (തുടച്ച്)
സി. ഐക്യസംസ്ഥാനങ്ങൾ 69
5 സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ (തുടച്ച്)
ഡി. ബീഹാർ ഒറീസ്സ 72
6 സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ (തുടച്ച്)
ഇ. ബങ്കാൾ 74
7 സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ (തുടച്ച്)
എഫ്. ആസ്സാം 77
8 ഡക്കാൻ മദ്രാസ് (സംസ്ഥാനം) 78
9 ഡക്കാനിലുൾപ്പെട്ട നാട്ടുരാജ്യങ്ങൾ 82
10 മദ്ധ്യസംസ്ഥാനങ്ങൾ 87
11 അതൃത്തിസംസ്ഥാനങ്ങൾ 90
12 ബർമ്മ 94
13 ഹിന്തുസമുദ്രത്തിലെ ദ്വീപുകൾ 97
14 രാജ്യഭരണം 99

മൂന്നാം ഖണ്ഡം

1 ഭൂഖണ്ഡങ്ങളുടെ സമുദ്രതീരം 101

2 ഭൂഗോളത്തിന്റെ സാമാന്യമായ ഭൂപ്രകൃതി 103

3 പീഠഭൂമികൾ 106

4 നദികൾ

എ. ഏഷ്യ 109

5 നദികൾ (തുടച്ച്)

ബി. ഓസ്ട്രേലിയ 112

സി. ആഫ്രിക്ക 113

6 നദികൾ (തുടച്ച്)

ഡി. അമേരിക്ക 115

7 നദികൾ (തുടച്ച്)

ഇ. യൂറോപ്പ് 118

ഇന്ത്യാ ഭൂമിശാസ്ത്രം

ഒന്നാം ഖണ്ഡം

—*—

പ്രസ്താവന

മദ്രാസ് സംസ്ഥാനത്തെപ്പററി നിങ്ങൾ നാലാംക്ലാസിൽ പഠിച്ചുവല്ലൊ. അതിനെ ജില്ലകളായി ഭാഗിച്ചിരിക്കുന്നപോലെ ഇന്ത്യയെ സംസ്ഥാനങ്ങളായി ഭാഗിച്ചിരിക്കുന്നു. സംസ്ഥാനങ്ങളിൽ മിക്കവയും ബ്രിട്ടീഷ്ഗവൎമ്മേണ്ടു നേരിട്ടു ഭരിച്ചുവരുന്നവയാണു്. മററുചിലവ ബ്രിട്ടീഷ്കോയ്മയുടെ മേൽനോട്ടത്തിൽ നാട്ടുരാജാക്കന്മാരാൽ ഭരിക്കപ്പെടുന്നു. ചില സ്വതന്ത്രരാജ്യങ്ങളുമുണ്ടു്. ഫ്രെഞ്ചു്, ഡച്ചു്, പോർത്തുഗീസ്, എന്നിവക്കും ഇന്ത്യയിൽ സ്ഥലങ്ങളുണ്ടു്. അവയെപ്പററിയെല്ലാം നമുക്കു രണ്ടാംഖണ്ഡത്തിലെ ഒന്നാം അദ്ധ്യായത്തിൽനിന്നു മനസ്സിലാക്കാം.

ഇന്ത്യ ഏററവും ഫലപുഷ്ടിയുള്ള രാജ്യങ്ങളിലൊന്നാണു്. ഭൂഗോളത്തിലുള്ള ജനങ്ങളിൽ 1/5 ഭാഗവും ഇന്ത്യയിലാണു വസിക്കുന്നതു്. പൌരാണികകാലങ്ങൾക്കുമുമ്പുതന്നെ മാനസികപരിഷ്കാരവും, സംസ്കാരവുമുണ്ടായിത്തീൎന്നിട്ടുള്ളവരാണു് ഭാരതീയർ. പരിഷ്കാരത്തിന്റെ ഉന്നതസ്ഥാനത്തെത്തിയിരിക്കുന്നുവെന്നഭിമാനിക്കുന്ന പാ

ശ്ചാത്യർക്കുടി ഇന്ത്യയിലെ പുരാതന നാഗരികതചത്തെ ഓൎത്തു് അതിശയിക്കുന്നു. എന്നാൽ പലേ കാരണവശാ ലും ഇന്ത്യയ്ക്കൊട്ടാകെ ഉണ്ടായിത്തീൎന്നിട്ടുള്ള അധഃപതന ത്തെ ഓൎത്തു് വ്യസനിക്കേണ്ടിയിരിക്കുന്നു. ഇന്നു നമുക്കു പാശ്ചാത്യരിൽനിന്നു് അനേകം സംഗതികൾ പഠിക്കേ ണ്ടതായിട്ടുണ്ടെന്നുള്ളതു വാസ്തവമാണു്.

നമ്മുടെ രാജ്യം വളരെ ഫലപുഷ്ടിയുള്ളതും, ജനത്തിര ക്കുള്ളതും, ജീവിതം പരിഷ്കാരമുള്ളതുമായിത്തീൎന്നതെല്ലാം സൂക്ഷ്മമായാലോചിച്ചാൽ ഇന്ത്യയുടെ കിടപ്പു്, ഭൂപ്രകൃതി മുതലായവകൊണ്ടാണെന്നു മനസ്സിലാകും. അതിനാൽ നമുക്കൊന്നാമതായി ആ സംഗതികളെപ്പററി ആലോചി ക്കാം.

അദ്ധ്യായം 1

— * —

ഇന്ത്യയുടെ സ്ഥാനം, അതിൎത്തി, വലുപ്പം

ഏഷ്യാഭൂഖണ്ഡത്തിൻെറ പടം നോക്കുക. ദക്ഷി ണഭാഗത്തു കടലിലേക്കു തള്ളിനിൽക്കുന്ന മൂന്നു അൎദ്ധ ദചീപുകൾകണ്ടുവോ? ഏതെല്ലാംകടലുകൾക്കിടയിലാണു് അവ കിടക്കുന്നതു്? ഇങ്ങിനെ അധികഭാഗവും വെള്ള ത്താൽ ചുററപ്പെട്ടു കിടക്കുന്ന കരയ്ക്കാണു് അൎദ്ധദചീപെ ന്നു പറയുന്നതു്. ഏതെല്ലാം അൎദ്ധദചീപുകൾക്കിട യിലാണു് ഇന്ത്യ കിടക്കുന്നതു്?

ഭൂഗോളത്തിൻെറ മദ്ധ്യഭാഗത്തെ കാണിക്കുന്നതായ ഒരു സങ്കല്പരേഖയുണ്ടു്. അതിന്നു ഭൂമദ്ധ്യരേഖയെന്നു

പേർ. ഭൂപടത്തിൽ ഈ രേഖയെ കാണിക്കുക. ഭൂമദ്ധ്യരേഖയ്ക്കു ഏതു ഭാഗത്താണ് ഇന്ത്യ കിടക്കുന്നതു്?

ഏഷ്യാഭൂഖണ്ഡത്തിൻെറ ദക്ഷിണഭാഗത്തായി കിടക്കുന്ന അറേബിയ, മലയ എന്ന രണ്ടർദ്ധദ്വീപുകൾക്കിടയിലും, ഭൂമദ്ധ്യരേഖയ്ക്കു വടക്കുമായിട്ടാണ് ഇന്ത്യാസാമ്രാജ്യം കിടക്കുന്നതെന്നു് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായല്ലോ.

ഇന്ത്യയുടെ തെക്കുകിഴക്കായി 3000 നാഴികയോളം അകലെ 'ഓസ്ട്രേലിയയും', പടിഞ്ഞാറു ആഫ്രിക്കയും കിടക്കുന്നതായിക്കാണാം. പ്രസ്തുത ഭൂഖണ്ഡങ്ങളുമായി കച്ചവടത്തിനു സൌകര്യമുള്ള ഒരുസ്ഥാനത്തുംകൂടിയാണു ഇന്ത്യ കിടക്കുന്നതു്.

ഒരു കോട്ടയ്ക്കു ചുറവുമുള്ള കിടങ്ങുപോലെയാണു സമുദ്രം ഇന്ത്യയെ ചുററിക്കിടക്കുന്നതു്. കിഴക്കുള്ള ബങ്കാൾഉൾക്കടലും, പടിഞ്ഞാറുള്ള അറബിക്കടലും ദക്ഷിണഭാഗത്തു വ്യാപിച്ചുകിടക്കുന്ന ഹിന്തുസമുദ്രത്തിൻെറ ഭാഗങ്ങളാണ്. ഇന്ത്യയുടെ വടക്കു 1500 നാഴിക നീളത്തിൽ കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഹിമാലയപർവ്വതം ഏഷ്യയുടെ ഇതരഭാഗങ്ങളിൽ നിന്നു് ഇന്ത്യയെ വേർതിരിക്കുന്നു. ഹിമവാൻെറ തുടച്ചയായ അരക്കാൻയോമാസ്, പെഗുയോമാസ് എന്ന മലകൾ ബർമ്മയിലും ഹിന്തുക്കുഷ്, ഹാല, സുലൈമാൻ എന്നിവ അഫ്ഗാനിസ്ഥാനം, ബലൂചിസ്ഥാനം എന്ന രാജ്യങ്ങളിലും വ്യാപിച്ചുനില്ക്കുന്നതായിക്കാണാം. ഇങ്ങിനെ പർവ്വതങ്ങളാലും, സമുദ്രങ്ങളാലും സുരക്ഷിതമായിട്ടാണ് ഇന്ത്യയിരിക്കുന്നതു്.

മുകളിൽ പ്രസ്താവിച്ച തരത്തിലുള്ള അതൃത്തിവിശേഷംകൊണ്ടു് ഇന്ത്യയ്ക്കു ചിലഗുണങ്ങളും ദോഷങ്ങളുമുണ്ടാ

യിട്ടുണ്ട്. മുഖ്യമായ ഗുണം പുറമേനിന്നു വരുന്നതായ ശത്രുക്കളിൽനിന്നുള്ള രക്ഷതന്നെ. എന്നാൽ ഗതാഗതസൌകര്യം പോരാതെ വന്നിരിക്കുന്നതിനാൽ അന്യരാജ്യവാസികളുമായിട്ടുള്ള സൈ്വരമായ സഹവാസത്തിന്നും തന്നിമിത്തം ഉണ്ടാകാവുന്ന പുരോഗതിക്കും തടസ്ഥം നേരിട്ടിരിക്കുന്നു.

ആനയുടെ നെററിപ്പട്ടംപോലെ ഒരു ഭാഗം വീതി കൂടിയും മറെറ ഭാഗം വീതി കുറഞ്ഞുമാണല്ലോ ഇന്ത്യയുടെ ആകൃതി. അതിനാൽ കടലിൽനിന്നു വളരെ ദൂരസ്ഥങ്ങളായ പ്രദേശങ്ങളും നഗരങ്ങളും വടക്കെ ഇന്ത്യയിലാണു കാണുക. വീതി കൂടിയ പ്രദേശത്തിന്നു കിഴക്കുപടിഞ്ഞാറു 2000 നാഴിക വിസ്താരമുണ്ട്. ഹിമാലയം മുതൽ ഇന്ത്യയുടെ ദക്ഷിണാഗ്രമായ കന്യാകുമാരി വരെയുള്ള ദൂരം 2500 നാഴികയാണു്. ഇന്ത്യയുടെ വലുപ്പം നോക്കുമ്പോൾ മദ്രാസ് സംസ്ഥാനം എത്ര ചെറിയതാണെന്നു മനസ്സിലാക്കുക.

—o—

അദ്ധ്യായം 2

സമുദ്രതീരം

ഇന്ത്യയുടെ കടൽത്തീരത്തിൽ അധികം വിടവുകൾ കാണുന്നുണ്ടോ? ഏതു ഭാഗത്താണു കടൽ കരയുടെ ഉള്ളിലേക്കു തള്ളിക്കിടക്കുന്നത്? നദീമുഖങ്ങളെ നോക്കുവിൻ. എന്തു വിശേഷമാണു കാണുന്നത്? ഏതു നദിയാണ് അസംഖ്യം ശാഖകളായി പിരിഞ്ഞു സമുദ്രത്തിൽ ചേരു

ന്നതു്? ഈ ശാഖാനദികളുടെ ഇടയിലുള്ള ഭൂമിയുടെ ആകൃതി വരച്ചു കാണിക്കുക. ഇവയുടെ ആകൃതികൊണ്ടും വെള്ളത്താൽ ചുററപ്പെട്ടു കിടക്കുന്നതുകൊണ്ടുമാണു് ഇവയെ 'മുക്കോൺതുരുത്തുകൾ' (ഡൽററകൾ) എന്നു പറഞ്ഞുവരുന്നതു്. ഇന്ത്യയിലെ മിക്ക നദികൾക്കും ഡൽററകളുണ്ടു്. കാരണമെന്തു്?

ഉൾക്കടലുകളുണ്ടായിരിക്കുന്നതു് ഒരു രാജ്യത്തിന്നു ഗുണമോ ദോഷമോ? ഇന്ത്യയുടേതെന്നപോലെ ചൊവ്വായ കടൽത്തീരമുള്ള രാജ്യങ്ങളാണു് ഓസ്ത്രേലിയ, ആഫ്രിക്ക, തെക്കെ അമേരിക്ക എന്നവ. അതിനാൽ പ്രസ്തുത രാജ്യങ്ങളിൽ കപ്പലുകൾക്കു കരയ്ക്കടുപ്പാൻ എളുപ്പമില്ല. തുറമുഖങ്ങൾ കുറവായിരിക്കും. ഇന്ത്യയുടെ സ്ഥിതി അങ്ങിനെതന്നെയിരിക്കുന്നു.

നദികളുടെ ഒഴുക്കിനെ നോക്കി ഒരു രാജ്യത്തിൻെറ ചരിവിനെ മനസ്സിലാക്കാം. പടംനോക്കി ഇന്ത്യാരാജ്യം എങ്ങോട്ടു ചരിഞ്ഞു കിടക്കുന്നുവെന്നു മനസ്സിലാക്കുക.

വടക്കെ ഇന്ത്യയിലെ നദികൾ തെക്കുകിഴക്കായും, തെക്കുപടിഞ്ഞാറായും ഒഴുകുന്നതിനാൽ അവിടത്തെ ചരിവു തെക്കുകിഴക്കോട്ടും തെക്കുപടിഞ്ഞാറോട്ടുമാണു്. എന്നാൽ തെക്കെ ഇന്ത്യയിലെ ചരിവു മിക്കവാറും തെക്കുകിഴക്കോട്ടാണു്. കാരണമെന്തു്? ഇന്ത്യയുടെ പൂർവ്വതീരവും പശ്ചിമതീരവും മൈതാനങ്ങളാണു്. പശ്ചിമഭാഗം കടലിലേയ്ക്കല്പം ചരിഞ്ഞു കിടക്കുന്നു.

<u>ഉൾക്കടലുകൾ.</u> ഇന്ത്യയുടെ മൂന്നു ഭാഗങ്ങളേയും ചുററിക്കിടക്കുന്നകടലിന്നു് ആഴംഅധികമില്ല. തീരങ്ങളിൽ വിടവുകളും കുറവാണു്. തന്നിമിത്തം നല്ല തുറമുഖങ്ങളും ദുർല്ലഭമാണു്. പശ്ചിമതീരത്തുള്ള 'റാൺഓഫ്കച്ച്'. 'ക്യാംബെ ഉൾക്കടൽ' എന്നിവ രണ്ടും മണൽ വന്നടിച്ചു

ത്തുവരുന്നു. മലബാർതീരത്തു കൊച്ചി-തിരുവിതാംകൂർ 'കായൽ' കിടക്കുന്നു. ഇതും ആഴം കുറഞ്ഞതും കപ്പലുകൾക്കു പ്രവേശം നൽകാത്തതുമാണ്. ഈയിടെ കൊച്ചിക്കായൽ ആഴം വരുത്തിയതോടുകൂടി കൊച്ചി ഒന്നാംതരം നൌകാശയമായിത്തീൎന്നിരിക്കുന്നു. സിലോണിന്നും ഇന്ത്യയ്ക്കും ഇടയിലുള്ള 'പാൿകു കടലിടുക്കും' 'മാന്നാർ ഉൾക്കടലും' ആഴം കുറഞ്ഞും പാറകൾ നിറഞ്ഞും കിടക്കുന്നതിനാൽ കപ്പലുകൾക്കു സിലോൺദ്വീപിനെ ചുററി സഞ്ചരിക്കേണ്ടിയിരിക്കുന്നു. മദ്രാസിന്നു വടക്കായി കിടക്കുന്ന 'പുലിക്കാട്ടു' തടാകവും, ഗോദാവരി ജില്ലയിലുള്ള 'ചില്ക്കാ' തടാകവും കടലോരത്തിൽ കിടക്കുന്നവതന്നെ. പ്രഥമദൃഷ്ടിയിൽ അവ കപ്പലുകൾക്കു നല്ല സങ്കേതങ്ങളാണെന്നു തോന്നിയേക്കാമെങ്കിലും അവ ആഴം കുറഞ്ഞവയാണ്. ഗംഗ—ബ്രഹ്മപുത്ര സമുദ്രപതനം ചെയ്യുന്നതു ശാഖോപശാഖകളായിട്ടാണ്. അവയിൽ ചില ശാഖകളിൽക്കൂടി 200 നാഴികയോളം കപ്പലുകൾക്കു യാത്രചെയ്യാം. കൽക്കത്ത തുറമുഖം സ്ഥിതിചെയ്യുന്നതെവിടെയെന്നു നോക്കുക. ഇതേ മാതിരിയാണു ബൎമ്മയിലെ ഐരാവതീമുഖവും. റംഗൂൺ തുറമുഖം എവിടെ നിൽക്കുന്നു? ഇതിന്നു കിഴക്കാണു മാർട്ടബൻ ഉൾക്കടൽ.

തുറമുഖങ്ങൾ. ഇന്ത്യയിലുള്ള ഒന്നാംതരം തുറമുഖങ്ങളാണു 1 കറാച്ചി, 2 ബോംബെ, 3 മദ്രാസ്, 4 കല്ക്കത്ത, 5 റംഗൂൺ എന്നിവ. പൂൎവതീരത്തുള്ള വിശാഖപട്ടണവും പശ്ചിമതീരത്തുള്ള കൊച്ചിയും അടുത്ത കാലത്താണ് അഭിവൃദ്ധി പ്രാപിപ്പാൻ തുടങ്ങിയതു്. ഗവൎമ്മെണ്ടിൽനിന്നു ലക്ഷം കണക്കായി പണം ചെലവാക്കി പ്ര

സ്ഥത രണ്ടു തുറമുഖങ്ങളേയും നന്നാക്കിയിരിക്കുന്നു. കൊച്ചിയുടെ തലസ്ഥാനവിശേഷംകൊണ്ടും അനേകം കപ്പലുകൾക്കു ഒരേ സമയത്തു നിർഭയമായി നിൽക്കുവാനുള്ള സൌകര്യംകൊണ്ടും അടുത്തകാലത്തു് അതു ബോംബെ തുറമുഖത്തോടു കിടപിടിക്കത്തക്ക യോഗ്യതയുള്ളതായിത്തീരുമെന്നു ജനങ്ങൾ വിചാരിക്കുന്നു. വിശാഖപട്ടണമാകട്ടെ, മദ്രാസിനെപ്പോലെതന്നെ അത്ര നല്ല തുറമുഖമാണു്.

ഇന്ത്യയിൽ വേറെയും തുറമുഖങ്ങളുണ്ടു്. എന്നാൽ കപ്പലുകൾക്കു് അവയ്ക്കടുത്തു ചെല്ലുവാൻ സാധിക്കാതെ രണ്ടു മൂന്നു നാഴിക അകലെ നിൽക്കേണ്ടിവരുന്നു. ഇത്തരത്തിൽ പെട്ടവയാണു പശ്ചിമതീരത്തുള്ള കൊല്ലം, ആലപ്പുഴ, കോഴിക്കോടു, മയ്യഴി, മംഗലപുരം, മുതലായവയും പൂർവ്വതീരത്തുള്ള തൂത്തുക്കുടി, നാഗപട്ടണം, പുതുശ്ശേരി, മച്ചിലിപട്ടണം, മുതലായവയും.

ഇന്ത്യയുടെ തെക്കുഭാഗത്തു കിടക്കുന്ന സിലോൺ ദ്വീപിന്റെ പശ്ചിമതീരത്തു സ്ഥിതിചെയ്യുന്ന കൊളമ്പു് കടൽവ്യാപാരമാർഗ്ഗമദ്ധ്യത്തിലുള്ള ഒന്നാംതരം തുറമുഖമാണു്.

ദ്വീപുകൾ. ബങ്കാൾ ഉൾക്കടലിൽ ബർമ്മയുടെ പശ്ചിമതീരത്തും, മദ്ധ്യസമുദ്രത്തിലും മററും അനേകം ചെറുദ്വീപുകൾ കിടക്കുന്നതു കാണാം. ഇന്ത്യയുടെ തെക്കുഭാഗത്താണു സിലോൺ. ഒരു കാലത്തു് ഇതു് ഇന്ത്യയോടു ചേൎന്നു കിടന്നിരുന്നുവത്രെ. സിലോണിന്റെ വടക്കാണു 'രാമേശ്വരം'. ഹിന്തുക്കളുടെ പുണ്യസ്ഥലമാണിതു്.

മദ്ധ്യസമുദ്രത്തിലായി രണ്ടു ദ്വീപസമൂഹങ്ങളുണ്ടു്. അവ (1) ആൻഡമൻസ് (2) നിക്കോബാർസ് എന്നിവയാണു്. ഇന്ത്യയിൽനിന്നു നാടുകടത്തപ്പെട്ടവരെ ആൻഡമൻസിലാണു കൊണ്ടിടുന്നതു്.

അറബിക്കടലിൻെറ തെക്കഭാഗത്തായി ലക്ഷദ്വീപ, മാലദ്വീപ്, എന്നു രണ്ടു ദ്വീപസമൂഹങ്ങളുണ്ടു്. ഇവിടത്തെ മുഖ്യകൃഷി തെങ്ങാണ്.

ബോംബെ തുറമുഖത്തു കിടക്കുന്ന സാംസെററ് എന്ന ചെറു ദ്വീപ് കാററിനേയും ഓളത്തേയും തടഞ്ഞു തുറമുഖത്തു കിടക്കുന്ന കപ്പലുകൾക്കു രക്ഷനൽകുന്നു. ബോംബെ മറെറാരു ദ്വീപിന്മേലാണു സ്ഥിതിചെയ്യുന്നതു്. സാംസെററിന്നു വടക്കായി ബെസ്സിൻ എന്നൊരു ചെറിയ ദ്വീപും കിടക്കുന്നതായിക്കാണാം.

—*—

അദ്ധ്യായം 3

——

പർവ്വതങ്ങൾ

ഏഷ്യാഭൂഖണ്ഡത്തിൻെറ ദക്ഷിണഭാഗത്തുള്ള ഒരു അർദ്ധദ്വീപാണല്ലൊ ഇന്ത്യ. എന്നാൽ ഏഷ്യയുടെ ഇതരഭാഗങ്ങളിൽനിന്നു വേർതിരിഞ്ഞാണ് ഇന്ത്യ കിടക്കുന്നതു്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറുനിന്നു തെക്കുകിഴക്കായി 1500 നാഴിക നീളത്തിൽ ഹിമാലയപർവ്വതം കിടക്കുന്നു. ഹിമാലയം എന്ന പദത്തിന്നു 'മഞ്ഞിൻെറ ഇരിപ്പിടം' എന്നാണ് അർത്ഥം. ലോകത്തിൽവെച്ചുതന്നെ ഏററവും ഉയരമുള്ള ഹിമാലയം ഒരൊററ നിരയല്ല. ഒന്നിന്നപ്പുറത്തൊന്നായി 200 നാഴികയോളം വീതിയിൽ കിടക്കുന്ന മൂന്നു നിരകളാണ്. ഹിമാലയത്തിൻെറ വടക്കും വടക്കുകിഴക്കുമായിക്കിടക്കുന്ന 'ടിബററു' 'ചൈന' എന്നീ രാജ്യങ്ങളിലേയ്ക്കു കടന്നുപോകുവാൻ ഈ പർവ്വതം വലിയ തടസ്ഥമായിത്തീർന്നിരിക്കുന്നു.

[illegible]

ഹിമാലയത്തിൻെറ കിഴക്കെ അഗ്രം ബൎമ്മയിൽക്കൂടി തെക്കോട്ടു വ്യാപിച്ചുനില്ക്കുന്നു. അവിടെയുള്ള നിരകൾക്കു 'അരാക്കൻ യോമാസ്', 'പെഗുയോമാസ്' എന്നു മററും പേരുണ്ടു്. മലനിരകളുടെ ഇത്തരത്തിലുള്ള കിടപ്പുകൊണ്ടു് ഇന്ത്യയിൽനിന്നു കരമാർഗ്ഗമായി ബൎമ്മയിലേക്കു ചെല്ലുവാൻ വളരെ പ്രയാസമാണു്.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറായി കിടക്കുന്ന സംസ്ഥാനങ്ങളാണു് 'അഫ്ഗാനിസ്ഥാനം', 'ബലൂചിസ്ഥാനം'എന്നിവ. അവയിൽക്കൂടി തെക്കോട്ടു വ്യാപിച്ചുകിടക്കുന്ന 'സുലൈമാൻ'പൎവ്വതവും ഹിമവാൻെറ ശാഖ തന്നെയാണു്.

ഹിമാലയത്തിൽ അത്യുന്നതങ്ങളായ ശിഖരങ്ങൾ വളരെയുണ്ടു്. മഹാമേരുവാണു (Mount Everest) ലോകത്തിൽവെച്ചു് അത്യുന്നതമായ ഗിരിശിഖരം. കഞ്ചിഞ്ചിങ്ങ, ധവളഗിരി, കൈലാസം, നന്ദാദേവി, മുതലായ മററനേകം ഉന്നതശിഖരങ്ങളുമുണ്ടു്. ഇവയെല്ലാം എപ്പോഴും മഞ്ഞുറച്ചു കിടക്കുന്നവയാണു്.

ഹിമവാൻെറ തെക്കെ ചരിവിലായി കിടക്കുന്ന സിംല, ഡാർജീലിങ്ങ്, നൈനിടാൽ മുതലായ നഗരങ്ങൾ വേനൽക്കാലത്തു സുഖവാസത്തിന്നു പററിയസ്ഥലങ്ങളാണു്. വേനൽക്കാലത്തു സിന്ധുഗംഗാസമനിലം ചുട്ടുപഴുക്കുമ്പോൾ വൈസ്റോയ് സിംലയിലും, ബങ്കാൾ ഗവൎണ്ണർ ഡാർജീലിങ്ങിലും, വാസമുറപ്പിക്കുന്നു.

ഹിമാലയത്തിൻെറ സ്ഥാനവിശേഷംകൊണ്ടും ഉയരംകൊണ്ടും അതിൻെറ ഇരുഭാഗത്തും കിടക്കുന്ന രാജ്യങ്ങളിലെ ശീതോഷ്ണസ്ഥിതിക്കു വളരെ വ്യത്യാസം സംഭവിക്കുന്നു.

<u>ചുരങ്ങൾ.</u> മലകളുടെ ഇടയിൽക്കൂടിയുള്ള വഴിക്കാണു് 'ചുരം' എന്നു പറയുന്നതു്. ഹിമാലയത്തിലും

ചുരങ്ങളുണ്ട്. വടക്കോട്ടുള്ളവ വളരെ പ്രാധാന്യമുള്ളവയല്ല. അവയിൽക്കൂടിയുള്ള ഗതാഗതം ആപൽക്കരമാണ്. അപ്രധാനമായ വ്യാപാരമാർഗ്ഗങ്ങളായിട്ടേ അവയെ കണക്കാക്കിക്കൂടൂ. ഇങ്ങിനെയുള്ള മൂന്നു ചുരങ്ങളുണ്ട്. അവ (1) ബങ്കാളിന്റെ വടക്കുള്ള ഡാർജീലിങ്ങിൽനിന്ന് ടിബററിന്റെ തലസ്ഥാനമായ 'ലാസ്സാ' നഗരത്തിലേക്കു പോകുന്നത്, (2) സിംലയിൽനിന്നു ഷിപ്ക്കിചുരം വഴിക്ക് ടിബററിലേക്കു ചെല്ലുന്നത്. (3) കാശ്മീരത്തിലുള്ള 'ലെ' നഗരത്തിൽനിന്നു യാൎക്കണ്ട് നഗരത്തിലേക്കുള്ളത്, എന്നിവയാണ്. ഈ മാർഗ്ഗങ്ങൾ ചെങ്കുത്തായവയും അധികമാസവും മഞ്ഞുറച്ചു കിടക്കുന്നവയും, മലയരുവികളൊഴുകി വരുന്നവയുമാകയാൽ ഗതാഗതം ആപൽക്കരമാണ്.

എന്നാൽ വടക്കുപടിഞ്ഞാറുള്ള 'കൈബർ', ബോളൻ' എന്നീ ചുരങ്ങളുടെ സ്ഥിതി അല്പം വ്യത്യാസപ്പെട്ടിരിക്കുന്നു. മലകൾക്കവിടെ ഉയരം കുറവാണ്. 'കൈബർ' ചുരത്തിൽക്കൂടിയാണ് പുരാതനകാലത്തു ഇന്ത്യയെ ആക്രമിച്ച ശത്രുക്കൾ കടന്നുവന്നത്. അതിനാൽ ഇന്ത്യാഗവമ്മെണ്ട് ഇന്നു ചുരങ്ങളുടെ മുഖങ്ങളിൽ കിടക്കുന്ന പെഷവാർ, കചററ എന്നീ നഗരങ്ങളിൽ കോട്ടകൾ കെട്ടി സൈന്യങ്ങളെ കാവൽ നിറുത്തിയിരിക്കുന്നു.

—*—

ഭൂപ്രകൃതി—സ്വാഭാവികതടങ്ങൾ

1. ഹിമാലയം
2. ഗംഗാസമനിലം
3. ഡക്കാൺപീഠഭൂമികൾ
4. പശ്ചിമതീരം
5. പൂർവ്വതീരം
6. യൂനൻ പീഠഭൂമി

അദ്ധ്യായം 4

പവ്വതങ്ങൾ

(തുടൎച്ച)

ഇന്ത്യയുടെ പശ്ചിമതീരത്തുള്ള കാംബേ ഉൾക്കടൽ മുതൽ ദക്ഷിണാഗ്രമായ കന്യാകുമാരിവരെ വ്യാപിച്ചു നില്ക്കുന്ന മലനിര ഏതു്? ഈ പശ്ചിമഘട്ടത്തിന്നു സുമാർ 3000 അടി ഉയരം കാണും. പാലക്കാട്ടിന്നു സമീപം മല 25 നാഴികയോളം വിട്ടുനില്ക്കുന്നുണ്ടു്. ഈ മാർഗ്ഗമാണു് പാലക്കാട്ടു ചുരം. ഈ ചുരംകൊണ്ടു എന്തു പ്രയോജനമാണുള്ളതു്? ഇന്ത്യയുടെ പശ്ചിമതീരത്തുനിന്നു കിഴക്കോട്ടു കടപ്പാനുള്ള ഏററവും പ്രധാനമായ മാൎഗ്ഗമാണിതു്. ഘട്ടത്തിന്റെ ഇരുഭാഗത്തും പാൎക്കുന്നവർ ആചാരനടപടികളിൽ വ്യത്യാസമുള്ളവരാണു്. കാരണമെന്തു്? കൊച്ചി, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളുടെ പൂൎവ്വഭാഗത്തുള്ള മലയും പശ്ചിമഘട്ടംതന്നെ. ഘട്ടത്തിന്നും അറബിക്കടലിന്നും ഇടയിലുള്ള സമുദ്രതീരമൈതാനത്തിന്നു ശരാശരി 50 നാഴികയോളം വീതി കാണും. മൈതാനത്തിന്റെ ഉത്തരാർദ്ധത്തിന്നു കൊങ്കണദേശമെന്നും, ദക്ഷിണാർദ്ധത്തിന്നു മലബാർ എന്നും പേർ പറഞ്ഞുവരുന്നു.

ഇന്ത്യയുടെ പൂൎവ്വതീരത്തുള്ള മലയാണു് പൂൎവ്വഘട്ടം. പശ്ചിമഘട്ടംപോലെ ഉയരവുമില്ല, ഒരേ നിരയായി തുടൎന്നു കിടക്കുന്നതുമില്ല. അവിടവിടെ അസംഖ്യം വിടവുകളുണ്ടു്. പശ്ചിമഘട്ടത്തിൽനിന്നുത്ഭവിക്കുന്ന ദക്ഷിണേ

ന്ത്യയിലെ നദികൾ പ്രസ്തുത വിടവുകളിൽക്കൂടിയാണു സമുദ്രത്തിൽ പ്രവേശിക്കുന്നതു്. പൂർവ്വഘട്ടം തെക്കോട്ടു ചെല്ലുമ്പോൾ പടിഞ്ഞാട്ടു നീങ്ങിവരുകയും ഒടുവിൽ നീലഗിരിയിൽവെച്ചു പശ്ചിമഘട്ടത്തോടു ചേരുകയും ചെയ്യുന്നു. നീലഗിരിയാണു് പശ്ചിമഘട്ടത്തിൽ ഏററവും ഉയൎന്നഭാഗം. ഇതിന്റെ ശിഖരമായ 'ഡോഡബേട്ട'യ്ക്കു 864॥ അടി ഉയരമുണ്ടു്. കൂനൂർ, ഊട്ടി, മുതലായ നഗരങ്ങൾ നീലഗിരിയിലുള്ളവയാണു്.

പൂർവ്വഘട്ടത്തിന്നും ബങ്കാൾ ഉൾക്കടലിന്നും ഇടയിലുള്ള മൈതാനത്തിന്നു 'പൂർവ്വതീര മൈതാന'മെന്നു പേർ. ഇതിന്റെ ദക്ഷിണാർദ്ധം വീതി കൂടിയിരിക്കുന്നു. കാരണമെന്തു്? മൈതാനത്തിന്റെ ദക്ഷിണാർദ്ധമാണു 'ചോഴമണ്ഡലക്കര'.

രണ്ടു ഘട്ടങ്ങളുടെയും ഇടയിലുള്ള ഭൂമി കുറെ ഉയരമുള്ളതാണു്. ഇതിന്നു ഡക്കാൻ എന്നും, ദക്ഷിണപീഠഭൂമിയെന്നും പേർ പറഞ്ഞുവരുന്നു. ഡക്കാനിന്റെ വടക്കെ അതൃത്തിയിലായി രണ്ടു മലനിരകൾ കിഴക്കുപടിഞ്ഞാറായി വ്യാപിച്ചു കിടക്കുന്നതു കാണാം. അവയ്ക്കു വിന്ധ്യയെന്നും, ശതപുരയെന്നും, പേർ. വിന്ധ്യന്റെ കിഴക്കെ അഗ്രം ബങ്കാളത്തിലേക്കു വ്യാപിച്ചു നില്ക്കുന്നു. എന്നാൽ ഈ പ്രദേശം ഉയരം കുറവാകയാൽ ഉത്തരേന്ത്യയിൽ നിന്നു ദക്ഷിണേന്ത്യയിലേക്കു ഗതാഗതത്തിന്നു സൌകൎയ്യമുണ്ടു്. ശതപുരപർവ്വതം വിന്ധ്യന്നു തെക്കാണു്.

വിന്ധ്യന്റെ ഉത്തരഭാഗത്തായി 'രാജപുത്താന' എന്ന സംസ്ഥാനം കിടക്കുന്നു. ഈ സംസ്ഥാനത്തിന്റെ മദ്ധ്യത്തിലായി 'അറാവല്ലി' കുന്നുകൾ കാണാം. ഉയരം കുറഞ്ഞ ഈ മലകൾ തെക്കുപടിഞ്ഞാറുനിന്നു വടക്കുകിഴക്കായിട്ടാണു കിടക്കുന്നതു്. ഇവ കൂടാതെ പഞ്ചാബിൽ

'സോൾട്ട്' റെയിഞ്ചും, സിണ്ടിൽ 'കത്തർ' മലയും കിടക്കുന്നുണ്ട്. ആദ്യത്തേതു ഹിമാലയത്തിൻെറ ഒരു ശാഖയാണ്. എന്നാൽ രണ്ടാമത്തേതു സുലൈമാൻ മലകളുടെ തുടച്ചയായി കണക്കാക്കാം. ബങ്കാളത്തിൻെറ വടക്കു കിഴക്കായി കിടക്കുന്ന 'കാശി കുന്നുകൾ' ഹിമവാൻെറ തുടച്ചതന്നെയാണ്.

വേനൽക്കാലത്തു സുഖവാസയോഗ്യമായ സ്ഥലങ്ങൾ ഘട്ടങ്ങളിലുണ്ട്. അവ (1) ബോംബേയ്ക്കു സമീപത്തിലുള്ള മഹാബലീശ്വരം, (2) നീലഗിരിയിന്മേലുള്ള കൂനൂർ, ഊട്ടി, (3) തൃശ്ശിനാപ്പള്ളിക്കു സമീപം പഴനി മലയിന്മേലുള്ള കൊഡൈക്കനാൽ, (4) സേലത്തിൽനിന്നു 18 നാഴിക അകലെ കിടക്കുന്ന ശിവരായി മലയിന്മേലുള്ള യേർക്കാട്ട് മുതലായവയാണ്. ഇവയെ ഭൂപടത്തിൽ കണ്ടുപിടിക്കുക.

ഇന്ത്യയുടെ ഒരു പടം വരച്ച് മലകളുടെയും, ചുരങ്ങളുടെയും, സുഖവാസയോഗ്യമായ നഗരങ്ങളുടെയും സ്ഥാനങ്ങളെ അടയാളപ്പെടുത്തുക.

അദ്ധ്യായം 5

—*—

നദികൾ

ഇന്ത്യയിലെ നദികൾ പർവ്വതങ്ങളിൽനിന്നുത്ഭവിക്കുന്നവയാണ്. ഉത്ഭവസ്ഥാനത്തെ അപേക്ഷിച്ചു അവയെ മൂന്നു വകുപ്പുകളായി തിരിക്കാം. അവ (1) ഹിമാലയത്തിൽ നിന്നുത്ഭവിക്കുന്നവ, (2) പശ്ചിമഘട്ടത്തിൽ

നിന്നുത്ഭവിക്കുന്നവ, (3) വിന്ധ്യ-ശതപുര പർവ്വതങ്ങളിൽ നിന്നുത്ഭവിക്കുന്നവ എന്നിവയാണ്.

ഹിമാലയൻ നദികൾ.

ഉത്തര ഇന്ത്യയിലെ നദികൾ സിന്ധു, ഗംഗാ, ബ്രഹ്മപുത്ര, എന്നിവയാണ്. ഇവയെ ഭൂപടത്തിൽ കണ്ടുപിടിക്കുക. ഹിമാലയത്തിന്റെ താഴ്‌വരകളിൽക്കൂടി വളരെ ദൂരം ഒഴുകിയശേഷമാണ് ഇവ സിന്ധു-ഗംഗാസമനിലത്തിൽ പ്രവേശിക്കുന്നത്. പ്രസ്തുത സമനിലം സിന്ധുവിന്റെയും ഗംഗയുടെയും വിശാലമായ താഴ്‌വരയാണ്. പർവ്വതങ്ങളുടെ ഇടയിൽക്കൂടിയുള്ള നദിയുടെ ഗമനമെങ്ങിനെയുള്ളതായിരിക്കും? മൈതാനത്തിൽ കൂടിയുള്ളതോ?

സിന്ധു. ഹിമവാന്റെ വടക്കു ടിബററ് എന്നൊരു രാജ്യം ഭൂപടത്തിൽ കണ്ടുവോ? വളരെ ഉയരമുള്ള ഒരു പീഠഭൂമിയാണിത്. 17000 അടി ഉയരമുള്ള ഒരു സ്ഥലത്തുനിന്നാണ് സിന്ധുവിന്റെ ഉത്ഭവം. ഹിമാലയത്തിൽ കൂടി വടക്കുപടിഞ്ഞാറായി ഏതു രാജ്യംവരെ ഒഴുകുന്നു? കാശ്മീരംമുതൽ സമുദ്രംവരെയുള്ള നദിയുടെ പ്രവാഹം മൈതാനഭൂമിയിൽക്കൂടി തെക്കുപടിഞ്ഞാട്ടാണ്. നദീമുഖത്തിനല്പം വടക്കായി ഹൈദരബാദ് എന്നൊരു നഗരം കാണാം. ഇവിടെവെച്ചു നദി ശാഖകളായി പിരിയുന്നു. ഈ ശാഖകളും നദീമുഖങ്ങളും ആഴം കുറഞ്ഞവയാണ്. അതുകൊണ്ടു എന്തു ദോഷമാണുള്ളത്? നദീമുഖത്തു സ്ഥിതിചെയ്യുന്ന തുറമുഖം ഏതു്?

സിന്ധുവിന്റെ വലത്തെ തീരമേതു്? ഇടത്തേതോ? നദിയിൽ ഒഴുക്കിന്നനുസരിച്ചു യാത്രചെയ്യുന്ന ഒരുവന്റെ വലത്തുഭാഗത്തിന്നു വലത്തെ തീരമെന്നും, ഇടത്തുഭാഗത്തിന്ന് ഇടത്തെ തീരമെന്നും പറയും. ഏതു തീരത്തിലും

ണ്‌ സിന്ധുവിന്നു അധികം പോഷകനദികളുള്ളതു്? ജ ലം, ചിനാബ്, രാവി, ബിയാസ്, സററ്‌ലെജ്, എന്നു് അഞ്ചു പോഷകനദികൾ പഞ്ചാബിൽ കൂടി ഒഴുകിവന്നു നദിയുടെ ഇടത്തെ തീരത്തിൽ ചെന്നുചേരുന്നു. പഞ്ചാ ബിന്നു് ആ പേർ ലഭിച്ചതു് അഞ്ചു നദികളുള്ള രാജ്യമാ കയാലാണ്. ഗിൽജിററ്, കാബൂൾ എന്നു രണ്ടു പോ ഷകനദികൾ വലത്തെ തീരത്തിലും ചെന്നുചേരുന്നുണ്ടു്.

സിന്ധുതാഴ്‌വര മഴ കുറവായ പ്രദേശമാണ്. നദി യിലാകട്ടെ ഹിമാലയത്തിലെ മഞ്ഞുരുകി ജലസമൃദ്ധി യുണ്ടു്. അതിനാൽ ഗവമ്മെണ്ടിൽനിന്നു പല സ്ഥല ത്തും നദിയിൽ ചിറകെട്ടി നീച്ചാലുകളിൽകൂടി വെള്ളം കൊണ്ടുചെന്നു കൃഷി നടത്താനുള്ള സൌകൎയ്യം ചെയ്തു കൊടുത്തിരിക്കുന്നു. തൽഫലമായി ലക്ഷോപലക്ഷം ഏക്കർ സ്ഥലത്തു ഇന്നു കൃഷി ചെയ്തുവരുന്നുണ്ടു്.

ലോകത്തിലൊരിടത്തും പഞ്ചാബിൽനിമ്മിച്ചിട്ടുള്ള ത്രവിശേഷമായ നീച്ചാലുകളില്ലത്രെ. അതിനാൽ തരിശാ യി കിടന്നിരുന്ന ഭൂമികൾ ഇന്നു കൺകുളൎപ്പിക്കുന്നതായ കൃഷിസ്ഥലങ്ങളായിത്തീൎന്നു. സുക്കൂർ നഗരത്തിന്നു സമീ പമുള്ള 'സുക്കൂർ ഡാം' (ചിറ) സിന്ധുമേൽ നിമ്മിച്ചിരി ക്കുന്ന ഒരു വലിയ ചിറയാണ്. ഇതിന്നു ലക്ഷം കണ ക്കായി പണം വ്യയംചെയ്യേണ്ടിവന്നിട്ടുണ്ടു്. നദീമുഖ ത്തുനിന്നു കുറെദൂരം കപ്പലുകൾക്കു നദിയിൽകൂടി സഞ്ച രിക്കാം.

<u>ഗംഗ.</u> ഹിമവാന്റെ ദക്ഷിണപാൎശ്വത്തിൽ 'ഹരി ദ്വാരം' എന്നൊരു നഗരം കണ്ടുവോ? ഈ നഗരം ഗംഗാ തീരത്തിലാണ്. ഈ നഗരം വിട്ടാൽ നദിസമനിലത്തിൽ പ്രവേശിക്കുന്നു. പിന്നെ തെക്കുകിഴക്കായി ഒഴുകുന്നു. നദി യുടെ ഉത്ഭവം ഗംഗോത്രിയിലാണ്. ഉത്ഭവസ്ഥാനംമുതൽ

ഹരിദ്വാരംവരെ അഗാധമായ താഴ്വരകളിൽക്കൂടി അതി ശീഘ്രമായിട്ടാണു നദിയുടെ പ്രവാഹം. മൈതാനത്തിൽ മന്ദമായൊഴുകുന്നതിനാൽ കൃഷിക്കു വളരെ സൌകര്യമായിരിക്കുന്നു. അതിനാൽ പശിമയും ജലസമൃദ്ധിക്കുവുമുള്ള ഗംഗാതാഴ്വര സസ്യസമ്പൂർണ്ണമായതും ജനത്തിരക്കുള്ളതുമായിത്തീർന്നിരിക്കുന്നു.

ബങ്കാളിന്റെ ഉത്തരഭാഗത്തുവെച്ച് ബ്രഹ്മപുത്ര ഗംഗയോടു സംഗമിക്കുന്നു. പിന്നെ അവ ശാഖോപശാഖകളായിപ്പിരിഞ്ഞു 200 നാഴികയോളം വിസ്താരത്തിൽ തെക്കോട്ടു തിരിഞ്ഞൊഴുകി ബങ്കാൾ ഉൾക്കടലിൽ പ്രവേശിക്കുന്നു.

ഗംഗയുടെ പ്രധാനശാഖയായ ഹൂഗ്ലിയിന്മേലാണ് കൽക്കത്ത സ്ഥിതിചെയ്യുന്നത്. ഗംഗാ-ബ്രഹ്മപുത്രാഡൽററകൾ വളരെ ഫലവത്തുള്ളവയാണ്. നദീമുഖത്തു 300 വിടവുകളോളമുണ്ട്. ഗതാഗതസൌകര്യവും നല്ലപോലെയുണ്ട്. സമുദ്രതീരത്തിൽ അവിടവിടെ മണൽത്തിട്ടകളും, കാടുകളും, ചതുപ്പുനിലങ്ങളും കാണാം. അധിവാസയോഗ്യമല്ലാത്ത ഈ പ്രദേശത്തെയാണ് 'സുണ്ടർബാൻസ്' എന്നു പറഞ്ഞുവരുന്നത്.

<u>ബ്രഹ്മപുത്ര.</u> സിന്ധുവിന്റെ ഉത്ഭവസ്ഥാനത്തിന്നടുത്തുനിന്നുതന്നെ ഈ നദിയും ഉത്ഭവിക്കുന്നു. ഹിമവാന്റെ താഴ്വരയിൽക്കൂടി ഒട്ടധികം ദൂരം കിഴക്കോട്ടൊഴുകുന്നു. പർവ്വതത്തിലുള്ള ജലത്തെ ശേഖരിച്ചുവരുകയല്ലാതെ ഗതാഗതത്തിന്നോ, കൃഷിക്കോ നദീതാഴ്വരയുടെ ഈ പ്രദേശം സൌകര്യമുള്ളതല്ല. ഹിമവാന്റെ കിഴക്കെ അഗ്രത്തിൽവെച്ച് നദി പെട്ടെന്നു പടിഞ്ഞാട്ടു തിരിഞ്ഞശേഷം തെക്കുപടിഞ്ഞാറായൊഴുകി ഗംഗയോടു ചേരുന്നു. ഇപ്പോഴാണ് ബ്രഹ്മപുത്ര സമതലത്തിലെത്തുന്നത്.

ഇന്ത്യ—ഭൂപ്രകൃതി

ഗംഗയുടെ പോഷകനദികളിൽ പ്രധാനമായവ ഹിമാലയത്തിൽനിന്നുത്ഭവിക്കുന്നവതന്നെ. രാമഗംഗ, ഗോമതി, ഗോഗ്ര, ഗണ്ഡക്ക്, എന്നിവ ഇടത്തും, യമുന വലത്തും വന്നുചേരുന്നു. വിന്ധ്യനിൽനിന്നുത്ഭവിച്ച യമുനയിൽ ചേരുന്ന 'ചാമ്പൽ' എന്നൊരു പോഷകനദിയുണ്ടു്. മാൾവമേടയിൽ നിന്നൊഴുകിവരുന്ന സോൺനദിയും, ബീഹാറിൽക്കൂടി ഒഴുകിവരുന്ന 'ദാമോദർ' എന്നിവയുമാണ് മററുള്ളവ.

ഗംഗയോടു യമുന സംഗമിക്കുന്ന സ്ഥലത്താണ് അലഹബാദ് നഗരം. കാശി, ഗയ, ഹരിദ്വാരം, മുതലായ അസംഖ്യം പുണ്യസ്ഥലങ്ങൾ ഈ നദീതീരത്തു കിടക്കുന്നു. ഡൽഹി, ആഗ്ര, പാററ്ന, എന്നീ ചരിത്രപ്രസിദ്ധിയുള്ള നഗരങ്ങളും, കോൺപൂർ, ലക്നൊ, കൽക്കത്ത, മുതലായ വ്യവസായാഭിവൃദ്ധിയുള്ളവയും ഈ നദീതീരത്തുതന്നെ നില്ക്കുന്നു. ഫലവത്തുള്ള മൈതാനഭൂമി, സുഭിക്ഷമായ മഴ, ജലസമ്പൂർണ്ണമായ നദികൾ, സുഖമായ കാലാവസ്ഥ, സമൃദ്ധിയായ കൃഷി, വിവിധതരത്തിലുള്ള കൈത്തൊഴിലുകൾ, പൂർണ്ണമായ ഗതാഗതസൌകര്യം, ജനത്തിരക്ക്, എന്നീ സംഗതികളെല്ലാം ഒത്തൊരുമിച്ചിരിക്കുന്നതിനാൽ തന്നെയാണ് ഗംഗാതാഴ്വര വളരെ ശ്രുതിപ്പെട്ടതായിരിക്കുന്നതു്.

അദ്ധ്യായം 6

നദികൾ

(തുടച്ച്)

ദക്ഷിണേന്ത്യയിലെ നദികൾ

ദക്ഷിണേന്ത്യയെ 'ഡക്കാൻ പീഠഭൂമി'യെന്നു പറഞ്ഞുവരുന്നു. ഡക്കാനിലെ നദികളിൽ 'നർമ്മദ' വിന്ധ്യാപർവ്വതത്തിൽനിന്നും, 'തപതി' ശതപുരം പർവ്വതത്തിൽനിന്നും ഉത്ഭവിച്ച് പടിഞ്ഞാട്ടൊഴുകി അറബിക്കടലിൽ ചേരുന്നു. ഇവയ്ക്കു മുക്കോൺതുരുത്തുകളില്ല. നദീമുഖത്തുനിന്നു 60 നാഴികയോളം ഉള്ളിലേക്കു ചെറു കപ്പലുകൾക്കു ചെല്ലാം.

ഡക്കാനിലെ മററു നദികളെല്ലാം പശ്ചിമഘട്ടത്തിൽനിന്നുത്ഭവിച്ചു ബങ്കാൾ ഉൾക്കടലിലാണ് ഒഴുകിച്ചേരുന്നത്. മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, എന്നിവയാണു പ്രധാനമായവ. വടക്കൻപെന്നാർ, പാലാർ, തെക്കൻപെന്നാർ, വൈഗൈ, താമ്രവർണ്ണി മുതലായവ ചെറുനദികളാണ്. ഭൂപടത്തിൽ ഇവയെ കണ്ടുപിടിക്കുക.

മഹാനദി. ബീഹാറിലെ ഉന്നതഭൂമിയിൽനിന്നുത്ഭവിക്കുന്നു. ഇതിൻെറ ഡൽററ വളരെ വിസ്തീർണ്ണമുള്ളതാണ്. നദി ശാഖകളായി പിരിയുന്ന സ്ഥലത്താണു കട്ടാക്ക്നഗരം സ്ഥിതിചെയ്യുന്നത്. മഴക്കാലത്തു നദിയിൽ വെള്ളപ്പൊക്കംമൂലം വലിയ നാശങ്ങൾ സംഭവിക്കാറുണ്ട്.

ഗോദാവരി. ഡക്കാനിൽവെച്ച് ഏററവും വലിയ നദിയാണ്. ബോംബെ സംസ്ഥാനത്തിലുള്ള 'നാസിക്കി'ന്നു സമീപം ഉത്ഭവിക്കുന്നു. ഈ നദിയുടെ ഡൽററയിൽ കൃഷിചെയ്തുവരുന്ന പുകയില വളരെ വിശേഷമായതത്രെ. ധവളേശ്വരത്തു നദിയിൽ ഒരു അണക്കെട്ടുണ്ട്. കോക്കനദ എന്ന തുറമുഖം കിടക്കുന്നതെവിടെ?

കൃഷ്ണ. പശ്ചിമഘട്ടത്തിൽനിന്നുത്ഭവിച്ചു കുറെ ദൂരം കിഴക്കോട്ടൊഴുകിയശേഷം തെക്കോട്ടുതിരിഞ്ഞു ബജവാഡയ്ക്കു സമീപം ശാഖകളായിപ്പിരിഞ്ഞു കടലിൽ പ്രവേശിക്കുന്നു. ബജവാഡയിൽ ഈ നദിയിൽ ഒരു അണക്കെട്ടുണ്ട്. തുംഗ, ഭദ്ര, എന്ന രണ്ടു നദികൾ കൂടിച്ചേർന്നുണ്ടായ തുംഗഭദ്ര ഇതിൻെറ മുഖ്യ പോഷകനദിയാണ്. മസൂലിപട്ടണമെന്നതുറമുഖം കൃഷ്ണയുടെ ഒരു ശാഖാമുഖത്താണു സ്ഥിതി ചെയ്യുന്നതു്.

പെന്നാർ, പാലാർ, കാവേരി. ഇവ മൂന്നും മൈസൂരിൽക്കൂടിയാണ് അധികദൂരവും ഒഴുകുന്നതു്. നദിയിൽ നിങ്ങൾ തുരുത്തുകണ്ടിട്ടുണ്ടോ? ശ്രീരംഗപട്ടണവും, ശിവസമുദ്രവും, കാവേരിനദിയിലുള്ള തുരുത്തുകളാണ്. ശിവസമുദ്രത്തിന്നടുത്തു കാവേരിയിലുള്ള വെള്ളച്ചാട്ടമാണു 'ശിവസമുദ്രം ജലപാതം'. ഈ ചാട്ടത്തിൽനിന്നു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു മൈസൂരിലും മററും വിളക്കു കത്തിപ്പാനും, യന്ത്രശാലകൾ നടത്തുവാനും ഉപയോഗപ്പെടുത്തുന്നു. ഭദ്രാവതിയിലെ ഇരിമ്പുവ്യവസായവും, കോലാറിലെ സ്വർണ്ണഖനനവും, എള്ളുപ്പത്തിലും ആദായത്തിലും നടത്തിവരുന്നതു് ഈ വെള്ളച്ചാട്ടത്തിൻെറ മഹിമകൊണ്ടാണ്. മൈസൂരിലെ എഞ്ജിനിയർ-ദിവാനായിരുന്ന സർ എം. വിശ്വേശ്വരയ്യാ എന്ന മഹാനാണ് ഏതാദൃശമായ പ്രവൃത്തികൾമൂലം ആ രാജ്യത്തെ നാട്ടുരാജ്യ

ങ്ങളുടെ മുന്നണിയിലേക്കു കൊണ്ടുവന്നവരിൽ പ്രഥമഗ ണനീയൻ.

കാവേരിക്കും ഭവാനി, നൊയ്യാർ, അമരാവതി എന്നു മൂന്നു പോഷകനദികളുണ്ടു്. കാവേരിയും ശാഖകളായിപ്പി രിയുന്നു. ഉത്തരശാഖയ്ക്കു കൊളറൂൺ (കൊള്ളടം) എന്നും, ദക്ഷിണശാഖയ്ക്കു കാവേരിയെന്നും പേർ.

തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ എന്നീ ജില്ലകളിൽക്കൂ ടി ഒഴുകിയ ശേഷം നദി സമുദ്രത്തിൽ പ്രവേശിക്കുന്നു. തഞ്ചാവൂർ ജില്ലയെ കാവേരിയുടെ ഡൽററയായി കണ ക്കാക്കാം. പണ്ടുപണ്ടുണ്ടായിരുന്ന തഞ്ചാവൂരിലെ രാജാ ക്കന്മാർ കാവേരിഡൽററയിൽ അനവധി നീർച്ചാല കരം നിർമ്മിച്ചു കൃഷിക്കുവേണ്ടിയ സൌകര്യങ്ങരം ചെയ്തു കൊടുത്തിരുന്നു. തന്നിമിത്തമുണ്ടായിത്തീൎന്ന സസ്യസമൃ ദ്ധികൊണ്ടായിരിക്കണം തഞ്ചാവൂരിനെ 'ദക്ഷിണേന്ത്യയി ലെ ഉദ്യാനം' എന്നു വിളിച്ചുവന്നിരുന്നതു്. കാലാന്തര ത്തിൽ നീർചാലുകരം തൂൎന്നുവന്നു കൎഷകന്മാരുടെ സ്ഥിതി വളരെ കഷ്ടത്തിലായി. എന്നാൽ അടുത്തകാലത്തു സർ സി. പി. രാമസ്വാമിഅയ്യരുടെ ഉത്സാഹത്താൽ മദ്രാ സ് ഗവമ്മേണ്ടു' അനേകലക്ഷം ഉറുപ്പിക വ്യയംചെയ്തു മേററൂർ എന്ന സ്ഥലത്തു ചിറകെട്ടി നീർചാലുകരം നിർമ്മിച്ചു് അനേകായിരം ഏക്കർ സ്ഥലത്തു നെൽകൃഷി ക്കു സൌകര്യമുണ്ടാക്കിക്കൊടുത്തിരിക്കുന്നു. ഈ ചിറ യ്ക്കാണു നാം 'മേററൂർ പ്രോജെക്ടു്' എന്നു പറയുന്നതു്.

വൈഗൈ. രാമേശ്വരത്തിന്നു സമീപം കടലിൽ ചേരുന്നു. പെരിയാററിൽ ചിറകെട്ടി കുഴലുകരം മാർ ഗ്ഗമായി ഈ നദിയിലേക്കു വെള്ളം തിരിക്കുന്നു. തന്നിമി ത്തം നദീതീരത്തിൽ കൃഷിക്കു വെള്ളം ലഭിക്കുന്നു. ആലു വാപ്പുഴക്കു പെരിയാർ എന്നും പേരുണ്ടു്.

താമ്രവണ്ണി. തെക്കെ ഇന്ത്യയിലെ ഏററവും ചെറിയ നദിയാണ്. ഇതിൽ കുത്താലം, പാപനാശം എന്ന സ്ഥലങ്ങളിൽവെള്ളച്ചാട്ടങ്ങളുണ്ട്.

പശ്ചിമഘട്ടത്തിൽനിന്നുത്ഭവിച്ച് അസംഖ്യം ചെറുനദികൾ അറബിക്കടലിലേക്കൊഴുകിപ്പോരുന്നുണ്ട്. മിക്കവയും വേഗത്തിലൊഴുകുന്നവയും, വേനൽക്കാലത്തു വരണ്ടു പോകുന്നവയുമാണ്. മലയിൽനിന്നു മരത്തടികൾ ഒഴുക്കുവാനാണ് അവയെക്കൊണ്ടു മുഖ്യപ്രയോജനം.

ബമ്മയെ ഇന്ത്യയുടെ ഒരു ഭാഗമായിപറയാറുണ്ട്. ആ രാജ്യത്തെ മുഖ്യനദികളാണ് ഐരാവതി, സിററാങ്ങ്, സാൽവിൻ, എന്നിവ. മഴകൊണ്ടും മഞ്ഞുരുകിയും അവയിൽ ജലസമൃദ്ധിയുണ്ട്. നദീതീരങ്ങളിലും, ഡൽററകളിലും സമൃദ്ധിയായി നെല്ലും പുകയിലയും കൃഷിചെയ്തുവരുന്നതുമുണ്ട്. ഗതാഗതത്തിന്ന് അവ ഉപകരിക്കുന്നു.

ദക്ഷിണേന്ത്യയിലെ നദികൾ വരൾച്ചയുള്ള ഡക്കാനിൽക്കൂടിയാണല്ലൊ ഒഴുകിപ്പോകുന്നത്. പശ്ചിമഘട്ടത്തിൽ മഴപെയ്യുമ്പോഴാണ് അവ ജലസമ്പൂർണ്ണമായിരിക്കുക. മററു കാലങ്ങളിൽ മിക്കവയും വററിപ്പോകുന്നു. അതിനാലാണ് അവയിൽ പലേടങ്ങളിലും അണക്കെട്ടുകൾ കാണുന്നത്.

എന്നാൽ ഉത്തരേന്ത്യയിലെ നദികൾ വളരെ വലിയവയും ഏതു കാലത്തും ജലസമൃദ്ധിയുള്ളവയുമാണ്. വേനൽക്കാലത്ത് ഹിമാലയത്തിലെ മഞ്ഞുരുകിയും, മഴക്കാലത്തു വൃഷ്ടിപാതം മൂലവും വെള്ളം സുഭിക്ഷമാണ്. മഴ അധികം പെയ്യാത്ത പ്രദേശത്തുകൂടി ഒഴുകുന്ന സിന്ധുവിൽ അണകെട്ടി തീരങ്ങളിൽ കൃഷി നടത്തിവരുന്നു. ഇ

പ്രകാരം ഉത്തരേന്ത്യയിലേയും ദക്ഷിണേന്ത്യയിലേയും നദികഠം വ്യത്യാസപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 7

കാലാവസ്ഥ

I

കാലാവസ്ഥ എന്ന പദത്തിന്നു ശീതോഷ്ണസ്ഥിതി എന്നാണു സാധാരണ അത്ഥം പറയാറുള്ളതു്. ഒരു രാജ്യത്തിൻെറ ശീതോഷ്ണസ്ഥിതിയാകട്ടെ പലേ സംഗതികളേയും ആശ്രയിച്ചിരിക്കും. ഏതൊരു രാജ്യത്തിൻെറ സ്ഥിതിയെ നോക്കുന്നതായാലും എല്ലാ പ്രദേശങ്ങളിലും ഒരേ തോതിൽ ചൂടോ തണുപ്പോ കണ്ടുവരുന്നില്ല. ചില പ്രദേശങ്ങഠം അതിവൃഷ്ടിയുള്ളതും മററുചിലവ അനാവൃഷ്ടിയായതും, വേറെ ചിലവ അല്പം വൃഷ്ടി മാത്രമുള്ളതുമായിരിക്കുന്നു. അത്യുഷ്ണവും, അതിശൈത്യവും, മിതോഷ്ണമായതുമായ പ്രദേശങ്ങളും കണ്ടുവെന്നു വരാം. ഇതിന്നെല്ലാം ചില കാരണങ്ങളുണ്ടു്. കാരണമില്ലാതെ കാൎയ്യം സംഭവിക്കുകയില്ലല്ലൊ.

താഴെ കൊടുത്തിരിക്കുന്ന സംഗതികഠംക്കു കാരണം ഇന്നിന്നതെന്നു നിങ്ങഠം ഊഹിച്ചു പറയുവിൻ.

(1) കടലിന്നടുത്തു കിടക്കുന്ന എറണാകുളം അകന്നു കിടക്കുന്ന തൃശ്ശൂരിനെക്കാഠം വേനൽക്കാലത്തു കുളൎമ്മയുള്ളതാണു്.

(2) വേനൽക്കാലത്തു് എറണാകുളത്തെക്കാഠം ഊട്ടിയിലാണു് അധികം സുഖം.

വൃഷ്ടിപാതം—സ്വാഭാവികതടങ്ങൾ.



തെക്കുപടിഞ്ഞാറൻ വർഷവാതങ്ങൾ

(3) ഇടവത്തിൽ പശ്ചിമതീരത്തു മഴപെയ്യുമ്പോൾ മദ്രാസിലുള്ളവർ ഉഷ്ണംകൊണ്ടു വല്ലാതെ കുഴങ്ങുന്നു.

(4) ഡക്കാൻ പീഠഭൂമി സമുദ്രതീരത്തെക്കാൾ വരൾച്ച കൂടിയതാണു്.

(5) മലബാറിലും ബർമ്മയിലും ഒരേ കാലത്താണു മഴ. സിലോൺദ്വീപിൽ ഇടവത്തിലും തുലാത്തിലും മഴയുണ്ടു്.

(6) രാജപുത്താനയിൽ മഴ കുറവാണു്. അതിന്റെ വടക്കുപടിഞ്ഞാറുള്ള പ്രദേശം മരുഭൂമിയാണു്.

(7) യൂറോപ്പിലുള്ളവർ രോമക്കുപ്പായവും, ഇന്ത്യക്കാർ പരുത്തിവസ്ത്രങ്ങളും ധരിച്ചുവരുന്നു.

നിങ്ങൾ പക്ഷേ ആലോചിച്ചു ബുദ്ധിമുട്ടിയിരിക്കാം. ചിലതിന്നെല്ലാം കാരണം എളുപ്പത്തിൽ മനസ്സിലാക്കാം. കടൽക്കാററു് എറണാകുളത്തു കിട്ടുന്നതിനാൽ അവിടെ തൃശ്ശൂരിനെക്കാൾ ചൂടു കുറഞ്ഞിരിപ്പാൻ ന്യായമുണ്ടു്. ഊട്ടി നീലഗിരിയിലുള്ള നഗരമാണു്. ഉയരമുള്ള പ്രദേശമാകയാൽ അവിടെ മൈതാനഭൂമിയിൽ കിടക്കുന്ന എറണാകുളത്തെക്കാൾ കുളിർമ്മയുണ്ടാകും. എടവമാസത്തിൽ അറബിക്കടലിൽനിന്നു വീശുന്ന നീരാവിമയമായ കാററുകളെ പശ്ചിമഘട്ടം തടഞ്ഞു നമുക്കു സമൃദ്ധിയായി മഴയെ നൽകുന്നു. എന്നാൽ ഈ വർഷവാതങ്ങൾക്കു ഡക്കാനിലേയ്ക്കു യഥേഷ്ടം പ്രവേശിപ്പാൻ തരമില്ലായ്കയാൽ ഡക്കാൻ വരണ്ടഭൂമിയായിരിക്കുന്നു. എടവത്തിൽ ബങ്കാൾ ഉൾക്കടലിൽനിന്നും വർഷവാതങ്ങളടിക്കുന്നുണ്ടു്. പക്ഷേ അവ വടക്കുകിഴക്കോട്ടാണടിക്കുന്നതു്. അതിനാൽ പൂർവ്വതീരത്തിൽ അവ തട്ടായ്കയാൽ അപ്പോൾ അവിടെ മഴ ലഭിക്കുന്നില്ല. ഈ കാററുകൾ ബർമ്മയിൽചെ

ന്നടിച്ച് അവിടെ വൃഷ്ടിയെ നൽകുകയും ചെയ്യുന്നു. തുലാവൎഷക്കാററു കിഴക്കുനിന്നു വരുന്നവയാണ്. അപ്പോൾ പൂൎവ്വതീരത്തു മഴ കിട്ടും. ഡക്കാനിലും മഴയുണ്ടാകുന്നു. സിലോണാകട്ടെ, എടവത്തിലും തുലാത്തിലും വീശുന്ന മഴക്കാറേറൽക്കാൻ സൌകൎയ്യമുള്ള ഒരു സ്ഥാനത്താണല്ലോ കിടക്കുന്നത്.

രാജപുത്താനയിലേക്ക് എടവത്തിൽ പടിഞ്ഞാറൻ വാൎഷികക്കാററടിക്കായ്കയല്ല. അവിടെയുള്ള 'അറാവല്ലി കുന്നുകൾ'ക്ക് ഈ കാററുകളെ തടയുവാൻ സാധിക്കായ്കയാണ്. പ്രസ്തുത കുന്നുകളുടെ കിടപ്പിനെ ഭൂപടം നോക്കി മനസ്സിലാക്കുക.

ശൈത്യമധികമുള്ളപ്പോളാണല്ലോ നാം ഫ്ലാനൽ കുപ്പായം ധരിക്കുന്നത്. യൂറോപ്യന്മാർ രോമക്കുപ്പായം ധരിക്കുന്നുണ്ടെങ്കിൽ അവിടെ ഇന്ത്യയിലേക്കാൾ തണുപ്പു കൂടുതലായിരിക്കണം. അതു വാസ്തവവുമാണ്. ഭൂമിയുടെ മദ്ധ്യഭാഗത്തിന്നടുത്താണല്ലോ സൂൎയ്യോഷ്ണം അധികമുണ്ടാവുക. അതിനാൽ ഭൂമദ്ധ്യരേഖാപ്രദേശത്തു കിടക്കുന്ന നമ്മുടെ രാജ്യത്തു് അകന്നുകിടക്കുന്ന യൂറോപ്പിനെക്കാൾ ചൂടു കൂടുതലാണ്. ശീതോഷ്ണമേഖലയെക്കാൾ ഉഷ്ണമേഖലയിൽ ചൂടു കൂടുതലായിരിക്കുമെന്നു നിങ്ങൾക്കറിയാം. അതിനാൽ നാം പരുത്തികൊണ്ടും, യൂറോപ്യന്മാർ രോമംകൊണ്ടുമുള്ള വസ്ത്രങ്ങൾ ധരിച്ചുവരുന്നു.

മലബാറിൽ മഴകിട്ടുമ്പോൾത്തന്നെയാണു ഗംഗാതാഴ്വരയിലും ബൎമ്മയിലും മഴപെയ്യുന്നത്. വൎഷവാതങ്ങൾ നേരെ ചെന്നടിക്കുന്ന ആസ്സാമിൽ ബങ്കാളിലേക്കാൾ അധികം വൃഷ്ടിപാതമുണ്ട്. ബങ്കാളിൽനിന്നു നാം വടക്കുപടിഞ്ഞാറായി പഞ്ചാബിലേക്കു യാത്രചെയ്യുന്നതായാൽ മഴ ക്രമത്തിൽ കുറഞ്ഞുകുറഞ്ഞുവരുന്നതായി

കാണാം. രാജപുത്താനയുടെ വടക്കുപടിഞ്ഞാറുള്ള പ്രദേശം വർഷവാതങ്ങളേല്ക്കായ്കയാൽ ഒരു മരുഭൂമിയായി പരിണമിച്ചിരിക്കുന്നു.

II

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികളിൽനിന്നു നിങ്ങൾക്കു ചിലതെല്ലാം നിഷ്പ്രയാസം അനുമാനിക്കാം. ഒരു രാജ്യത്തെ കാലാവസ്ഥ ആശ്രയിച്ചിരിക്കുന്നതു്, 1. സമുദ്രനിരപ്പിൽനിന്നു രാജ്യത്തിന്റെ ഉയരം, 2. സമുദ്രസാമീപ്യം, 3. കാററുകളുടെ ഗതിരീതി, 4. പർവ്വതങ്ങളുടെ കിടപ്പു്, 5. രാജ്യം കിടക്കുന്ന മേഖല, (ഭൂമദ്ധ്യരേഖയിൽനിന്നു രാജ്യത്തിന്റെ ദൂരം) മുതലായ സംഗതികളെയും മററുമാണ്.

വൃഷ്ടിപാതത്തെ നോക്കുന്നതായാൽ ഇന്ത്യയെ സുമാർ താഴെ പറയുന്നപോലെ ഭാഗിക്കാവുന്നതാണ്. 1. അതിവർഷമുള്ള പശ്ചിമതീരം, ആസ്സാം, ബങ്കാൾ, ബർമ്മ, ഗംഗാതാഴ്വര. 2. മിതമായി മഴകിട്ടുന്ന പൂർവ്വതീരം. 3. പൂർവ്വതീരത്തേക്കാൾ മഴകുറവായ ഡക്കാൻ. 4. അല്പംമാത്രം മഴയുള്ള രാജപുത്താന, സിണ്ഡ്. 5. മഴ തീരെയില്ലാത്ത 'താർ' മരുഭൂമി.

പൂർവ്വതീരവും, പശ്ചിമതീരവും കടൽക്കാററുമൂലം അധിവസിപ്പാൻ സുഖമായ പ്രദേശങ്ങളാണ്. ഡക്കാൻ പീഠഭൂമി മഴ കുറവാകയാൽ ചൂടും വരൾച്ചയുമുള്ളതായിരിക്കുന്നു. സിന്ധുഗംഗാസമനിലം വൃഷ്ടിപാതമുള്ളതാണെങ്കിലും സമുദ്രത്തിൽനിന്നു് അകന്നുകിടക്കുന്നതിനാൽ വേനൽക്കു് അത്യുഷ്ണവും, ശീതകാലത്തു് അതിശൈത്യവുമുള്ളതായിരിക്കുന്നു. ഹിമാലയൻപാർശ്വങ്ങളിൽ വേനൽക്കാലത്തു കുളൎമ്മയുണ്ടാകും, എന്നാൽ ശീതകാലം ദുസ്സ

ഷമായ ശൈത്യബാധയോടുകൂടിയതാണ്. രാജപുത്താന, സിണ്ട്, താർ എന്നീ പ്രദേശങ്ങൾ അത്യുഷ്ണമുള്ളവയാണ്. ഇങ്ങിനെ ഓരോ പ്രദേശവും വ്യത്യാസപ്പെട്ട കാലാവസ്ഥയോടുകൂടിയിരിക്കുന്നുവെങ്കിലും പൊതുവിൽ പറയുന്നതായാൽ ഇന്ത്യ വളരെ ഉഷ്ണമുള്ള രാജ്യമാണെന്നു പറയാതെ തരമില്ല. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നു മൂന്നായി ഒരു സംവത്സരത്തെ നമുക്കു ഭാഗിക്കാം. എടവംമുതൽ തുലാംവരെ മഴക്കാലവും, തുലാംമുതൽ മകരംവരെ മഞ്ഞുകാലവും, മകരംമുതൽ മേടംവരെ വേനൽക്കാലവുമാണ്.

അഭ്യാസം:—കാരണം പറയുക: (1) വിഷു കഴിഞ്ഞാൽ മലബാറിൽ വിഷുവിതയ്ക്കുന്നു. (2) ഡക്കാൻ പീഠഭൂമിയിൽ ഏരികൾ അധികമുണ്ട്. (3) മദ്രാസിലെപ്പോലെ മലബാറിൽ വെണ്മാടങ്ങൾ കെട്ടിയുണ്ടാക്കാറില്ല. (4) പഞ്ചാബ്, കരനാടകം മുതലായ പ്രദേശങ്ങളിലെ നദികളിൽ വളരെ അണക്കെട്ടുകളുണ്ട്.

—...—

അദ്ധ്യായം 8

--*--

സ്വാഭാവികതടങ്ങൾ

ചക്കയും മാങ്ങയും നമ്മുടെ നാട്ടിൽ ധാരാളമായുണ്ടാകുന്നുണ്ടല്ലൊ. മധുരനാരങ്ങയും മുന്തിരിങ്ങയും ഉണ്ടാകുന്നുണ്ടൊ? മലബാറിൽ നെൽകൃഷിചെയ്യുന്നപോലെ അത്ര ധാരാളമായി പഞ്ചാബിൽ കോതമ്പു കൃഷിചെയ്തുവരുന്നു. നീലഗിരി, ആസ്സാം, സിലോൺ, എന്നീ ദിക്കുക

ളിൽ ചായ സുലഭമാണു്. സമുദ്രതീരത്തിൽ തെങ്ങു വളരുന്നമാതിരി ഡക്കാനിൽ കാണുന്നില്ല. ഡക്കാനിൽ പരുത്തിത്തോട്ടങ്ങളുണ്ടു്. ഉഴുന്നു, മുതിര, നിലക്കടല, മുതലായവയും സമൃദ്ധിയായി കൃഷിചെയ്യാം. എന്നാൽ മലബാറിൽ അത്ര സാദ്ധ്യമല്ല.

ചില പദാൎത്ഥങ്ങൾ പ്രത്യേകം ചില സ്ഥലങ്ങളിൽ മാത്രം ഉണ്ടാകാൻ കാരണമെന്തു്? ഒരേ തോതിൽ ചൂടു്, തണുപ്പു, മഴ, എന്നിവ ലഭിക്കുന്ന സ്ഥലങ്ങളിലെ ഉൽപ്പന്നങ്ങൾ ഒരേമാതിരിയുള്ളവയായിരിക്കും. അതായതു കാലാവസ്ഥയെ ആശ്രയിച്ചാണു സസ്യങ്ങളുമിരിക്കുക എന്നു താല്പൎയ്യം. കാലാവസ്ഥ വ്യത്യാസപ്പെടുന്നതോടു കൂടി സസ്യങ്ങളും വ്യത്യാസപ്പെടുന്നതാണെന്നു് ഓൎമ്മ വെക്കണം.

ഇങ്ങിനെ ഓരോതരത്തിലുള്ള കാലാവസ്ഥയാലും, അതിന്നനുരൂപങ്ങളായ ഉൽപ്പന്നങ്ങളാലും ഒന്നോടൊന്നു വ്യത്യാസപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളെയാണു നാം 'സ്വാഭാവികതടങ്ങൾ' എന്നു പറഞ്ഞുവരുന്നതു്.

ഇന്ത്യയുടെ നാനാപ്രദേശങ്ങളിലുമുള്ള കാലാവസ്ഥ, വൃഷ്ടിപാതം, ഉൽപ്പന്നങ്ങൾ, എന്നിവയെ അടിസ്ഥാനമാക്കി നമുക്കു രാജ്യത്തെ സ്വാഭാവികതടങ്ങളായി താഴെ പറയുന്നമാതിരി ഭാഗിക്കാം.

(1) ഹിമാലയൻപ്രദേശം. (2) സിന്ധുഗംഗാസമനില. (3) ഡക്കാൻ പീഠഭൂമി. (4) സമുദ്രതീരങ്ങൾ (പശ്ചിമതീരവും പൂൎവ്വതീരവും) (5) താർ മരുഭൂമി. (6) ബൎമ്മ. ഇവയെപ്പററി കുറഞ്ഞൊന്നാലോചിക്കാം.

<u>ഹിമാലയൻ പ്രദേശം.</u> ഉയരംനിമിത്തം തണുപ്പുള്ളതും മഞ്ഞുറച്ചുകിടക്കുന്ന ഗിരിശിഖരങ്ങളോടുകൂടിയതും, വർഷസമൃദ്ധികൊണ്ടു കാടുകൾനിറഞ്ഞ പ

വ്വതപാർശ്വങ്ങളോടു കൂടിയതുമായ പ്രദേശമാണ്. തണുപ്പുള്ള പാർശ്വങ്ങളിൽ ചായയും കോതമ്പും മററും ചിലേടങ്ങളിൽ കൃഷിനടത്തിവരുന്നു.

(2) സിന്ധുഗംഗാസമനിലം. മലമ്പ്രദേശത്തിന്നു തെക്കായി കിഴക്കുപടിഞ്ഞാറു 1500 നാഴിക നീളത്തിൽ വ്യാപിച്ചുകിടക്കുന്നു. സിന്ധുനദീമുഖം മുതൽ ഗംഗാമുഖം വരെയുള്ള ഈ പ്രദേശമാണു ഹിന്തുസ്ഥാനം. കഠിനമായ ചൂടും സമൃദ്ധിയായി മഴയുമുള്ളതായ ഈ മൈതാനം നാനാതരത്തിലുള്ള ഉൽപ്പന്നങ്ങളുടെ വിളനിലമാണ്. ഇവിടെയുണ്ടാകുന്നപോലെ ഭക്ഷ്യപദാത്ഥങ്ങൾ ഇന്ത്യയിൽ മററാരേടത്തും വിളയുന്നില്ല. കോതമ്പ്, നെല്ലു, കരിമ്പ്, എണ്ണവിത്തുകൾ, മുതലായ പലേ സാധനങ്ങളും കൃഷി ചെയ്തുവരുന്നു.

(3) ഡക്കാൻ. സിന്ധുഗംഗാസമനിലത്തിന്നും രണ്ടു ഘട്ടങ്ങൾക്കും ഇടയിലായി വ്യാപിച്ചുകിടക്കുന്ന ഡക്കാൻ പീഠഭൂമി വളരെ ചൂടും വരൾച്ചയുമുള്ളതും അല്പംമാത്രം മഴ കിട്ടുന്നതുമായ പ്രദേശമാണ്. കൃഷിക്കു അധികം വെള്ളം ആവശ്യമില്ലാത്ത (മില്ലെററ്സ്) ചോളം, റാഗി, മുതലായവയും, നിലക്കടല, പരുത്തി എന്നിവയും കൃഷി ചെയ്യപ്പെടുന്നു. വെള്ളം സുലഭമായ പ്രദേശങ്ങളിൽ നെല്ല്, കരിമ്പു, പുകയില, മുതലായവ വളരുന്നുണ്ട്.

(4) സമുദ്രതീരങ്ങൾ. പശ്ചിമതീരത്തിൽ നെൽകൃഷിക്കു വേണ്ടുന്നത്ര മഴയും ചൂടുമുണ്ട്. തെങ്ങും സമൃദ്ധിയായി വളരുന്നു. പൂവ്വതീരത്തു് പശ്ചിമതീരത്തെപ്പോലെ മഴയില്ല. അതിനാൽ നദികളുടെ ഡൽററകളിലാണു നെൽ കൃഷിചെയ്തുവരുന്നതു്.

(5) താർ. മരുഭൂമിയാകയാൽ ഒന്നും വളരുന്നില്ല. സിണ്ടിൽ സിന്ധുനദീതീരത്തിൽ നെല്ലും, പരുത്തിയും കൃഷിചെയ്യാം.

(6) ബർമ്മ. ഇതിനെ 7 സ്വാഭാവികതടങ്ങളായി ഭാഗിക്കാം. അവയെപ്പററി വിശദമായി ഇപ്പോൾ പഠിക്കേണ്ടാവശ്യമില്ല. വളരെ ചൂടും, അതിവൃഷ്ടിയുമുള്ള രാജ്യമാണ്. ഐരാവതിയുടെ തീരങ്ങളിലും, മുക്കോൺതുരുത്തിലും, നദീതാഴ്വരകളിലും, നെല്ലും പുകയിലയും കൃഷിചെയ്തുവരുന്നു. മലകളിൽ മരങ്ങൾ (തേക്കു) സുലഭമാണു. സമുദ്രതീരത്തിൽനിന്ന് ഉള്ളിലേക്കുചെല്ലുമ്പോൾ മഴ കുറവായിവരുന്നതുകാണാം.

—*—

അദ്ധ്യായം 9

ഉത്പ്പന്നങ്ങൾ

ഒരു രാജ്യത്തിലെ ഉൽപ്പന്നങ്ങൾ അവിടത്തെ കാലാവസ്ഥയെയും വൃഷ്ടിപാതത്തെയും ആശ്രയിച്ചാണല്ലൊ ഇരിക്കുക. ചൂടും മഴയും ഇന്ത്യയുടെ നാനാഭാഗങ്ങളിലും ഏറക്കുറെ വ്യത്യാസപ്പെട്ടിരിക്കെ നാനാതരത്തിലുള്ള സസ്യങ്ങൾ ഇവിടെ വളരുന്നതാണെന്നു അനുമാനിക്കാം.

ഉൽപ്പന്നങ്ങളെ ഭക്ഷണദ്രവ്യങ്ങളായിട്ടും, സുഖജീവിതത്തിന്നുതകുന്നവയായിട്ടും, വ്യവസായദ്രവ്യങ്ങളായിട്ടും വേർതിരിക്കാവുന്നതാണ്. നെല്ലു, കോതമ്പു, വരക് മുതലായവ ഭക്ഷ്യപദാർത്ഥങ്ങളാണ്. പഞ്ചസാര, കാപ്പി, ചായ, മുതലായവയെ രണ്ടാമത്തെ വകുപ്പിലുൾപ്പെട

ത്താം. വ്യവസായദ്രവ്യങ്ങളായി പരുത്തി, ചണ, റബ്ബർ, മുതലായവയെ കണക്കാക്കാം.

നമ്മുടെ മുഖ്യമായ ഭക്ഷണമാണു നെല്ല്. നെല്ലാണ് ഇന്ത്യയിൽ മുഖ്യമായ കൃഷിയും. ചൂടും, ധാരാളം വെള്ളവും, നെൽകൃഷിക്കത്യന്താപേക്ഷിതമാണ്. അതിനാൽ മലബാർ, ബങ്കാളം, ബമ്മ, പൂൎവ്വതീരത്തുള്ള മുക്കോൺതുരുത്തുകൾ എന്നിവിടങ്ങളിൽ നെൽ കൃഷിചെയ്തുവരുന്നു. ഡക്കാനിൽ നദീതീരങ്ങളിൽ ചിറകൾ, ഏരികൾ മുതലായവയുടെ സഹായത്താൽ നെല്ലു കൃഷിചെയ്യുന്നുണ്ട്.

<u>കോതമ്പ്</u>. നെല്ലിനെപ്പോലെ വെള്ളമാവശ്യമില്ലെങ്കിലും കുളൎമ്മ അധികം വേണ്ടിയിരിക്കുന്നു. അതിനാൽ പഞ്ചാബിലും ഗംഗയുടെയും യമുനയുടെയും തീരങ്ങളിൽ ചിലേടത്തും കൃഷിചെയ്യുന്നുണ്ട്.

<u>ചോളം, മുത്താറി, വരക്</u>. വരൾച്ചയുള്ള പ്രദേശങ്ങളിലാണിവ കൃഷിചെയ്തുവരുക. ഡക്കാനിൽ ധാരാളം വളരുന്നുണ്ട്.

<u>ചായ</u>. ഇതൊരുചെടിയുടെ ഇലയാണ്. കുളൎമ്മയുള്ള മലഞ്ചരിവുകളിൽ നല്ലപോലെ വളരുന്നുണ്ട്. ഇടയ്ക്കിടയ്ക്കു മഴ കിട്ടിയാൽ മതിയാകുന്നതാണ്. ആസ്സാം, നീലഗിരി, സിലോൺ, എന്നീ ദിക്കുകളിൽ വലിയ ചായത്തോട്ടങ്ങളുണ്ട്. പശ്ചിമഘട്ടത്തിൽ പലേ സ്ഥലങ്ങളിലും (തിരുവിതാംകൂർ, കൊച്ചി) ഇയ്യിടെ ചായത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

<u>കാപ്പി</u>. മലഞ്ചരിവുകളിൽ സമൃദ്ധിയായി വളരുന്നു. പശ്ചിമഘട്ടത്തിലും മൈസൂരിലും അസംഖ്യം തോട്ടങ്ങളുണ്ട്.

<u>കരിമ്പ്</u>. വെള്ളവും ചൂടുമാവശ്യമാകയാൽ കൃഷിക്കു സൌകൎയ്യമുള്ള മിക്കസ്ഥലങ്ങളിലും കരിമ്പുകൃഷിചെ

യ്യാൻ സാദ്ധ്യമാണ്. ഗംഗാതാഴ്വരയിൽ ഐക്യസംസ്ഥാനങ്ങളിലും, ബങ്കാളം, ബീഹാർ, ഒറീസ്സ എന്ന സംസ്ഥാനങ്ങളിലും ഡക്കാനിൽ നദീതീരങ്ങളിലും ഡൽററകളിലും കൃഷിചെയ്തുവരുന്നു. പഞ്ചസാരയ്ക്കു് അടുത്തകാലംവരെ നമുക്കന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. എന്നാൽ ഇയ്യിടെയായി കരിമ്പുകൃഷിക്കു് എന്തൊന്നില്ലാത്ത അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്.

പരുത്തി, ചണ, റബ്ബർ, അമരി. ഇന്ത്യയിലെ ഏററവും പ്രധാനമായ ഉൽപ്പന്നങ്ങളിലൊന്നാണ് പരുത്തി. ഒരുതരം കറുത്തമണ്ണുള്ള ഡക്കാനിലെ പലഭാഗങ്ങളിലും, പ്രത്യേകിച്ചും ഡക്കാണിൻെറ വടക്കുപടിഞ്ഞാറുള്ള 'ലാവാ റീജിയൻ' എന്ന പ്രദേശത്തും, ബോംബെ സംസ്ഥാനത്തിലുമാണു കൃഷിചെയ്തുവരുന്നതു്. ഇവിടെ കൃഷിചെയ്തുണ്ടാക്കുന്ന പരുത്തിയിൽ വലിയൊരുഭാഗം ജപ്പാനിലേക്കാണ് ഇന്നു കയററി അയയ്ക്കുന്നതു്. വസ്ത്രങ്ങൾ നമ്മുടെനാട്ടിൽ ധാരാളം ഉണ്ടാക്കിവരാത്തതിനാൽ 60 കോടി ഉറുപ്പികയോളം വിലയ്ക്കുള്ള വസ്ത്രം അടുത്തകാലംവരെ വിദേശങ്ങളിൽനിന്നു് ഇവിടെ ഇറക്കുമതി ചെയ്തിരുന്നു.

ചണ. ബങ്കാളിലും ബീഹാറിലും മാത്രമെ കൃഷിചെയ്തുവരുന്നുള്ളൂ. ചണനൂൽ ഒരു ചെടിയുടെ നാരാണ്. ചാക്കു്, കാൻവാസ് മുതലായവയുണ്ടാക്കാൻ ചണനൂൽ ഉപയോഗിക്കുന്നു. ബങ്കാളിലെ കയററുമതികളിൽ മുഖ്യമായൊന്നാണ് ചണ.

റബ്ബർ. ഒരു മരത്തിൻെറ പശയാണ്. മലഞ്ചരിവുകളിലും മററും റബ്ബർതോട്ടങ്ങൾ വെച്ചുപിടിപ്പിച്ചിരിക്കുന്നു.

അമരി. നീലമരിയെന്ന ചെടിയിൽനിന്നു നീലമെടുത്തിരുന്നു. ഈ ചെടി മദ്ധ്യേന്ത്യയിലും മദ്രാസ് സംസ്ഥാനത്തിലും വളരെ കൃഷിചെയ്തിരുന്നു. എന്നാൽ 'കെമിക്കൽ നീലം' കണ്ടുപിടിച്ചതോടുകൂടി അമരി കൃഷിക്കു അഭിവൃദ്ധി കുറഞ്ഞുവരുന്നു.

എണ്ണവിത്തുകൾ. നിലക്കടലയും എള്ളുമാണ് മുഖ്യമായവ. ആവണക്കും കൃഷിയുണ്ട്. ഗംഗാതാഴ്‌വരയിലും ഡക്കാനിലെ നദീതാഴ്‌വരകളിലും എള്ളുകൃഷി ചെയ്യുന്നുണ്ട്. നിലക്കടല ഡക്കാനിൽ വളരെ അധികം കൃഷിചെയ്യപ്പെട്ടുണ്ടാകുന്നു. ഇന്ത്യയിലെ കയററുമതികളിൽ ഒരു മുഖ്യ ഇനമാണ് എണ്ണവിത്തുകൾ.

പുകയില, കറുപ്പ്. ബങ്കാൾ, ബീഹാർ, ഗോദാവരിയുടെ ഡൽററ, മദ്രാസ് സംസ്ഥാനം, എന്നിവിടങ്ങളിൽ പുകയില കൃഷിചെയ്തുവരുന്നു. കറുപ്പ് മദ്ധ്യേന്ത്യയിലാണ് അധികം കൃഷിചെയ്യുന്നത്. പോപ്പി എന്നൊരു ചെടിയിൽ നിന്നാണ് കറുപ്പെടുക്കുന്നത്. ഈ ലഹരിപദാർത്ഥം പണ്ടു ചൈനയിലേക്കു ഒട്ടധികം കയററി അയച്ചിരുന്നു. കറുപ്പുകയററുമതിയിൽ ഗവമ്മേണ്ടിൽനിന്നു വലിയ നിഷ്കർഷവെച്ചിരിക്കുന്നു. അതിനാൽ ആ കൃഷിയും കുറവായിത്തന്നെ വരുന്നു.

അഭ്യാസം. ഇന്ത്യയുടെ പടം വരച്ച് മുകളിൽ വിവരിച്ചിരിക്കുന്ന ഉൽപ്പന്നങ്ങളുണ്ടാകുന്ന പ്രദേശങ്ങളെ കാണിക്കുക.

അദ്ധ്യായം 10

കാടുകൾ

മുൻ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ഉല്പന്നങ്ങൾ കൃഷിചെയ്തുണ്ടാക്കുന്നവയാണല്ലോ. എന്നാൽ മനുഷ്യപ്രയത്നം കൂടാതെ കാടുകളിൽ സ്വതേ തന്നെ വൃക്ഷങ്ങളും മററനേകം സാധനങ്ങളും ഉണ്ടാകുന്നുണ്ട്.

അത്യുഷ്ണവും അതിവൃഷ്ടിയുമുള്ള രാജ്യങ്ങളിലെല്ലാം വലിയ കാടുകൾ കണ്ടുവരുന്നതാണ്. കാതലുള്ള അനേകതരം വിലപിടിച്ച മരങ്ങൾ വളരുകയും ചെയ്യും. ഇന്ത്യയിലെ കാടുകളിൽ തേക്ക്, വീട്ടി, മുതലായവയും, ചന്ദനം, അകിൽ, മുതലായവയും, മുളയും, പലേ ദിക്കിലും കണ്ടുവരുന്നുണ്ട്.

തേക്കിനെ 'വൃക്ഷരാജാ'വെന്നു പറഞ്ഞുവരുന്നു. മരത്തിൻെറ ഉറപ്പും, ഘനക്കുറവും, ചിതൽ പിടിക്കയില്ലെന്നുള്ള ഗുണവുംകൊണ്ടു പലേ തരത്തിലുള്ള പണിത്തരങ്ങൾക്കായി അതിനെ ഉപയോഗിക്കുന്നു. പശ്ചിമഘട്ടം, ആസ്സാം, ബൎമ്മ, എന്നീ ദിക്കുകളിലെ കാടുകളിലാണ് തേക്കു സമൃദ്ധിയായി വളരുന്നത്.

മുള സാധുക്കൾക്കു പുര പണിയാനും, കടലാസ്സുണ്ടാക്കുവാനുമാണ് ഉപയോഗിക്കുന്നത്. ഇന്ത്യയിലെ മിക്ക കാടുകളും വിശിഷ്യ പശ്ചിമഘട്ടം, ഒറീസ്സ, സണ്ടർബാൻസ്, ബൎമ്മ, എന്നീ സ്ഥലങ്ങളും മുളയുടെ ജന്മഭൂമിയാണ്. ചന്ദനമരം മൈസൂരിലെ കാടുകളിൽ ധാരാളം വളരുന്നു. സൎക്കാരിൽനിന്നു അവിടെയും മദ്രാസ് സംസ്ഥാനത്തിലെ പല കാടുകളിലും വെച്ചുപിടിപ്പിക്കയും

ചെയ്യുന്നു. ചന്ദനമരത്തിൽനിന്ന് എടുക്കുന്ന തൈലമാണ് ചന്ദനതൈലം. മരത്തിന്നു വലിയ വിലയുണ്ടു്. ഒരു റാത്തൽ ചന്ദനമുട്ടിക്കു 12-ണയോളം വിലകൊടുക്കേണ്ടിയിരിക്കുന്നു. മൈസൂർ ചന്ദനത്തിന്നു വില കൂടുവാൻ കാരണം അവിടത്തെ മണ്ണിൻെറ ഗുണംകൊണ്ടു മരത്തിന്നു വാസന കൂടുതലാകകൊണ്ടാണ്.

കാടുകളിൽ മററനേകം തരത്തിലുള്ള വൃക്ഷങ്ങളും വളരുന്നുണ്ടു്. ജാതിക്ക, കടുക്ക, താന്നിക്ക, മുതലായ മരുന്നുകളും, വന്യവൃക്ഷങ്ങളിൽനിന്നുതന്നെ ലഭിക്കുന്നു. തേൻ, മെഴുക്, മുതലായവയും വന്യപദാൎത്ഥങ്ങൾതന്നെയാണ്. ഇതിന്നും പുറമെ മലഞ്ചരിവുകൾ കന്നുകാലികൾക്കു നല്ല മേച്ചിൽസ്ഥലങ്ങളാണ്. മലഞ്ചരിവുകളിൽ തന്നെയാണു വലിയ കാപ്പിത്തോട്ടങ്ങളും, ചായത്തോട്ടങ്ങളും, റബ്ബർത്തോട്ടങ്ങളും വെച്ചുപിടിപ്പിക്കുന്നതു്.

അദ്ധ്യായം 11

മൃഗങ്ങൾ

മൃഗങ്ങളെ കാട്ടുമൃഗങ്ങളെന്നും വീട്ടുമൃഗങ്ങളെന്നും രണ്ടായി വേർതിരിക്കാം. കാട്ടുമൃഗങ്ങളിൽ സിംഹം, പുലി, ആന, മുതലായവയെ ജനസഞ്ചാരമില്ലാത്ത വൻകാടുകളിൽ കണ്ടുവരുന്നു. സിംഹത്തെ ഇപ്പോൾ ഇന്ത്യയിലെ കാടുകളിൽ കണ്ടുവരുന്നില്ല. പുലിയെ മിക്ക കാടു

കളിലും കാണാം. അവ പലേ തരത്തിലും വലുപ്പത്തിലു മുണ്ട്. ബങ്കാളത്തിലെ വനങ്ങളിൽ ആൾപിടിയൻ (Man-eater) എന്നൊരുതരം മനുഷ്യഭക്ഷകളായ വ്യാഘ്ര ങ്ങൾ ധാരാളമുണ്ട്. പുലിത്തോലിന്നു നല്ല വിലയുണ്ട്. വ്യാഘ്രത്തെ വേട്ടയാടി കൊല്ലുന്നവക്ക് സക്കാരിൽനിന്നു ഇനാം കൊടുക്കാറുണ്ട്.

ആനയെ പശ്ചിമഘട്ടത്തിലെ കാട്ടുകളിൽ പലേട ങ്ങളിലും കണ്ടുവരുന്നു. ബമ്മയിലെ കാട്ടുകളിലും ആന കളുണ്ട്. അവയെ വേട്ടയാടി കൊല്ലുവാൻ സക്കാരിൽ നിന്നു അനുവദിക്കുന്നില്ല. ഗവമ്മേണ്ടിൽനിന്നു അവയെ പിടിച്ചു വില്ക്കാറുണ്ട്. ചില പ്രഭുക്കന്മാക്കും ആനവീഴു ന്ന കാട്ടുകളുള്ളതായി നിങ്ങൾക്കറിയാമല്ലൊ. തെക്കെ ഇന്ത്യയിൽ മൈസൂർ, തിരുവിതാംകൂർ, കൊച്ചി, എന്ന മൂന്നു ഗവമ്മേണ്ടിലേക്കും ആനവീഴുന്ന കാട്ടുകളുണ്ട്.

ആഫ്രിക്കയിൽ കൊമ്പിന്നുവേണ്ടി ആനയെ വേട്ട യാടി കൊല്ലാറുണ്ട്. ആനക്കൊമ്പ് വളരെ വിലപിടിച്ച സാധനമാണ്. എന്നാൽ നമ്മുടെ നാട്ടിൽ ആനയെ പി ടിക്കുന്നതു കൊമ്പിന്നുവേണ്ടിയല്ല. അവയെ മെരുക്കി മ നുഷ്യന്നുവേണ്ടി വേലയെടുപ്പിക്കാനാണ്. മരത്തടികൾ പിടിപ്പാനും, ഉത്സവാദ്യാഘോഷങ്ങൾക്കും മനുഷ്യർ അ വയെ ഉപയോഗിക്കുന്നു. പണ്ട് യുദ്ധത്തിന്നു ആനയെ ഉപയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ അങ്ങിനെ ചെ യ്യുന്നില്ല. കാരണമെന്തു്?

കരടി, കാട്ടുപോത്തു്, മാൻ, മുതലായവയേയും മിക്ക കാട്ടുകളിലും കാണാം. മാംസത്തിന്നും തോലിന്നുംവേ ണ്ടി അവയെ വേട്ടയാടി കൊല്ലാറുണ്ട്.

വീട്ടുമൃഗങ്ങളുടെ കൂട്ടത്തിൽപ്പെട്ടവയാണ് ആടുമാടുകൾ, കുതിര, ഒട്ടകം, മുതലായവ. കാളകളേയും, പോത്തുകളേയുമാണല്ലോ കൃഷിവേലക്കു നമ്മുടെ നാട്ടിൽ ഉപയോഗപ്പെടുത്തുന്നതു്. കുതിരയെ സിന്ധുനദീതീരത്തിൽ കണ്ടുവരുന്നതിനാൽ ആയിരിക്കണം അതിന്നു 'സൈന്ധവം' എന്ന പേരുണ്ടായതു്. ഒട്ടകത്തെ പ്രായേണ മരുഭൂമിയായിക്കിടക്കുന്ന വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ കണ്ടുവരുന്നു. വരൾച്ചയുള്ള ഡക്കാൻ പീഠഭൂമിയിൽ രോമത്തിന്നുവേണ്ടി മനുഷ്യർ ആടുകളെ വളത്തിവരുന്നു. ഉത്തരേന്ത്യയിൽ പഞ്ചാബിലും ആടുകൾ ധാരാളമുണ്ടു്. പശുക്കളും എരുമകളും മിക്ക വീടുകളിലും വളത്തപ്പെടുന്നുണ്ടു്.

മൃഗങ്ങളുടെ ജന്മഭൂമി പ്രായേണ അവക്കു വേണ്ടതായ ഭക്ഷണസാധനങ്ങൾ സുലഭമായി കണ്ടുവരുന്ന പ്രദേശങ്ങളായിരിക്കും. പുല്ലു സമൃദ്ധിയായി വളരുന്ന പ്രദേശങ്ങളിൽ കന്നുകാലികളെയാണു് കണ്ടുവരുക. അവയെ കൊന്നു തിന്നുപജീവിക്കുന്ന വന്യമൃഗങ്ങളേയും കാണാവുന്നതാണു്. ചെറുപുല്ലും മുൾച്ചെടികളുമാണു് ആടുകൾക്കു ഇഷ്ടം. ഡക്കാനിലും, ഓസ്ത്രേലിയയിലും മററും ആടുകൾ ധാരാളം കണ്ടുവരുന്നതിൻെറ രഹസ്യമിതാണു്. ഒട്ടകങ്ങളാകട്ടെ മുൾച്ചെടികൾ മാത്രം തിന്നുപജീവിക്കും. വരൾച്ച കൂടുതലുള്ള പ്രദേശങ്ങളിൽ (മരുഭൂമിയുടെ ഓരങ്ങളിൽ) അവയെ കാണാം. മരുഭൂമിയിൽക്കൂടി നിഷ്പ്രയാസം സഞ്ചരിപ്പാൻ യോഗ്യമായ ദേഹപ്രകൃതിയാണു് ദൈവം അവയ്ക്കു നൽകിയിരിക്കുന്നതു്. സസ്യസമൃദ്ധി കൊണ്ടു് നിബിഡമായതും ജലസുഭിക്ഷമുള്ളതുമായ വനങ്ങളാണു് ആനയുടെ ആവാസഭൂമി.

അദ്ധ്യായം 12

ധാതുദ്രവ്യങ്ങൾ

സ്വർണ്ണം, വെള്ളി, കൽക്കരി, മണ്ണെണ്ണ, ഉപ്പ്, മുതലായവ ധാതുദ്രവ്യങ്ങളാണ്. ഇവയെല്ലാം ഭൂമിയിൽനിന്നു കുഴിച്ചെടുക്കപ്പെടുന്നു. ഭൂമിയിൽ എല്ലാ പ്രദേശങ്ങളിലും ധാതുദ്രവ്യങ്ങൾ കണ്ടുവരുന്നില്ലെന്നു നിങ്ങൾക്കറിയാമല്ലോ. ചില ദിക്കുകളിൽ ധാതുദ്രവ്യങ്ങൾ കണ്ടുവരുവാനും മററു ദിക്കുകളിൽ ഇല്ലാതെയിരിപ്പാനും കാരണമെന്താണെന്നറിയാമോ?

ഭൂഗർഭത്തിൽ നാനാതരത്തിലുള്ള ധാതുദ്രവ്യങ്ങളുണ്ടെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. ഭൂമിയുടെ അന്തർഭാഗത്തുള്ള ചൂടുകൊണ്ടും മററനേകകാരണങ്ങൾകൊണ്ടുമാണു ഭൂകമ്പമുണ്ടാകുന്നത്. ഭൂമിക്കു ചലനമുണ്ടാകുമ്പോൾ ചില ഭാഗങ്ങൾ മേല്പോട്ടു പൊന്തുകയും, ചില ഭാഗങ്ങൾ താണുപോകയും ചെയ്യുന്നു. തന്മൂലം ഭൂഗർഭത്തിൽ കിടക്കുന്ന ധാതുദ്രവ്യങ്ങൾ ഭൂപൃഷ്ഠത്തിന്നടുത്തെത്തുകയും ജനങ്ങൾ അവയെ കുഴിച്ചെടുക്കുകയുംചെയ്യുന്നു.

ഇന്ത്യയിൽ പലേ ധാതുദ്രവ്യങ്ങളും സുലഭമായി കണ്ടുവരുന്നുണ്ട്. എന്നാൽ അന്യരാജ്യങ്ങളിലെപ്പോലെ അവയെ ധാരാളമായി ഖനനം ചെയ്തെടുപ്പാൻ തുടങ്ങീട്ടില്ല. ഖനനം ചെയ്തെടുക്കപ്പെടുന്നവയുടെ ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നതിനെ നോക്കിമനസ്സിലാക്കുക.

ധാതുദ്രവ്യങ്ങളുടെ പേർ	കണ്ടുവരുന്ന പ്രദേശങ്ങൾ
ഇരിമ്പ്	ബീഹാർ, ഒറീസ്സ, സേലം *
കൽക്കരി	ബങ്കാളം [റാണിഗാഞ്ച്, ജറിയ ഖനികൾ] ബീഹാർ ഒറീസ്സ [ദാമോദർനദി താഴ്വര]
രത്നങ്ങൾ * മണ്ണെണ്ണ	ആസ്സാം, ബർമ്മ * ഗോൾക്കൊണ്ട *
ഉപ്പ്	പഞ്ചാബിൽ സാൾട്ടുറെയിഞ്ച് സമുദ്രതീരങ്ങൾ, സിന്ധുതീരം
മാംഗനീസ്	മദ്ധ്യസംസ്ഥാനങ്ങൾ, മൈസൂർ
സ്വർണ്ണം	മൈസൂർ [കോലാർ ഊർഗം ചാമ്പിയൻ നന്ദിദ്ദുർഗ്ഗം] എന്ന ഖനികൾ
അഭ്രം	മദ്രാസ്, ബങ്കാളം, തിരുവിതാംകൂർ

രത്നങ്ങൾ * എന്ന അടയാളപ്പെടുത്തിയ രണ്ടു സ്ഥലങ്ങളിൽ കണ്ടുവരുന്നു. മണ്ണെണ്ണ, ആസ്സാം ബർമ്മ എന്ന രാജ്യങ്ങളിൽ മാത്രം.

ഇരിമ്പും കൽക്കരിയും അടുത്തടുത്തു സുലഭമായി കണ്ടുവരുന്ന രാജ്യങ്ങളെല്ലാം വ്യവസായാഭിവൃദ്ധിയുള്ളവയായി തീൎന്നിട്ടുണ്ട്. അമേരിക്ക, ഇംഗ്ലണ്ട്, ജൎമ്മനി, ഫ്രാൻസ്, റഷ്യ, ജപ്പാൻ, എന്നീ രാജ്യങ്ങളുടെ അഭിവൃദ്ധിക്കുള്ള കാരണം പ്രസ്തുത ധാതുദ്രവ്യങ്ങളുടെ സുലഭത തന്നെയാണ്. കൽക്കരി കൂടാതെ ഇരിമ്പുരുക്കുവാൻ സാദ്ധ്യമല്ല. ഇരിമ്പുകൊണ്ടു നാനാതരത്തിലുള്ള യന്ത്രങ്ങൾ നിൎമ്മിക്കുകയും ചെയ്യാം.

ടാററാനഗരത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ? ഇതു് ഒറീസ്സാവിലുള്ള 'ജാംഷട്പൂർ' എന്നൊരു കുഗ്രാമത്തിന്നു പുതുതായി ലഭിച്ച പേരാണ്. 'ടാററ' എന്നൊരു മഹാനാണ് ഈ നഗരത്തിൻെറ വളർച്ചയ്ക്കുള്ള കാരണഭൂതൻ. നഗരത്തിന്നടുത്തുള്ള ദാമോദർനദീതാഴ്വരയിൽ ഇരിമ്പും കൽക്കരിയും സുലഭമാണ്. തന്മൂലം ടാററാനഗരത്തിൽ വലിയ തോതിൽ ഇരിമ്പുവ്യവസായം നടത്തുവാൻ സാധിച്ചു.

ഇരിമ്പിനെ ശുദ്ധിചെയ്വാൻ അത്യാവശ്യമായ പദാൎത്ഥമാണു മാംഗനീസ്. ഇതു് ഇന്ത്യയിൽ കണ്ടുവരുന്നേടത്തോളം മറെറാരിടത്തും കണ്ടുവരുന്നില്ല. ഉപ്പുണ്ടാക്കുന്നതു സമുദ്രജലത്തെ ഉപ്പുപാടനകളിൽ കെട്ടിനിറുത്തി വററിച്ചിട്ടും, ഉപ്പുപാറകളെ പൊട്ടിച്ചെടുത്തു ശുദ്ധിചെയ്തിട്ടുമാണ്. സമുദ്രതീരത്തിൽ സ്വതേ വിളയുന്ന ഉപ്പ് ഇന്നു നോക്കുന്നതായാൽ ഇന്ത്യയിൽ 5 കൊല്ലത്തെ ആവശ്യത്തിന്നു മതിയാകുമത്രെ. ഭൂമിയിൽ ഉറവുകൾ കണ്ടുവരുന്നമാതിരിയാണു മണ്ണെണ്ണ ആസ്സാം, ബൎമ്മ, എന്ന ദിക്കുകളിൽ കണ്ടുവരുന്നതു്. അതെടുത്തു ശുദ്ധിചെയ്തു പെട്രോൾ, മണ്ണെണ്ണ, മുതലായവയായി വേർതിരിക്കുന്നു.

ബി. ഒ. സി. എണ്ണയെപ്പററി നിങ്ങഠം കേട്ടിരിക്കുമ ല്ലൊ. അതു് എവിടെനിന്നു വരുന്നതാണു്?

സ്വർണ്ണം മണ്ണോടു കലന്നിരിക്കും. സ്വർണ്ണംകലൎന്ന മണ്ണു കുഴിച്ചെടുത്തു ശുദ്ധിചെയ്തു നല്ല സ്വർണ്ണം വേർതിരിക്കപ്പെടുന്നു. മൈസൂരിലെ കോലാർ സ്വർണ്ണഖനികഠം വളരെ ശ്രുതിപ്പെട്ടവയാണു്. സസ്യങ്ങളും വൃക്ഷങ്ങളും മണ്ണിന്നടിയിൽപ്പെട്ടു ദ്രവിച്ച കട്ടിയായ സാധനമാണു കല്ക്കരി.

അദ്ധ്യായം 13

കൈത്തൊഴിൽ

ഇന്ത്യ കൃഷിക്കു വളരെ സൌകൎയ്യമുള്ള രാജ്യമാണല്ലൊ. ഇന്ത്യാക്കാരുടെ മുഖ്യ തൊഴിൽ കൃഷിസംബന്ധമായവയാണു്. എന്നാൽ ഇവിടെ കൈത്തൊഴിൽകൊണ്ടു മനസ്സിലാക്കേണ്ടതു കൃഷിസംബന്ധമായ കൈത്തൊഴിലല്ല, അസംസ്കൃതവിഭവങ്ങളെ സംസ്കൃതവിഭവങ്ങളാക്കിത്തീക്കുന്ന തൊഴിലിനെയാണു്.

കൈത്തൊഴിൽ അഭിവൃദ്ധി പ്രാപിക്കേണമെങ്കിൽ ലോഹസമൃദ്ധിയും, സസ്യസമൃദ്ധിയുമുണ്ടായിരിക്കേണ്ടതിനുപുറമെ കാലാവസ്ഥ സുഖകരമായിരിക്കേണ്ടതും, ജോലിചെയ്വാനുള്ള ആളുകളുണ്ടായിരിക്കേണ്ടതുമത്യാവശ്യമാണു്. ഇന്ത്യയിൽ ലോഹഖനനമാരംഭിച്ചിട്ടു് അധികകാലമായിട്ടില്ല. അസംസ്കൃതവിഭവങ്ങഠം പലതുമുണ്ടെന്നു നിങ്ങഠംക്കറിയാം. തൊഴിലാളികളും ധാരാളമുണ്ടു്. കാലാ

വസ്ഥ ദുസ്സഹമായതല്ല. അതിനാൽ ഇന്ത്യ വ്യവസായാഭിവൃദ്ധിയുള്ളതായിത്തീരുമെന്നാശിക്കാം.

ഇന്ത്യയിൽ യന്ത്രങ്ങൾ സ്ഥാപിതമായതിന്നു മുമ്പു കുടിൽവ്യവസായത്തിന്നു വലിയ അഭിവൃദ്ധിയുണ്ടായിരുന്നു. ഓരോ പ്രദേശങ്ങളിലും പാൎത്തിരുന്നവർ അവിടവിടെ സുലഭമായി ലഭിച്ചിരുന്ന ദ്രവ്യങ്ങളെക്കൊണ്ടു വേലചെയ്തു് അവൎക്കാവശ്യമുള്ള സാധനങ്ങളുണ്ടാക്കിയിരുന്നു. ഇതിന്നാണു 'കുടിൽവ്യവസായം' എന്നു പറഞ്ഞുവരുന്നതു്. കോഴിക്കോട്ടു് 'കാലിക്കൊ' എന്ന തുണിയും, കിഴക്കൻ ബങ്കാളത്തിൻെറ തലസ്ഥാനമായ ഡാക്കായിൽ മസ്ലിൻ തുണിയും, കോൺപൂർ, കാശ്മീരം എന്ന സ്ഥലങ്ങളിൽ സാൽവകളും മിക്ക ഗ്രാമങ്ങളിലും പരുത്തിവസ്ത്രവും മലബാറിൽ കയറുമുണ്ടാക്കിയിരുന്നു. എന്നാൽ യന്ത്രശാലകൾ സ്ഥാപിച്ചതോടുകൂടി ഗ്രാമങ്ങളുടെ ധനസ്ഥിതിക്കു വലിയ ഉടവു തട്ടുകയും തന്മൂലം, തൊഴിലില്ലായ്മയും ദാരിദ്ര്യവും വർദ്ധിക്കയും ചെയ്തുവത്രെ.

ഇന്ത്യയിൽ ഇന്നു മിക്ക വലിയ നഗരങ്ങളിലും യന്ത്രശാലകളുണ്ടു്. പലേ വ്യവസായങ്ങളും നടത്തിവരുകയും ചെയ്യുന്നു. ബോംബെ നഗരത്തിൽ നൂൽനൂൽക്കലും, വസ്ത്രനിൎമ്മാണവും ഉണ്ടു്. പരുത്തിവസ്ത്രമുണ്ടാക്കുന്ന യന്ത്രശാലകൾ ബോംബെയിലുള്ളതുപോലെ ഇന്ത്യയിൽ മറെറാരേടത്തുമില്ല. ബോംബെ നഗരത്തിന്നു് അല്പം വടക്കു സ്ഥിതിചെയ്യുന്ന അഹമ്മദബാദിൽ 79 യന്ത്രശാലകളിൽ പരുത്തിവസ്ത്രങ്ങളുണ്ടാക്കിവരുന്നുണ്ടു്. മദ്രാസ്, ബങ്കാൾ, പഞ്ചാബ്, എന്നീ സംസ്ഥാനങ്ങളിലും പരുത്തിവസ്ത്രങ്ങൾ ഉണ്ടാക്കപ്പെട്ടുന്നുണ്ടു്.

ബങ്കാളിൽ ഹുഗ്ലീതീരത്തിൽ ചണനൂൽക്കുന്ന അസംഖ്യം യന്ത്രശാലകൾ സ്ഥാപിച്ചിട്ടുണ്ടു്. ചണനൂൽ

കൊണ്ടു ചാക്കുണ്ടാക്കി ലോകത്തിലെ നാനാഭഗങ്ങളിലോക്കും അയയ്ക്കപ്പെടുന്നു.

ചെമ്പുകൊണ്ടും, ഓട്ടുകൊണ്ടും മററുമുള്ള ഭാജനങ്ങൾ കാശി, ഒറീസ്സ, മദ്രാസ്, കുംഭകോണം, മുതലായ നഗരങ്ങളിലാണുണ്ടാക്കുന്നതു്. ഒറീസ്സാവിലുള്ള 'കട്ടാക്ക്'നഗരത്തിൽ ആഭരണമുണ്ടാക്കൽ ഒരു നല്ല കൈത്തൊഴിലാണു്.

മലബാറിലും, മൈസൂരിലും സോപ്പുവ്യവസായത്തിന്നു് എന്തൊന്നില്ലാത്ത പുരോഗതി ഇയ്യിടെയായി ഉണ്ടായിത്തീൎന്നിരിക്കുന്നു. തൽഫലമായി വിദേശസോപ്പുകൾക്കു് ഇന്ത്യയിൽ ചെലവു കുറഞ്ഞുവന്നുകഴിഞ്ഞു.

മൂന്നുകൊല്ലത്തിന്നുള്ളിൽ അഭിവൃദ്ധി പ്രാപിച്ച വ്യവസായങ്ങളാണു പഞ്ചസാര, സിമെൻറു്, എന്നിവ. ഇയ്യിടെ ഐക്യസംസ്ഥാനം, ബിഹാർ, ഒറീസ്സ, എന്ന സംസ്ഥാനങ്ങളിൽ പഞ്ചസാരയുണ്ടാക്കാനുള്ള അനവധി യന്ത്രങ്ങൾ സ്ഥാപിക്കയുണ്ടായി.

സമുദ്രതീരങ്ങളിൽ മീൻപിടിത്തവും, കിഴക്കൻബംഗാൾ, ഡക്കാൻ, എന്നിവിടങ്ങളിൽ തോൽ ഊറയ്ക്കിടലും, മലബാറിൽ കൊപ്രയുണ്ടാക്കൽ, എണ്ണയാട്ടൽ, മരമറുക്കൽ, മുതലായവയും, പലേ സ്ഥലങ്ങളിലും ഓട്ടും തീപ്പെട്ടിയുമുണ്ടാക്കലും നല്ല വ്യവസായങ്ങൾതന്നെയാണു്. കൽക്കത്തയ്ക്കു തെക്കുള്ള ടിററഗർനഗരത്തിലും, മദ്രാസിലും കടലാസുണ്ടാക്കിവരുന്നു.

പുകവലിക്കൽ പരിഷ്കാരമായിരിക്കുന്ന കാലമാണല്ലൊ ഇതു്. സിസേർസ്, ഗോൾഡ്ഫ്ളേയ്ക്ക്, എലിഫൻറുമാക്ക്, എന്നും മററും പേരുള്ള സിഗരററ് ഇന്ത്യയിൽ ഒട്ടധികം ഇറക്കിയിരുന്നു. എന്നാൽ 'ബീഡി' ഇവയോടു മല്ലിട്ടു് ഇവയെ ഏതാണ്ടു തോല്പിച്ചിരിക്കുന്നു.

ബീഹാറിൽ പുകയില സമൃദ്ധിയാണ്. ഗംഗാതീരത്തു സ്ഥിതിചെയ്യുന്ന 'മോംഘീർ'നഗരത്തിൽ ബീഡിവ്യവസായം പ്രബലമായി നടത്തിവരുന്നു.

ടാററനഗരത്തിൽ ഇരിമ്പുവ്യവസായത്തിന്നു വളരെ അഭിവൃദ്ധിയുണ്ട്. നാനാതരത്തിലുള്ള ഇരിമ്പുസാമാനങ്ങൾ ഇവിടെയുണ്ടാക്കിവരുന്നുണ്ട്.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽനിന്നു നമ്മുടെ രാജ്യത്തിന്നു വ്യവസായാഭിവൃദ്ധിയുണ്ടായിക്കഴിഞ്ഞിരിക്കുന്നുവെന്നു നിങ്ങൾ തെററിദ്ധരിച്ചുപോകരുത്. ഭൂഗോളത്തിലുള്ള 200 കോടി ജനങ്ങളിൽ 1/5 ഭാഗം ഇന്ത്യയിലാണു വസിക്കുന്നത്. അവക്കാവശ്യമുള്ള വസ്ത്രങ്ങളും, ഭക്ഷണപദാർത്ഥങ്ങളും, സുഖജീവിതത്തിന്നാവശ്യമെന്നു കരുതിപ്പോരുന്ന നാനാതരം പദാർത്ഥങ്ങളും, ഇനിയും ആവശ്യമായിത്തന്നെയിരിക്കുന്നു. ഇന്ന് അവയ്ക്കു വേണ്ടി നാം വിദേശീയരെ ആശ്രയിക്കേണ്ടിയിരിക്കുന്നുവെന്നുള്ള സംഗതി അപമാനകരംതന്നെ. അവയുടെ വിലയായി ഇന്ത്യയിൽനിന്ന് അന്യരാജ്യങ്ങളിലേക്കു വളരെ പണം പ്രതിവർഷം പോകുന്നുണ്ട്. ഇതിനെ തടയുവാൻ നമുക്കു സാധിക്കും. ഏതൊരുകാലത്തു നമുക്കാവശ്യമുള്ള മിക്ക പദാർത്ഥങ്ങളും ഇവിടെയുണ്ടാക്കുവാൻ കഴിയുന്നുവോ അന്നുമാത്രമേ നമ്മുടെ രാജ്യത്തിൽ സന്തുഷ്ടിയും, സംതൃപ്തിയും, യഥാർത്ഥമായ സ്വാതന്ത്ര്യവും ഉളവാകയുള്ളുവെന്നുള്ള സംഗതി നിങ്ങൾ എപ്പോഴും ഓൎമ്മവെക്കുമോ?

അദ്ധ്യായം 14

—*—

ഗതാഗതമാൎഗ്ഗങ്ങൾ

ഏതൊരു രാജ്യത്തിന്റെയും അഭിവൃദ്ധിക്ക ഗതാഗതമാൎഗ്ഗങ്ങൾ ഏററവും അനുകൂലമായിത്തന്നെയിരിക്കുന്നതാണ്. ജനങ്ങൾക്ക സൈ്വരസഞ്ചാരത്തിന്നും കച്ചവടച്ചരക്കുകൾ ഒരു ദിക്കിൽനിന്നു മറെറാരു ദിക്കിലേക്കു കൊണ്ടുപോകുവാനുമാണ് അവയെക്കൊണ്ടു മുഖ്യമായ ഉപയോഗം.

ആദികാലത്തു പ്രധാനമായ ഗതാഗതമാൎഗ്ഗം റോഡുകൾ മാത്രമായിരുന്നു. രാജ്യത്തിന്റെ ഒരററത്തുനിന്നു മറെറാരററത്തിലേക്കു ജനബാഹുല്യമുള്ള വലിയ നഗരങ്ങളെ യോജിപ്പിച്ചുംകൊണ്ടു പോകുന്ന വെട്ടുവഴികളെയാണു 'ട്രങ്ക്റോഡുകൾ' എന്നു പറഞ്ഞുവരുന്നത്. ഉദാഹരണമായി എറണാകുളത്തിൽനിന്നു ചാലക്കുടി, ഇരിഞ്ഞാലക്കുട, തൃശ്ശിവപേരൂർ എന്നീ സ്ഥലങ്ങളിൽക്കൂടി ചെറുവണ്ണൂൎക്ക പോകുന്ന റോഡിനെ 'ട്രങ്ക്റോഡ്' എന്നു പറയാം.

ഇപ്രകാരമുള്ള റോഡുകൾ ഇന്ത്യയിൽ പലതുമുണ്ട്. അവയെ ഭൂപടംനോക്കി മനസ്സിലാക്കുക. ഉൾനാട്ടുകളിലുള്ള റോഡുകൾ ഒരു വലിയ നദിയിൽ ചെന്നുചേരുന്ന പോഷകനദികളെപ്പോലെ ട്രങ്ക് റോഡുകളിലാണു വന്നുചേരുക.

നദികൾ ചില രാജ്യങ്ങളിൽ നല്ല ഗതാഗതമാൎഗ്ഗമാണ്. എന്നാൽ യൂറോപ്പ്, അമേരിക്ക, എന്നീ രാജ്യങ്ങളിലെ നദികളെപ്പോലെ ഇന്ത്യയിലെ നദികൾ ഗതാഗതസൌകൎയ്യമുള്ളവയല്ല. കാരണം അവയിൽ വെള്ളം

കുറവാണ്. നദീമുഖത്തു മുക്കോൺതുരുത്തുകളുമുണ്ട്. ഗംഗാനദിയിൽ ചെറുകപ്പലുകൾക്ക് 250 നാഴികയോളം യാത്രചെയ്യാം. സിന്ധുവിൽ ഹൈദരബാദുവരെ മാത്രമെ യാത്രചെയ്തുകൂടൂ. നർമ്മദയിൽ 60 നാഴികയോളം ഉള്ളിലേക്കു സഞ്ചരിക്കാം. തെക്കെ ഇന്ത്യയിലെ നദികളിൽ ചില കാലങ്ങളിൽ മാത്രം കച്ചവടച്ചരക്കുകൾ വലിയ വള്ളങ്ങളിൽ കയററി ഉൾപ്രദേശങ്ങളിലേക്കു കൊണ്ടുചെല്ലുന്നുണ്ട്. ഇത്തരത്തിലുള്ള സൌകര്യം ഉത്തര ഇന്ത്യയിലെ നദികളിൽ ഏതുകാലത്തുമുണ്ട്. എന്നാൽ ബർമ്മയിലെ നദിയായ ഐരാവതിയിൽക്കൂടി 900 നാഴികയോളം ഉള്ളിലേക്കു തിങ്ങിക്കിടക്കുന്ന 'ബാമോ' നഗരംവരെ കപ്പലുകൾക്കു സഞ്ചരിപ്പാൻ സാധിക്കുന്നു. 2000 നാഴികയോളം ഗതാഗതസൌകര്യമുള്ള നദികൾ അമേരിക്കയിലുണ്ടെന്നു കേൾക്കുമ്പോൾ ഇന്ത്യൻ നദികൾ ഈ സംഗതിയിൽ എത്ര നിസ്സാരങ്ങളാണെന്ന് ഊഹിക്കാമല്ലൊ.

പഞ്ചാബിലും, ഐക്യസംസ്ഥാനത്തിലും, ബങ്കാളിലും, ദക്ഷിണേന്ത്യാനദികളുടെ ഡൽററകളിലും ഉള്ള നീർച്ചാലുകളും ഗതാഗതത്തിന്ന് ഉപകരിക്കുന്നു. മദ്രാസിൽനിന്നു കൃഷ്ണാനദീമുഖംവരെ നീണ്ടുകിടക്കുന്ന ബക്കിംഗ്ഹാം തോട്ടം വാണിജ്യത്തിന്ന് ഉപകരിക്കുന്നുണ്ട്.

ഗതാഗതമാർഗ്ഗങ്ങളിൽ പ്രാധാന്യം വഹിക്കുന്നതു തീവണ്ടിതന്നെ. ഗവമ്മേണ്ടിൻെറ അനുമതിയോടുകൂടി ഓരോ കമ്പനിക്കാർ ഇന്ത്യയിൽ തീവണ്ടിപ്പാതകൾ നിർമ്മിച്ചിരിക്കുന്നു. റോഡുകളുടെ മാതിരിതന്നെ ചില പ്രധാന പാതകളും അവയിൽനിന്നു പല ശാഖകളുമുണ്ട്. തന്മൂലം രാജ്യത്തിൻെറ നാനാഭാഗങ്ങളും സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ മുഖ്യ പാതകൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. M. S. M.=Madras and South Mahratta Railway.
2. S. I. R.=South Indian Railway.
3. G. I. P.=Great Indian Peninsular Railway.
4. E. I. R.=East Indian Railway,
5. B. N. R.=Bengal Nagpur Railway.
6. A. B. M =Assam Bengal Railway.
7. B. B. & C. I. R. Bombay, Baroda and Central Indian Railway.
8. O. & R.=Oudh and Rohilkand Railway.

ഇവകൂടാതെ വേറെയും അഞ്ചു പാതകളുണ്ട്. ഭൂപടം നോക്കി പ്രധാന പാതകളെപ്പററി മനസ്സിലാക്കുക.

തീവണ്ടിപ്പാതകൾ ഇന്ത്യയിലെ മിക്ക വലിയ നഗരങ്ങളേയും കൂട്ടിയോജിപ്പിക്കുന്നുണ്ടെന്നു ഭൂപടം നോക്കിയാൽ മനസ്സിലാകും. ഇവ തുറമുഖപട്ടണങ്ങളെ ഉൾനാടുകളോടു യോജിപ്പിക്കുന്നതിനാൽ ഇറക്കുമതികൾ നാനാപ്രദേശങ്ങളിലും അതിവേഗത്തിൽ എത്തിച്ചേരുന്നു. ജനങ്ങൾക്കു സഞ്ചാരസൌകര്യവും ലഭിച്ചിരിക്കുന്നു. തീവണ്ടിപ്പാതകൾ വർദ്ധിപ്പിക്കുന്നതു രാജ്യത്തിന്നു ഗുണമോ ദോഷമോ?

അഭ്യാസം:—ഇന്ത്യയുടെ പടം വരച്ചു താഴെ കൊടുത്തിരിക്കുന്ന നഗരങ്ങളുടെ സ്ഥാനം നിർണ്ണയിക്കുക. അവയെ കൂട്ടി യോജിപ്പിക്കുന്ന തീവണ്ടിപ്പാതകളെ വരച്ചു കാണിക്കുക.

(എ) (1) മദ്രാസ്—ഗുണ്ടക്കൽ—റൈച്ചൂർ—പൂന ബോംബെ.

ബോംബേ



കൊളമ്പ്



ബെജവാഡാ ജങ്ക്ഷൻ



ഗുണ്ടക്കൽ ജങ്ക്ഷൻ



ഷൊറണ്ണൂർ ജങ്ക്ഷൻ




ഹിമാലയപർവ്വതം.
കൈബർചുരം
പിഷാവാർ
ദൽഹി
കൽക്കത്താപാത
സിന്ധുഗംഗാസമനിലം.
ബോളൻ ചുരം
ടാർമരുഭൂമി
വിന്ധ്യൻ
നർമ്മദാ
ശതപുരാ
തപതി
ദെൽഹിയുടെ സ്ഥാനം.


കൽക്കത്തായുടെ സ്ഥാനം.
കോതമ്പ്—പുക
ഇല—കരിമ്പ്
ഗംഗാ—ബ്രഹ്മപുത്രാസമനിലം.
ആസ്സാം ചായ
ബീഹാർ—ഒറീസ്സാ ലോഹങ്ങൾ
ഗംഗാമുഖം.
രംഗൂൺ

(2) ഗുണ്ടൂർ—ബെജവാഡ—വാൾട്ടയർ—വിശാഖ പട്ടണം.

(ബി) (1) മദ്രാസ്—ജൊലാർപേട്ട,—ഈറോഡ്, ചെറുവണ്ണൂർ—കോഴിക്കോട്—മംഗലാപുരം.

(2) ഈറോഡ്—തൃശ്ശിനാപ്പള്ളി—മധുര—ധനുഷ്കോടി.

(3) മദ്രാസ്—തഞ്ചാവൂർ—നാഗപട്ടണം.

(സി) (1) ബോംബെ—മാൻമാഡ്—ബുഷാവാൻ—കാണ്ടൊവ—ജബൽപൂർ.

(2) കാണ്ടൊവ—ബോപ്പാൽ—ജാൻസി—കോൺപൂർ.

(ഡി) കൽക്കത്ത—ആസൻസോൾ—ഗയ—കാശി—കോൺപൂർ—ആഗ്ര—ഡൽഹി—അമ്പാല.

(ഇ) (1) കൽക്കത്ത—കാണ്ട്റ—ബിസൽപൂർ—റൈപ്പൂർ—നാഗ്പൂർ.

(എഫ്) ചിററഗോങ്ങ്—ഡാക്ക—മീമെൻസിങ്ങ്—സിൽഹെററ്—ടിൻസുക്യ.

(ജി) ബോംബെ—ബറോഡ—അഹമദ്ബാദ്—മാർവാർ—മധുര—ഡൽഹി.

(എച്ച്) (1) കറാച്ചി—ഹൈദരബാദ്—സുക്കൂർ—മൂൾട്ടാൻ—റാവൽപിണ്ടി—പിഷവാർ.

(2) സുക്കൂർ—ബോളൻ—കചററ.

അദ്ധ്യായം 15

ഗതാഗതമാർഗ്ഗങ്ങൾ

(തുടച്ച്)

മുൻ അദ്ധ്യായത്തിൽനിന്നു് ഇന്ത്യയിലെ മുഖ്യമായ ഗതാഗതമാർഗ്ഗങ്ങൾ റോഡുകളും, തീവണ്ടിയുമാണെന്നും, നദികൾ ഗതാഗതത്തിന്നു വലിയ സൌകര്യമുള്ള വയല്ലെന്നും പഠിച്ചുവല്ലൊ. എന്നാൽ ഇന്ത്യയിൽനിന്നു പുറംരാജ്യങ്ങളിലേക്കു പോകേണമെങ്കിൽ സമുദ്രതരണം ചെയ്യേണ്ടിവരുന്നു. കമ്പനിക്കാർ തീവണ്ടിനടത്തുന്ന മാതിരിതന്നെ കടൽസഞ്ചാരത്തിന്നു സൌകര്യം ചെയ്തിട്ടുള്ള കമ്പനിക്കാരുമുണ്ടു്. ഇവയ്ക്കു് ഇംഗ്ലീഷിൽ 'Steam Navigation Company' എന്ന പേർ പറയുന്നു. പ്രധാനമായ രണ്ടു കമ്പനികളാണു്, (1) P & O (2) Scindia Steam Navigation Company, എന്നിവ

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിൽനിന്നെല്ലാം അന്യരാജ്യങ്ങളിലേക്കു കപ്പലുകൾ പോകുന്നുണ്ടു്. കൽക്കത്തയിൽ നിന്നു റംഗൂണിലേക്കും, മദ്രാസിൽനിന്നു റംഗൂൺ, സിലോൺ, സിങ്കപ്പൂർ, ചൈന, ജപ്പാൻ, എന്നീ രാജ്യങ്ങളിലേക്കും, ബോംബെയിൽനിന്നു യൂറോപ്പ്, ആഫ്രിക്ക, മുതലായ രാജ്യങ്ങളിലേക്കും കപ്പൽ സർവീസുണ്ടു്. കൊളംബു് കടൽമാർഗ്ഗമദ്ധ്യത്തിലുള്ള തുറമുഖമാകയാൽ അതിനെ കപ്പൽ ജംക്ഷൻ എന്നു പറയാം.

ഇന്ത്യയിലെ തുറമുഖങ്ങൾക്കിടയിൽ സഞ്ചരിക്കുന്ന കപ്പലുകളുണ്ടു്. എന്നാൽ അവയെ ജനങ്ങൾ ഗതാഗതത്തിന്നായി ഉപയോഗിക്കാത്തതു് തീവണ്ടിയാത്രയ്ക്കുള്ള സൌകര്യം ഒന്നുകൊണ്ടു മാത്രമാണു്. വ്യാപാരച്ചരക്കു

കരം കയററിപ്പോകുന്ന കപ്പലുകളാണു് കടൽത്തീരത്തുകൂടി സഞ്ചരിക്കുന്നവ.

ഏററവും നൂതനമായ ഗതാഗതമാൎഗ്ഗം വിമാനമാണു്. വിമാനങ്ങൾക്കു് 'എയറോപ്ലെയിൻ' എന്നാണു ഇംഗ്ലീഷുഭാഷയിൽ പേർ. കറാച്ചിയിൽനിന്നു ഇംഗ്ലണ്ടിലേക്കു പ്രതിവാരം വിമാനത്തിൽ തപ്പാൽ കൊണ്ടുപോകപ്പെടുന്നു. ആളുകൾക്കും സഞ്ചരിക്കാം. ഇന്ത്യയിലെ മിക്ക വലിയ നഗരങ്ങൾ തമ്മിലും അടുത്തകാലത്തു വിമാനസഞ്ചാരത്തിനുള്ള സൌകൎയ്യം ചെയ്തുവരുന്നു. വിമാനങ്ങൾ മണിക്കൂറിൽ 300 നാഴിക വേഗത്തിൽ സഞ്ചരിക്കുന്നതിനാൽ തീവണ്ടി, തീക്കപ്പൽ, എന്നിവയെക്കാൾ വേഗത കൂടിയിരിക്കും. പക്ഷെ ചെലവധികമാണു്. അടുത്തകാലത്തു വിമാനസഞ്ചാരം വളരെ സാധാരണമായിത്തീരുമെന്നാശിക്കാൻ ന്യായമുണ്ടു്.

ദൂരസ്ഥലങ്ങളിൽ താമസിച്ചുവരുന്നവരെ കത്തയച്ചാണല്ലൊ വൎത്തമാനങ്ങളറിയിക്കുന്നതു്. അടിയന്തരവാൎത്തകളെ കമ്പിമൂലമാണറിയിക്കുന്നതു്. കമ്പി അടിപ്പാൻ കത്തയയ്ക്കുന്നതിനേക്കാൾ ചെലവു കൂടുതലാണു്. ഒരു പോസ്റ്റ്കാർഡിന്നു 9 പൈ വിലകൊടുക്കേണ്ടിവരുന്നുണ്ടെങ്കിൽ ഒരു കമ്പിക്കു 9 ണ പുറുങ്ങിയ ചെലവുണ്ടു്. കമ്പിയാപ്പീസിൽചെന്നു് അയയ്ക്കേണ്ടവൎത്തമാനത്തെ കടലാസിലെഴുതി വാക്കിന്നൊരണവീതം കണക്കാക്കി കമ്പിമാസ്റ്റർ പക്കൽ കൊടുത്താൽ അദ്ദേഹം കമ്പി അടിച്ചുകൊള്ളും.

സമുദ്രം കടന്നു പോകേണ്ട രാജ്യങ്ങളിലേക്കു 'കേബിൾ' മാൎഗ്ഗമായിട്ടാണു വൎത്തമാനങ്ങൾ അയയ്ക്കുക. സമുദ്രത്തിൽ കമ്പിക്കാൽനാട്ടി കമ്പികെട്ടുവാൻ സാദ്ധ്യമല്ലല്ലൊ. അതിനാൽ ചെമ്പുകമ്പികളെ കേടുവരാത്തവണ്ണം പൊതിഞ്ഞു സമുദ്രത്തിൽ താഴ്ത്തിയിടുന്നു. കമ്പിയുടെ രണ്ടഗ്രങ്ങൾമാത്രം കരയിൽ സ്ഥാപിച്ചിരിക്കും. ഇതാ

ണു കേബിൾ. ബോംബെയിൽനിന്നു യൂറോപ്പിലേക്കും, മദ്രാസിൽനിന്നു റംക്രൂൺ, സിങ്കപ്പൂർ, മുതലായ രാജ്യങ്ങളിലേക്കും കേബിൾ ഇട്ടിരിക്കുന്നു. കേബിളിന്നു കമ്പികൾ വേണ്ടിവരുന്നതിലും ചെലവു കൂടുതലാണു്.

ഇതിലും അത്ഭുതകരമായ ഒരു സ്ഥാപനമാണു വയർലെസ് (കമ്പിയില്ലാക്കമ്പി) എന്നു പറയുന്നതു്. അടിയന്തരവാർത്താവിനിമയം ചെയ്യാൻ ഗവർമ്മേണ്ടുകൾ ഇതിനെ ഉപയോഗപ്പെടുത്തുന്നു. കപ്പലുകൾക്കു ഇതുകൊണ്ടു വലിയ പ്രയോജനമുണ്ടു്. എല്ലാ കപ്പലുകളിലും ഇതിന്നുള്ള യന്ത്രവിശേഷമുണ്ടായേ തീരുവെന്നുണ്ടു്. ഈ യന്ത്രത്തിൽക്കൂടി സംസാരിച്ചാൽ അതു സ്ഥാപിച്ചിരിക്കുന്ന സകലസ്ഥലത്തും വർത്തമാനമറിയാവുന്നതാണു്. മദ്ധ്യസമുദ്രത്തിൽ അപകടത്തിൽപ്പെട്ട കപ്പൽ സഹായത്തിന്നപേക്ഷിക്കുമ്പോൾ കടലിൽ യാത്രചെയ്തുകൊണ്ടിരിക്കുന്ന മററു കപ്പലുകൾക്കു് ഓടിയെത്താൻ സാദ്ധ്യമാണു്.

അനേകായിരം നാഴിക ദൂരത്തിൽ നടത്തപ്പെടുന്ന പ്രസംഗങ്ങളും, പാട്ടുകച്ചേരികളും നമ്മുടെ വീടിന്നുള്ളിൽ ഇരുന്നു കേട്ടാനന്ദിപ്പാൻ ഇന്നു സാദ്ധ്യമായിത്തീന്നിരിക്കുന്നതു വയർലെസ്, ബ്രോഡ്കാസ്റ്റിങ്ങ്, റേഡിയോ, എന്നിവമൂലമാണെന്നു നിങ്ങൾ പക്ഷേ അറിയുന്നുണ്ടായിരിക്കാം.

ഇവയെല്ലാം കണ്ടുപിടിച്ച ശാസ്ത്രജ്ഞന്മാരുടെ ബുദ്ധിശക്തി ആശ്ചര്യകരംതന്നെ. ലോകം അവരോടു് എന്നെന്നേക്കും കടപ്പെട്ടിരിക്കുന്നു. എന്നാൽ മനുഷ്യന്നു ഇത്ര ബുദ്ധിശക്തിയെ നൽകിയ ഈശ്വരൻ ഇവരെക്കാളെല്ലാം എത്ര മഹിമയുള്ളവനായിരിക്കണം!

—*—

അദ്ധ്യായം 16

കച്ചവടം

കരമാർഗ്ഗമായും കടൽമാർഗ്ഗമായും കച്ചവടം നടന്നുവരുന്നു. എന്നാൽ പണ്ടു കരമാർഗ്ഗമായിട്ടാണു കച്ചവടം അധികം നടന്നുവന്നിരുന്നത്. അനവധി കച്ചവടക്കാർ സംഘംചേർന്ന് ഒട്ടകങ്ങളുടേയുംമററും പുറത്ത് ചരക്കുകൾ കയററി അകലെയുള്ള രാജ്യങ്ങളിലേക്കു ചെന്നു കച്ചവടം നടത്തിയിരുന്നു. സമുദ്രതീരങ്ങളിൽക്കൂടിയും പുഴകളിൽക്കൂടിയും പത്തേമ്മാരികളിലും വള്ളങ്ങളിലും ചരക്കുകൾ അയച്ചിരുന്നു. ഉൾനാട്ടുകളുമായി കച്ചവടം നടന്നിരുന്നതു റോഡുകൾ മാർഗ്ഗമായിട്ടാണ്. ഇന്നാകട്ടെ വിദേശരാജ്യങ്ങളിൽനിന്നു കപ്പലുകളിൽ തുറമുഖത്തു വന്നിറങ്ങുന്ന സാമാനങ്ങൾ തീവണ്ടിമാർഗ്ഗമായി അതിശീഘ്രം രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമെത്തിച്ചേരുന്നു.

ഏതൊരു രാജ്യത്തിലും കൃഷിചെയ്തുണ്ടാക്കുന്നതും, കൈത്തൊഴിൽചെയ്തുണ്ടാക്കുന്നതുമായ പദാർത്ഥങ്ങളിൽ ആ നാട്ടിലെ ആവശ്യം കഴിഞ്ഞു ബാക്കിയുള്ളതിനെയാണല്ലോ അന്യരാജ്യങ്ങളിലേക്കു കയററി അയയ്ക്കുന്നത്. ഇതിനെയാണ് നാം 'കയററുമതി'യെന്നു പറയുന്നത്. അന്യരാജ്യങ്ങളിൽനിന്നു വന്നിറങ്ങുന്നവയ്ക്കു 'ഇറക്കുമതി'യെന്നും പേർ പറയും. ഇന്ത്യയിൽനിന്നു അനേകം സാധനങ്ങൾ പലേ രാജ്യങ്ങളിലേക്കും കയററി അയയ്ക്കപ്പെടുന്നുണ്ട്. കയററുമതിചെയ്യുന്ന സാധനങ്ങളുടേയും, അവയുണ്ടാകുന്ന പ്രദേശങ്ങളുടേയും, കയററുമതി ചെയ്യുന്ന തുറമുഖങ്ങളുടേയും ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നതിനെ നോക്കുക.

ചരക്കുകൾ	വിളയുന്ന പ്രദേശങ്ങൾ	കയററുമതിചെയ്യുന്ന തുറമുഖങ്ങൾ
1. ചണ	ബങ്കാളം, ബീഹാർ	കൽക്കത്ത
2. പരുത്തി	ഡക്കാൻ, ബോംബെ, സിണ്ട്	ബോംബെ, കറാച്ചി, മദ്രാസ്
3. എണ്ണവിത്തുകൾ	മദ്ധ്യേന്ത്യ, ഐക്യസംസ്ഥാനം, ഡക്കാൻ	വിശാഖപട്ടണം, മദ്രാസ്, ബോംബെ
4. ചായ	ആസ്സാം, സിലോൺ, നീലഗിരി	കൽക്കത്ത, കൊളമ്പ്,
5. തോൽ	ബങ്കാളം, ദക്ഷിണേന്ത്യ	കൽക്കത്ത, മദ്രാസ്
6. ഇരിമ്പ്, കൽക്കരി	ബങ്കാളം, ബീഹാർ, ഒറീസ്സ	കൽക്കത്ത
7. കരുപ്പ്, നീലം	മദ്ധ്യേന്ത്യ, ബീഹാർ	കൽക്കത്ത
8. കാപ്പി	പശ്ചിമഘട്ടം	മംഗലാപുരം
9. അരി, നെല്ല്	ബർമ്മ	റംഗൂൺ
10. കൊപ്ര	പശ്ചിമതീരം, സിലോൺ	കൊച്ചി, കൊളമ്പ്
11. ഗോതമ്പ്	പഞ്ചാബ്	കറാച്ചി

ചണ്ണ ഇംഗ്ലണ്ടിലേക്കും, സ്കോട്ട്ലണ്ടിലേക്കും അമേരിക്കയിലേക്കും കയററി അയയ്ക്കപ്പെടുന്നു. ഇന്ത്യയിലെ പരുത്തി ഇന്നു ജപ്പാൻകാരാണ് അധികം വാങ്ങുന്നതു്. എണ്ണവിത്തുകൾ ഫ്രാൻസിൽ ഇറക്കുമതിചെയ്തുവരുന്നു. ചായ ഇംഗ്ലണ്ടിലേക്കും കാപ്പി ഫ്രാൻസിലേക്കും അയയ്ക്കപ്പെടുന്നു. അരിയും നെല്ലും സിലോൺ, ആഫ്രിക്ക, എന്ന രാജ്യങ്ങളാണ് അധികം വാങ്ങുന്നതു്. തോൽ യൂറോപ്പിലെ മിക്ക രാജ്യങ്ങളിലേക്കും കൊണ്ടുപോകപ്പെടുന്നുണ്ടു്.

ഇറക്കുമതികളിൽ ഏററവും പ്രാധാന്യം വഹിക്കുന്നതു വസ്ത്രങ്ങളാണ്. യന്ത്രങ്ങൾ, ഷാപ്പുസാമാനങ്ങൾ, വാഹനങ്ങൾ, മണ്ണെണ്ണ, പഞ്ചസാര, മദ്യം, നെല്ലു, മുതലായവയാണു മററുള്ളവ.

ഇംഗ്ലണ്ടു്, ജപ്പാൻ, എന്നീ രാജ്യങ്ങളിൽനിന്നാണു വസ്ത്രങ്ങൾ അധികം വന്നിറങ്ങുന്നതു്. യന്ത്രങ്ങൾ, വാഹനങ്ങൾ, എന്നിവ യൂറോപ്പ്, അമേരിക്ക, എന്നീ രാജ്യങ്ങളിൽനിന്നും, മണ്ണെണ്ണയും നെല്ലും ബൎമ്മയിൽനിന്നും പഞ്ചസാര ജാവയിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു. മദ്യം ഫ്രാൻസ്, ഇംഗ്ലണ്ടു്, എന്നീ രാജ്യങ്ങളിൽനിന്നും അയയ്ക്കപ്പെടുന്നു. യൂറോപ്പിലെ വ്യവസായാഭിവൃദ്ധിയുള്ള മിക്ക രാജ്യങ്ങളും ഇന്ത്യയുമായി കച്ചവടം നടത്തിവരുന്നുണ്ടു്.

ഇന്ത്യയെ വിദേശീയർ ഒന്നാംതരം ഒരു ചന്തസ്ഥലമായിട്ടാണു കണക്കാക്കിയിരിക്കുന്നതു്. നമ്മുടെ നാട്ടിൽ വ്യവസായങ്ങൾ പ്രബലപ്പെട്ടുവരുന്നതേയുള്ളൂ. വലിയതും ജനത്തിരക്കുള്ളതുമായ രാജ്യമാകയാൽ വിദേശീയർ കൊണ്ടുവരുന്ന സംസ്കൃതവിഭവങ്ങൾ ഇവിടെ ചെലവഴിപ്പാൻ വലിയ പ്രയാസമില്ല. ഈയ്യിടെയായി ഇന്ത്യയി

ലുണ്ടായിത്തീന്നിരിക്കുന്ന ഉണർച്ചമൂലം വ്യവസായങ്ങരം ഇവിടെയും വർദ്ധിച്ചുവരുന്നു. അടുത്ത കാലത്തു പരാപേക്ഷകൂടാതെ ഇന്ത്യയ്ക്കു ജീവിപ്പാൻ സാദ്ധ്യമാകുമെന്നാശിക്കാം.

അദ്ധ്യായം 17

ജനസംഖ്യ

ഭൂഗോളത്തിൻെറ എത്രയോ ചെറിയൊരു ഭാഗമായ ഇന്ത്യയിൽ ഭൂഗോളത്തിലൊട്ടാകെയുള്ള ജനങ്ങളിൽ അഞ്ചിലൊരംശം വസിക്കുന്നുണ്ട്. ഇയ്യിടെ എടുത്ത കാനീഷുമാരി കണക്കുകൊണ്ടു ഇന്ത്യയിൽ 100-ന്നു 10-വീതം ജനങ്ങരം വർദ്ധിച്ചതായും 35 കോടിയിൽപരം ജനങ്ങളുള്ളതായും കണ്ടിരിക്കുന്നു.

എന്നാൽ ഇന്ത്യയിൽ എല്ലായിടത്തും ജനങ്ങരം തിങ്ങി പാക്കുന്നുണ്ടെന്നു തെററിദ്ധരിച്ചുപോകരുത്. ജനങ്ങരം തീരെയില്ലാത്തതും, കുറച്ചുമാത്രമുള്ളതും, വളരെ തിങ്ങിപ്പാക്കുന്നതുമായ പ്രദേശങ്ങരം ഇന്ത്യയിൽ കാണാം. മഴ തീരെ ഇല്ലാത്തതിനാൽ ജനശൂന്യമായ പ്രദേശമാണ് താർമരുഭൂമി. അല്പം മാത്രം മഴ കിട്ടുന്നതായ രാജപുത്താനയുടെ ചില ഭാഗങ്ങളിലും, ഡക്കാനിലും, വലിയ ജനത്തിരക്കു കാണ്മാൻ തരമില്ല. എന്നാൽ സമൃദ്ധിയായ മഴയും സസ്യസമൃദ്ധിയുമുള്ളതായ സിന്ധുഗംഗാസമനിലത്തിലും, പശ്ചിമതീരത്തിലും, പൂർവ്വതീരത്തുള്ള ഡൽററകളിലും ജനങ്ങരം തിങ്ങിപ്പാക്കുന്നു.

ഭക്ഷണപദാൎത്ഥങ്ങളുടെ സുലഭതയും, വ്യവസായങ്ങളും, വാണിജ്യവും എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ജനത്തിരക്കും കാണുന്നതാണ്.

ഉത്തരേന്ത്യയിലുൾപ്പെട്ട ഐക്യസംസ്ഥാനം, ബങ്കാൾ, ബീഹാർ, ഒറീസ്സ, എന്നുള്ള പ്രദേശങ്ങൾ ഭക്ഷ്യപദാൎത്ഥങ്ങളുടെ വിളനിലമാണ്. അവിടെയാണ ഇന്ത്യയിൽവെച്ച് ഏററവും ജനത്തിരക്ക കണ്ടുവരുന്നത്. പശ്ചിമതീരത്തെക്കാളും അവിടെ ജനങ്ങൾ കൂടുതൽ വസിക്കുന്നുണ്ട്. പൂർവ്വതീരത്തുള്ള ഡൽററകളിൽ പശ്ചിമതീരത്തോളംതന്നെ ജനങ്ങളില്ലെന്നു പറയാം. ഡക്കാനിലെ വരൾച്ചയും, ജലദുൎഭിക്ഷവുംമൂലം അവിടെ അധികം ജനങ്ങൾ വസിക്കുന്നില്ല.

കൽക്കത്ത, ബോംബെ, മദ്രാസ്, കോൺപൂർ, പാററ്ന, അഹമ്മദബാദ് മുതലായ നഗരങ്ങളിൽ ജനത്തിരക്കിന്നുള്ള കാരണം അവിടങ്ങളിൽ അനേകം വ്യവസായങ്ങൾ നടത്തിവരുന്നതിനാലാണ്. കച്ചവടാഭിവൃദ്ധികൊണ്ടുതന്നെയാണ് മിക്ക തുറമുഖപട്ടണങ്ങളും ജനത്തിരക്കുള്ളതായി തീൎന്നിരിക്കുന്നത്. അടുത്തകാലംവരെ ഒരു ഗ്രാമമായിരുന്ന ജാംഷഡ്പൂർ (ടാററാനഗരം) അവിടെ ഇരിമ്പു വ്യവസായം സ്ഥാപിച്ചതോടുകൂടി ജനബാഹുല്യമുള്ളതായി തീൎന്നിരിക്കുന്നു. പൂർവ്വതീരത്തുള്ള വിശാഖപട്ടണം (വൈസാഗ്) ഒരു നല്ല തുറമുഖമായി തീരുന്നതോടുകൂടി ജനത്തിരക്കുള്ളതായി തീരുന്നതാണ്. സിലോണിലെ ചായത്തോട്ടങ്ങളും, ബൎമ്മയിലെ നെൽക്കൃഷിയും, മലയാ അർദ്ധദ്വീപിലെ റബ്ബർ തോട്ടങ്ങളും അവിടങ്ങളിലേയ്ക്കു ഒട്ടധികം ജനങ്ങളെ ആകർഷിക്കുന്നു. ചുരുക്കി പറയുന്നതായാൽ എവിടെവിടെ കൃഷിയും, ക

ച്ചവടവും, കൈത്തൊഴിലും അഭിവൃദ്ധി പ്രാപിക്കുന്നുവോ അവിടെയെല്ലാം ജനത്തിരക്കും കണ്ടുവരുന്നതാണ്.

അദ്ധ്യായം 18

ഇന്ത്യയിലെ ജനങ്ങൾ

ഇന്ത്യയിൽ കണ്ടുവരുന്നപോലെ നാനാതരത്തിലുള്ള ജനവർഗ്ഗങ്ങളും, ഭാഷകളും, മതങ്ങളും ഭൂഗോളത്തിലെവിടേയുംതന്നെ കണ്ടുവരുന്നില്ല. ദ്രവീഡിയൻ, മങ്കോളിയൻ, ഇണ്ടോ-ആര്യൻ, എന്നീ വർഗ്ഗങ്ങളിൽപ്പെട്ടവരും, തമിഴ്, തെലുങ്ക്, കർണ്ണാടകം, ബങ്കാളി, മറാത്തി, ഹിന്ദി, തുടങ്ങിയുള്ള ഭാഷകൾ സംസാരിക്കുന്നവരും, ഹിന്ദുമതം, മുഹമ്മദുമതം, ജൈനമതം, ക്രിസ്തുമതം, മുതലായ മതങ്ങളവലംബിച്ചിരിക്കുന്നവരും ഇന്ത്യയിലുണ്ട്. വളരെ ജാതിമതവ്യത്യാസങ്ങളും മററും ഉണ്ടായിത്തീർന്നതെങ്ങിനെയെന്നാലോചിക്കേണ്ട വിഷയംതന്നെയാണ്.

ചരിത്രകാലത്തു പല വർഗ്ഗക്കാരും ഇന്ത്യയെ ആക്രമിക്കുകയുണ്ടായി. രാജ്യത്തെ കൊള്ളചെയ്തു നഗരങ്ങളെ നശിപ്പിച്ച് ജനങ്ങളെ കൊലചെയ്തു ചിലർ മടങ്ങിപ്പോകയുണ്ടായി. എന്നാൽ മററു ചില വർഗ്ഗങ്ങൾ ഇന്ത്യയുടെ ഫലപുഷ്ടിയും ധനപുഷ്ടിയും കണ്ടു ഇവിടെത്തന്നെ വാസമുറപ്പിക്കയുണ്ടായി. കാലാന്തരത്തിൽ ഇപ്രകാരം വന്നെത്തിയ വർഗ്ഗങ്ങളും ഇന്ത്യക്കാരും തമ്മിൽ തമ്മിൽ വിവാഹബന്ധങ്ങളിലും മററും ഏർപ്പെട്ടു. തൽഫലമായി മിശ്രജാതികളുമുണ്ടായിത്തീർന്നു. നാനാതരത്തിലുള്ള

ഭാഷകൾ സംസാരിച്ചിരുന്നവരും ഇവരുടെ ഇടയിലുണ്ടായിരുന്നു. പിതൃക്കളേയും, പ്രകൃതിദേവതകളേയും, മററും ആരാധിച്ചിരുന്ന ജനങ്ങളായിരുന്നു അവർ. പിന്നെ ഓരോരോ കാലങ്ങളിൽ ഭൂജാതരായ പ്രവാചകന്മാർ നാനാതരം മതങ്ങളും സ്ഥാപിച്ചു. ജനങ്ങൾ നാനാമതസ്ഥന്മാരാവുകയും ചെയ്തു.

ആദിമകാലത്തു ഇന്ത്യയിൽ പാർത്തിരുന്നവരാണത്രെ ദ്രാവിഡർ. ഇവർ വനദേവതകളേയും, നാഗങ്ങളേയും മററും ആരാധിച്ചുവന്നു. ഇന്നു വിന്ധ്യൻെറ ദക്ഷിണഭാഗത്തു പാർത്തുവരുന്നവരിൽ അധികംപേരും ദ്രാവിഡരുടെ സന്താനങ്ങളാണ്. തമിഴ്, തെലുങ്ക്, മലയാളം, കർണ്ണാടകം, തുളു, മുതലായവ ദ്രാവിഡഭാഷകളാണ്.

[പാമ്പിൻകാവുകൾ നമ്മുടെ നാട്ടിൽ വളരെ കണ്ടുവരുന്നുണ്ടല്ലോ. അതിൻെറ രഹസ്യമെന്താണെന്നറിയാമോ?]

മദ്രാസ് സംസ്ഥാനത്തിൻെറ ഉത്തരഭാഗമായ ആന്ധ്രദേശത്തും ഹൈദരബാദിൻെറ ഒരു ഭാഗത്തും പാർക്കുന്ന ജനങ്ങൾ തെലുങ്ക് സംസാരിച്ചുവരുന്നു. മംഗലാപുരത്തിൻെറ ചുററുമുള്ള പ്രദേശങ്ങളിലും, മൈസൂരിലും മററും കർണ്ണാടകവും മലബാറിൽ മലയാളവും, കന്യാകുമാരിവരെയുള്ള ഡക്കാനിലെ മററു ഭാഗങ്ങളിൽ തമിഴുമാണ് വീട്ടുഭാഷ.

മദ്ധ്യേന്ത്യയിലെ കാടുകളിലും മററും വസിക്കുന്ന അപരിഷ്കൃതരായ ജനങ്ങളും ദ്രാവിഡവർഗ്ഗത്തിൽപ്പെട്ടവരാണത്രെ.

മംഗോളിയൻ വർഗ്ഗക്കാർ കിഴക്കുനിന്നു വന്നവരാണ്. ബർമ്മ, ആസ്സാം, നേപാളം മുതലായ രാജ്യങ്ങളിലാ

ണ് ഇവരെ കണ്ടുവരുക. ബങ്കാളിലുള്ള ജനങ്ങളിലൊരുഭാഗം മംഗോളിയരും ദ്രാവിഡരും കൂടിച്ചേൎന്നൊരു മിശ്രജാതിയാണത്രെ. ബൎമ്മൻസ് ബൎമ്മീസ് ഭാഷയും, ബങ്കാളികൾ ബങ്കാളിഭാഷയും സംസാരിക്കുന്നു.

എന്നാൽ 4000 സംവത്സരങ്ങൾക്കു മുമ്പ് മദ്ധ്യേഷ്യയിൽനിന്നു ഒരു വൎഗ്ഗക്കാർ ഇന്ത്യയിൽ വന്നുചേൎന്നു. ഇവരെയാണ് 'ഇന്ദോ-ആൎയ്യന്മാർ' എന്നു പറഞ്ഞുവരുന്നതു്. ഇവർ സിന്ധുനദീതീരത്തിൽ വസിക്കുമ്പോഴാണ് മറെറാരു കൂട്ടം ആൎയ്യന്മാർ പഞ്ചാബിൽ പ്രവേശിച്ചതു്. അപ്പോൾ അവിടെ ആദ്യം വസിച്ചിരുന്നവർ ഗംഗാതാഴ്‌വരയിലും, വിന്ധ്യന്റെ പൂൎവ്വപാൎശ്വത്തിൽ കൂടി തെക്കോട്ടു കടന്നു ഡക്കാനിലും വ്യാപിച്ചു. ശുദ്ധ ഇന്ദോ-ആൎയ്യന്മാരെ ഇന്നു പഞ്ചാബിൽ കാണാം. മററു പ്രദേശങ്ങളിലെത്തിച്ചേൎന്നവർ ദ്രാവിഡരുമായി കൂടിച്ചേൎന്നു് ഒരു മിശ്രവൎഗ്ഗമായിത്തീൎന്നു.

ആൎയ്യഭാഷ സംസ്കൃതമാണ്. പഞ്ചാബി, മറാട്ടി, ഗുജറാത്തി, മുതലായ ഭാഷകൾ ആൎയ്യഭാഷയിൽനിന്നുണ്ടായവയാണ്.

പേൎസ്യയിൽനിന്നു ആൎയ്യന്മാരാൽ ഓടിക്കപ്പെട്ടു ഇന്ത്യയിൽ രക്ഷപ്രാപിച്ചവരാണ് ബോംബെയിൽ കണ്ടുവരുന്ന അഗ്ന്യാരാധനക്കാരായ 'പാൎസികൾ.' ഇന്നത്തെ മഹാരാഷ്ട്രരും ഇന്ദോ-ആൎയ്യന്മാരുടെ സന്താനങ്ങൾ തന്നെയാണ്.

അറബികൾ, തുൎക്കികൾ, പട്ടാണികൾ മുതലായവർ പശ്ചിമേഷ്യയിൽനിന്നാണു ഇവിടെ വന്നുചേൎന്നതു്. ഇവർ ഉറുദു, ഹിന്ദി, ഹിന്ദുസ്ഥാനി മുതലായ ഭാഷകൾ സംസാരിച്ചുവരുന്നു.

അദ്ധ്യായം 19

മതങ്ങൾ

ഇന്ത്യയിൽ പലേ മതക്കാരും ജീവിച്ചുവരുന്നുണ്ട്. മുഖ്യമായ മതങ്ങൾ (1) ഹിന്ദുമതം, (2) മുഹമ്മദുമതം, (3) ക്രിസ്തുമതം, (4) ജൈനമതം, (5) സിക്കുമതം, എന്നിവയാണു്. ഒരു കാലത്തു ബുദ്ധമതം ഇവിടെ ഏററവും പ്രചാരമായിരുന്നുവെങ്കിലും ഇന്നു ആ മതം ഇന്ത്യയിൽ തീരെ അസ്തമിച്ചിരിക്കുന്നു. സിലോൺ, ബർമ്മ, ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളിൽ ബുദ്ധമതക്കാരാണു് ഇന്നും അധികമുള്ളതു്.

ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും ഹിന്ദുക്കളാണു്. പിന്നെ എണ്ണത്തിൽ കൂടുതലുള്ളതു മുഹമ്മദുമതക്കാരായിരിക്കും. ജൈനമതക്കാർ വളരെ കുറവാണു്. ജൈനമതവും, ബുദ്ധമതവും ഹിന്ദുമതത്തിൽനിന്നുത്ഭവിച്ചതായി കണക്കാക്കാം.

ബോംബെയിൽ കണ്ടുവരുന്ന പാർസികൾ അഗ്ന്യാരാധനക്കാരായ സൌരാഷ്ട്രമതക്കാരാണു്. ശ്രീ യേശുവിൻെറ അനുഗാമികളാണു ക്രിസ്ത്യാനികൾ. ഇവരുടെ എണ്ണം ദിനംപ്രതി ഇന്ത്യയിൽ വർദ്ധിച്ചുവരുന്നുണ്ട്. സിക്കുമതക്കാർ ഗുരുഗോവിന്ദ്, ഗുരുനാനാക്കു്, എന്ന പുണ്യപുരുഷന്മാരുടെ അനുഗാമികളാണു്. മുഹമ്മദുനബിയാണു മുഹമ്മദുമതസ്ഥാപകൻ. ജൈനമതം ബുദ്ധമതത്തോടു് ഏതാണ്ടു സാദൃശ്യമുള്ളതാണു്. ജൈനമതത്തിൻെറ സ്ഥാപകനാണു 'മഹാവീരൻ'.

ഏതുമതമാണു് ഏററവും നല്ലതെന്നു ബാലന്മാർ ചിലപ്പോൾ ചോദിക്കാറുണ്ട്. ഇതിന്നു ശരിയായ മ...

പടി ആക്കും പറയുവാൻ സാദ്ധ്യമല്ല. എന്നാൽ നിങ്ങൾ അറിഞ്ഞിരിക്കേണ്ട ഒരു സംഗതി എന്തെന്നാൽ, മതസ്ഥാപകന്മാരെല്ലാം പുണ്യപുരുഷന്മാരായിരുന്നു. അവർ വലിയ ദൈവഭക്തന്മാരായിരുന്നു. എല്ലാവരും ഒരേ തത്വംതന്നെയാണു ലോകത്തെ പഠിപ്പിച്ചിട്ടുള്ളതു്. ആ തത്വം 'ദൈവം ഒന്നേയുള്ളു'എന്നതാണു്.

ജാതികൊണ്ടും, മതംകൊണ്ടും, ഭാഷകൊണ്ടും, മററു പല പ്രകാരത്തിലും വ്യത്യാസപ്പെട്ടു കിടക്കുന്ന നമ്മുടെ നാട്ടുകാർ മത്സരബുദ്ധി ഉപേക്ഷിച്ചു് ഏകോദരസഹോദരന്മാരെപ്പോലെ യോജിച്ചു രാജ്യാഭിവൃദ്ധിക്കുവേണ്ടി പ്രവൎത്തിക്കുന്നപക്ഷം, രാജ്യത്തിന്നു സ്വാതന്ത്ര്യവും, ജനങ്ങൾക്കു സുഖവും അചിരേണ വന്നുചേരുന്നതാണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

രണ്ടാം ഖണ്ഡം

—*—

അദ്ധ്യായം 1

—*—

രാജ്യവിഭാഗങ്ങൾ

നമ്മുടെ രാജ്യമാസകലം ഒരുകാലത്തു നാട്ടുരാജാക്കന്മാരാണു ഭരിച്ചിരുന്നതു്. എന്നാൽ 200 കൊല്ലങ്ങൾക്കു മുമ്പു് കച്ചവടാവശ്യാൎത്ഥം ഇന്ത്യയിലേക്കു യൂറോപ്പിൽനിന്നും പോൎത്തുഗീസുകാർ, ലന്തക്കാർ, ഇംഗ്ലീഷുകാർ, പരന്ത്രീസുകാർ മുതലായവർ വന്നെത്തി. അന്ന

ത്തെ നാട്ടുരാജാക്കന്മാരിൽ ചിലരുടെ അനുമതിയോടുംകൂ ടി കോഴിക്കോട്ട്, കൊച്ചി, മയ്യഴി, സൂരത്ത്, ബോം ബെ, മദ്രാസ്, പുതുശ്ശേരി, മച്ചിലിപട്ടണം, കൽക്കത്ത ഡൽഹി, ആഗ്ര, മുതലായ സ്ഥലങ്ങളിലും മററും പാണ്ടി കശാലകരം പണികഴിച്ചു കച്ചവടം തുടങ്ങി. കാലക്രമേ ണ വിദേശീയർ നാട്ടുരാജാക്കന്മാരുടെ കാര്യങ്ങളിൽ ഏ ർപ്പെട്ടും, യുദ്ധംചെയ്തും, മററു പലേ പ്രകാരേണയും രാജ്യ ത്തിൻെറ ഓരോ ഭാഗങ്ങളായി കൈക്കലാക്കുകയും ചെ യ്തു. നാട്ടുകാരുടെ ഐക്യമില്ലായ്മയും, വിദേശീയരുടെ ത ന്ത്രവും, സാമത്ഥ്യവുംമൂലം നാട്ടുരാജാക്കന്മാക്കുണ്ടായിരു ന്ന ഭരണാധികാരം കാലക്രമേണ കൈമാറിപ്പോകുകയും ചെയ്തു. ഇപ്രകാരം സ്വതന്ത്രരായിരുന്ന ഇന്ത്യക്കാർ പ രതന്ത്രരായിത്തീൎന്നു.

ഇന്ത്യയിൽ ബ്രിട്ടീഷുകാർ നേരിട്ടു ഭരിക്കുന്നതും, ഗ വമ്മേണ്ടിൻെറ ഉപദേശങ്ങരം വാങ്ങി നാട്ടുരാജാക്കന്മാ രാൽ ഭരിക്കപ്പെടുന്നതും, സ്വതന്ത്രനാട്ടുരാജാക്കന്മാർ ഭ രിക്കുന്നതും, യൂറോപ്പിലുള്ള മററു രാജ്യക്കാക്കധികാരാവ കാശങ്ങളുള്ളതുമായ രാജ്യവിഭാഗങ്ങളുണ്ട്. ഇവയെപ്പ ററി നമുക്കാലോചിക്കാം.

ഇംഗ്ലണ്ടിലെ രാജാവിന്നു് ഇന്ത്യാചക്രവത്തിയെന്നു കൂടി സ്ഥാനപ്പേരുണ്ട്. ചക്രവത്തിയുടെ പ്രതിനിധിയാ ണു വൈസ്റോയ് എന്ന ഉദ്യോഗസ്ഥൻ. ഇദ്ദേഹമാ ണു ബ്രിട്ടീഷ് ഇന്ത്യയെ ഭരിക്കുന്നതു്. ബ്രിട്ടീഷ്ഇന്ത്യയെ സംസ്ഥാനങ്ങളായും പ്രോവിൻസുകളായും ഭാഗിച്ചിരിക്കു ന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

സംസ്ഥാനങ്ങളുടെ പേർ	ഭരണാധികാരിയുടെ പേർ
1. മദ്രാസ് 2. ബോംബെ 3. ബങ്കാളം	ഗവണ്ണർ
4. ഐക്യസംസ്ഥാനങ്ങൾ, 5. പഞ്ചാബ് 6. ബീഹാർ ഒറീസ്സ, 7. ബമ്മ.	ലഫ്ററനൻറ് ഗവണ്ണർ.
8. വടക്കപടിഞ്ഞാറെ അതിർത്തി സംസ്ഥാനങ്ങൾ 9. ആസ്സാം 10. മദ്ധ്യസംസ്ഥാനങ്ങൾ.	ചീഫ് കമീഷണർ.
11. ബ്രിട്ടീഷ ബലൂചിസ്ഥാനം 12. അജ്മീർ—മീർവാറ 13. കൂർഗ് 14. ഡൽഹി 15. ആൻഡമാൻസ്.	കമീഷണർ.

ഇപ്രകാരം ഭരണസൌകൎയ്യത്തിന്നുവേണ്ടി 15 ഭാഗങ്ങളാക്കിയിരിക്കുന്നു. സൌകൎയ്യത്തിന്നുവേണ്ടി സംസ്ഥാനങ്ങളെ ഇനിയും ചെറിയ ഭാഗങ്ങളാക്കിയെന്നുവരാം. സിണ്ടിനെ ബോംബെയിൽനിന്നും, ഒറീസ്സയെ ബീഹാറിൽനിന്നും അടുത്തകാലത്തു വേർതിരിപ്പാൻ ഇടയുണ്ട്. ഭൂപടം നോക്കി സംസ്ഥാനങ്ങളുടെ കിടപ്പിനെ മനസ്സിലാക്കുക.

ബ്രിട്ടീഷ്സംരക്ഷണയിൻകീഴിൽ 500-ൽപരം ചെറിയതും വലിയതുമായ നാട്ടുരാജ്യങ്ങളുണ്ട്. അവിടത്തെ രാജാക്കന്മാൎക്ക ഭരണവിഷയത്തിൽ വേണ്ടുന്ന ഉപദേശങ്ങൾ കൊടുപ്പാനായി പൊലിട്ടിക്കൽ ഏജൻറുമാരെ നിയമിച്ചിരിക്കുന്നു. നമ്മുടെ രാജ്യമായ കൊച്ചിയും, തിരുവിതാംകൂർ, മൈസൂർ, ഹൈദരബാദ്, ബറോഡ, മുതലായവയും പ്രസ്തുതവകുപ്പിൽ ഉൾപ്പെട്ട നാട്ടുരാജ്യങ്ങളാണ്.

ഹിമാലയത്തിന്റെ അടിവാരത്തിൽ കിടക്കുന്ന നേപാളവും, ബുട്ടാനും സ്വതന്ത്രരാജ്യങ്ങളാണ്. എങ്കിലും അവിടെയും ബ്രിട്ടീഷ് ഗവമ്മേണ്ടിന്റെ ദൂതന്മാർ വസിക്കുന്നുണ്ട്.

യൂറോപ്പിലെ മററുരാജ്യക്കാരിൽ പിന്നെ പരന്ത്രീസുകാക്കാണ് ഇന്ത്യയിൽ അധികം സ്ഥലങ്ങളുള്ളത്. മദ്രാസിന്നു തെക്കുള്ള പുതുശ്ശേരിയും, മാഹി, യാനം, കാരിക്കൽ, ചന്ദ്രനഗരം, മുതലായവയുമാണ് അവക്കുള്ള സ്ഥലങ്ങൾ. അറബിക്കടൽത്തീരത്തുള്ള ഗോവ, ഡിയു, ഡാമൻ, എന്നിവ മൂന്നും പോത്തുഗീസുകാരുടെ സ്ഥലങ്ങളാണ്.

അദ്ധ്യായം 2

ബോംബെ സംസ്ഥാനം

ഇന്ത്യയിൽനിന്നു യൂറോപ്പിലേക്കു പോകുന്ന ഭൂരിപക്ഷം ജനങ്ങളും ബോംബെതുറമുഖത്തിൽനിന്നു കപ്പൽ കയറുന്നു. നാട്ടിൽ ഉദ്യോഗമില്ലാതെ കുഴങ്ങുന്ന യുവാക്കൾ ബോംബെയ്ക്കുപോകുന്നു. ഇവ രണ്ടിന്നും കാരണമെന്ത്?

യൂറോപ്പിന്നു് ഏററവും അടുത്തു കിടക്കുന്ന ഇന്ത്യയിലെ ഒന്നാംതരം തുറമുഖമാണു ബോംബെ. യൂറോപ്പും ഇന്ത്യയുമായുള്ള വ്യാപാരം ഈ തുറമുഖംവഴിയാണു നടക്കുന്നതു്. ഇവിടെനിന്നു് ഇന്ത്യയിലെ മററു പ്രധാനനഗരങ്ങളായ ഡൽഹി, കൽക്കത്ത, മദ്രാസ്, എന്നീ സ്ഥലങ്ങളിലേക്കു തീവണ്ടിപ്പാതകൾ പോകുന്നതിനാൽ തുറ

മുഖത്ത് ഇറക്കുമതിചെയ്യുന്ന ചരക്കുകളെ ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കും നിഷ്പ്രയാസം അയയ്ക്കാവുന്നതാണു്. ബോംബെ സംസ്ഥാനത്തുണ്ടാകുന്ന പരുത്തിയും ഇതിലൂടെയാണു കയററുമതിചെയ്യുന്നതു്. ചുരുക്കിപ്പറയുന്നതായാൽ ബോംബെ ഇന്ത്യയുടെ കച്ചവടകേന്ദ്രമാണു്. സംസ്ഥാനത്തിലുള്ള 203 പരുത്തിവ്യവസായശാലകളിൽ പകുതിയിലധികം ബോംബെ നഗരത്തിൽത്തന്നെയാണു സ്ഥാപിച്ചിരിക്കുന്നതു്. ഈ കമ്പനികളിൽ ജോലിക്കുവേണ്ടിയാണു ജനങ്ങൾ അവിടെയ്ക്കു തിക്കിത്തിരക്കിച്ചെല്ലുന്നതു്.

ഭൂപടം നോക്കുക. തെക്കുഭാഗത്തു സമുദ്രതീരം വീതി കുറഞ്ഞിരിപ്പാൻ കാരണമെന്തു്? വടക്കുഭാഗത്തോ തെക്കുഭാഗത്തോ വിടവുകൾ അധികമുള്ളതു്? കത്ത്യവാർ അർദ്ധദ്വീപിന്റെ ഇരുഭാഗത്തുമായിക്കിടക്കുന്ന കച്ച്, കാമ്പേ, എന്നീ ഉൾക്കടലുകൾ ആഴംകുറഞ്ഞിരിക്കുന്നു. കറാച്ചി തുറമുഖം ഏതു നദീമുഖത്താണു കിടക്കുന്നതു്? തുറമുഖത്തിന്റെ വടക്കായി 'കെത്തർ'മലകൾ കിടക്കുന്നതായി കാണാം. ഇതിൽനിന്നു കിഴക്കോട്ടു മലനിരകൾ കിടക്കുന്നുണ്ടോ? അറബിക്കടലിൽനിന്നടിക്കുന്ന വഷവാതങ്ങളെ തടയുവാൻ ഇവിടെ മലകളില്ലാത്തതിനാലാണു സിണ്ടു മിക്കമാറും മരുഭൂമിയായിത്തീർന്നിരിക്കുന്നതു്. സിണ്ടിൽ നദീതീരത്തിൽ മാത്രമെ കൃഷിചെയ്യുവരുന്നുള്ളു. സിണ്ടിന്റെ വടക്കുകിഴക്കായി 'താർ' മരുഭൂമി കിടക്കുന്നു. ഇന്ത്യയിൽവെച്ചു് ഏററവും ചൂടും വരൾച്ചയുമുള്ള പ്രദേശമാണിതു്.

സംസ്ഥാനത്തിന്റെ ദക്ഷിണഭാഗമാണല്ലൊ കൊങ്കണദേശം. ഇവിടെ മഴ സമൃദ്ധിയാണ്. കാരണമെന്തു്? നദികൾ മിക്കവയും നീളം കുറഞ്ഞിരിക്കും. എന്നാൽ

നമ്മദയും, തപതിയും വലുപ്പംകൂടിയ നദികളാണ്. നമ്മദ വിന്ധ്യന്നും, തപതി ശതപുരപവ്തത്തിന്നും ദക്ഷിണഭാഗത്തുകൂടി ഒഴുകിവരുന്നു.

പശ്ചിമഘട്ടത്തിൻെറ പൂവ്ഭാഗത്തിൽ ഈ സംസ്ഥാനം 150 നാഴികയോളം വ്യാപിച്ചുകിടക്കുന്നു. ആ പ്രദേശത്തുകൂടിയാണു ഗോദാവരി, കൃഷ്ണ, ഭീമ, എന്നീ നദികൾ കിഴക്കോട്ടൊഴുകുന്നതു്. ഈ പ്രദേശമാണു ഡക്കാനിലെ 'ലാവാറീജിയൻ' എന്നു പറയുന്ന പരുത്തി കൃഷിക്കു പററിയ മണ്ണുള്ളതായ സ്ഥലം.

ബോംബെ സംസ്ഥാനത്തിലെ മുഖ്യകൃഷി പരുത്തി തന്നെയാണ്. കത്ത്യവാർ, ഗുജറാത്ത്, കാണ്ടെഷ്, ബെൽഗാം, ഡർവാർ, ഹുബ്ളി, എന്നീജില്ലകളിൽ പരുത്തിത്തോട്ടങ്ങളല്ലാതെമറെറാന്നും കാണുന്നതല്ല.

നഗരങ്ങൾ

1. ബോംബെ തലസ്ഥാനനഗരമാണ്. ഇന്ത്യയിലെ ഏററവും വലിയ തുറമുഖവും കച്ചവടകേന്ദ്രവുമാണ്. ഇവിടെ ഒരു സർവ്വകലാശാലയും അസംഖ്യം കോളേജുകളുമുണ്ടു്. ഗവണ്ണരുടെ ആഫീസും, സംസ്ഥാനത്തിലെ ഹൈക്കോടതിയും ഇവിടെത്തന്നെയാണു സ്ഥിതിചെയ്യുന്നതു്. 2. കറാച്ചി സിന്ധുനദിയുടെ ശാഖാമുഖത്തു സ്ഥിതിചെയ്യുന്ന ഈ തുറമുഖം രണ്ടാമത്തെ വലിയ നഗരമാണു. നദീതീരത്തുകൂടി പഞ്ചാബിലേക്കു ഒരു തീവണ്ടിപ്പാതയുണ്ടു്. സിണ്ടിലെ പരുത്തിയും, പഞ്ചാബിലെ കോതമ്പുംഈ തുറമുഖത്തുനിന്നു കയററിഅയയ്ക്കപ്പെടുന്നു. 3. കത്ത്യവാർ അർദ്ധദ്വീപിൻെറ ഇരുഭാഗത്തുമായി അസംഖ്യം ചെറിയ തുറമുഖങ്ങൾ കാണാം. നവനഗരം, വീരവാൾ, ഭുവനഗരം, കാമ്പേ, ബ്രോച്ച്, സൂരത്തു്, എന്നിവയാണു മുഖ്യമായവ. 4. അഹമ്മദബാദ്

ഒരു വലിയ നഗരമാണ്. പരുത്തിവസ്ത്രമുണ്ടാക്കുന്ന 70 മില്ലുകൾ ഈ നഗരത്തിലുണ്ട്. 5. പൂന ചരിത്രപ്രസിദ്ധിയുള്ള ഒരു നഗരമാണ്. ഈ നഗരത്തിന്റെ തെക്കുഭാഗത്താണ 4500 അടി ഉയരത്തിൽ കിടക്കുന്ന മഹാബലീശ്വരം എന്ന സുഖവാസസ്ഥലം. ബോംബെ ഗവർണ്ണർ വേനൽക്കാലത്തു പ്രസ്തുതസ്ഥലത്താണ വസിക്കുന്നതു്.

—*—

അദ്ധ്യായം 3

സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ

(എ) പഞ്ചാബ്

കറാച്ചി തുറമുഖത്തു പരുത്തിയുംകോതമ്പും കയററിപ്പോകുന്ന അസംഖ്യം കപ്പലുകൾകാണാം. അവിടെനിന്നു വടക്കോട്ടു തീവണ്ടിയാത്രചെയ്യുമ്പോൾ ചൂടും വരൾച്ചയുമുള്ള പ്രദേശങ്ങളാണ് ഒന്നാമതായി കാണുന്നതു്. ഈ പ്രദേശം 'സിണ്ട്' ആണ്. നദീതീരങ്ങളിൽ മാത്രമെ കൃഷിചെയ്യുന്നുള്ളു. സിണ്ടിന്റെ വടക്കെ അതൃത്തി കടന്നാൽ പഞ്ചാബായി. പഞ്ചാബിലെത്തിയാൽ കാണുന്ന കാഴ്ച എണ്ണമില്ലാത്ത നീർച്ചാലുകളും കോതമ്പുവയലുകളുമാണ്. ലോകത്തിലെവിടെയും ഇത്ര വിശേഷമായ നീർച്ചാലുകൾ കണ്ടുകിട്ടുകയില്ല.

വടക്കോട്ടുചെല്ലുംതോറും വരൾച്ച ഉണ്ടെങ്കിലും കുളമ്മ കൂടിവരുന്നു. പഞ്ചാബിന്റെ വടക്കുകിഴക്കായി ഹി

മാലയം കിടക്കുന്നു. സിന്ധുവിന്നും പോഷകനദിയായ ജലത്തിന്നും ഇടയിലുള്ള പ്രദേശത്തിന്റെ ഉത്തരഭാഗം ഉയന്നും, ദക്ഷിണഭാഗം മൈതാനമായുമിരിക്കുന്നു. സിന്ധുതീരത്തിലേക്കു അല്പം ചരിഞ്ഞു കിടക്കുകയും ചെയ്യുന്നു.

പഞ്ചാബ് മഴ കുറവായ സംസ്ഥാനമാണ്. തരിശുഭൂമികൾ ഒട്ടധികമുണ്ടായിരുന്നു. ജലസമ്പൂർണ്ണമായ നദികളും മിക്കവാറും നിരപ്പായ ഭൂപ്രകൃതിയും തോട്ടകൾ വെട്ടുവാനും കൃഷിചെയ്വാനും സൌകര്യം നൽകി. ഗവമ്മെണ്ടിൽനിന്നു പ്രതിവർഷം നീർച്ചാലുകൾ നിർമ്മിക്കേണ്ടതിലേക്കു വളരെ പണം ചെലവാക്കുന്നുണ്ടു്. സിണ്ടിൽ സുക്കുർ എന്ന സ്ഥലത്തു സിന്ധുവിന്മേൽ വളരെ പണം ചെലവുചെയ്തു കെട്ടിയിരിക്കുന്ന ചിറയാണ് 'സുക്കുർഡാം.' ഈ ചിറകെട്ടിയതോടുകൂടി സിണ്ടിൽ തരിശായിക്കിടന്നിരുന്ന അനേകലക്ഷം ഏക്കർ സ്ഥലം വിലസുന്ന ഉദ്യാനമായിത്തീന്നു. മനുഷ്യപ്രയത്നംകൊണ്ടു മരുഭൂമിയും മന്ദഹസിക്കുന്ന ഉദ്യാനമാകുമെന്നതിന്നു ഇതു ഒരു ഉത്തമദൃഷ്ടാന്തമാണ്. പഞ്ചാബിന്റെ സ്ഥിതിയും ഇതുപോലെതന്നെയാണ്.

കോതമ്പിന്നുപുറമെ പഞ്ചാബിൽ പരുത്തി, ബാർലി, കരിമ്പ്, എന്നിവയും കൃഷിയുണ്ടു്. സിന്ധുവിന്റെ അഞ്ചു പോഷകനദികളിൽ ചിറകളും അവയുടെ തീരങ്ങളിൽ കൃഷിയുമുണ്ടു്.

നഗരങ്ങൾ

(1) ലാഹോറാണു തലസ്ഥാനനഗരം. (2) അമരിററ്സർ (അമൃതസരസ്സ്) സിക്കുകാരുടെ പുണ്യസ്ഥലമാണ്. (3) റാവൽപിണ്ടി അതൃത്തിസംസ്ഥാനത്തിന്നടുത്തുള്ള നഗ

രമാണു്. ഇവിടെ പട്ടാളങ്ങളുടെ ഒരു പാളയമുണ്ടു്. നഗരത്തിന്നടുത്തു സ്വർണ്ണം കണ്ടുവരുന്നുണ്ടു്. (4) അറേറാക്കു് സിന്ധുവിന്റെ തീരത്തിൽ സ്ഥിതിചെയ്യുന്നു. ഈ നഗരത്തിന്നടുത്തുകൂടിയാണു ഗ്രീസിലെ രാജാവായിരുന്ന അലക്സാണ്ടർ ഇന്ത്യയെ ആക്രമിക്കുവാൻ നദിയെ തരണം ചെയ്തതു്. (5) സിംല ഹിമവാന്റെ പാർശ്വത്തിലുള്ള ഈ നഗരത്തിലാണു് വൈസ്റോയ് വേനൽക്കാലത്തു് വസിക്കുന്നതു്.

(ബി) ഡൽഹി

ഡൽഹിയും ചുററുമുള്ള പ്രദേശങ്ങളുംകൂടി അടുത്തകാലത്തു് ഒരു പ്രത്യേകം സംസ്ഥാനമാക്കിയിരിക്കുന്നു. ഡൽഹിയിൽ നാനാപ്രദേശങ്ങളിൽനിന്നും തീവണ്ടിപ്പാതകൾ വന്നുചേരുന്നതിനാൽ ഇതിനെ ഒരു വലിയ ജംക്ഷനാണെന്നു പറയാം. ഡൽഹിയുടെ സ്ഥാനത്തിന്നു മറെറാരു വിശേഷമുണ്ടു്. സിന്ധുഗംഗാസമതലത്തിന്റെ ഏററവും വീതികുറഞ്ഞ ഒരു സ്ഥലത്താണു ഡൽഹിനഗരം സ്ഥിതിചെയ്യുന്നതു്. ഈ പ്രദേശത്തുകൂടിയാണു വടക്കുപടിഞ്ഞാറുള്ള കൈബർചുരം കടന്നു പഞ്ചാബിൽ പ്രവേശിച്ചശേഷം ആര്യന്മാരും, അനേകം ആക്രമികളും, ഗംഗാതാഴ്വരയിലേക്കിറങ്ങിവന്നതു്. വടക്കു ഹിമാലയവും, തെക്കു ഉന്നതഭൂമികളും കിടക്കുന്നതിനാൽ ഗംഗാതാഴ്വരയിലെത്തിച്ചേരുവാൻ വേറെ സുഗമമായ മാർഗ്ഗങ്ങളൊന്നുമില്ല. അതിനാൽ ഈ പ്രദേശത്തെ നല്ലവണ്ണം സൂക്ഷിച്ചുരക്ഷിക്കേണ്ടതായിട്ടുണ്ടു്. ഇന്ത്യയുടെ തലസ്ഥാനം കൽക്കത്തയിൽനിന്നു ഡൽഹിയിലേക്കു മാററിയതിന്റെ രഹസ്യവും ഇതുതന്നെയാണു്.



ഗംഗാസമനിലം.

അദ്ധ്യായം 4

സിന്ധുഗംഗാ സമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ

(തുടച്ച്)

(സി) ഐക്യസംസ്ഥാനങ്ങൾ

പഞ്ചാബിൽനിന്നു യമുനയെ തരണംചെയ്തു കിഴക്കോട്ടു ചെന്നാൽ ഐക്യസംസ്ഥാനത്തിലെത്താം. ഐക്യസംസ്ഥാനങ്ങളുടെ വടക്കെ അതൃത്തി ഹിമാലയമാണ്. തെക്കോട്ടു മദ്ധ്യസംസ്ഥാനംവരെ വ്യാപിച്ചുകിടക്കുന്നുണ്ടു്. ഡക്കാൻ പീഠഭൂമിയുടെ ഒരു ചെറിയ ഭാഗവും ഈ സംസ്ഥാനത്തിൽ ഉൾപ്പെടുന്നുണ്ടു്.

'ആഗ്ര, ഔഡ്' എന്നീ രണ്ടു സംസ്ഥാനങ്ങൾ ഒന്നിച്ചുകൂടിച്ചേർന്നതാണ് ഐക്യസംസ്ഥാനങ്ങൾ. സംസ്ഥാനത്തെ ഭൂപ്രകൃതിയനുസരിച്ചു മൂന്നു സ്വാഭാവികതടങ്ങളായി ഭാഗിക്കാം. അവ (1) <u>ഹിമാലയൻപ്രദേശം</u>. വടക്കുള്ള ഈ പ്രദേശം വൻകാടുകളും, ആന വ്യാഘ്രം മുതലായവയുടെ ആവാസഭൂമിയുമാണ്. (2) ദക്ഷിണോന്നതഭൂമി. ഇതു ഡക്കാനിൻെറ ഒരു ഭാഗവും, പശിമ കുറഞ്ഞതും, വരൾച്ച കൂടിയതുമാണ്. പ്രസ്തുത രണ്ടു പ്രദേശങ്ങളും മനുഷ്യർക്കു് അധിവാസത്തിന്നു പററിയവയല്ല. (3) <u>മദ്ധ്യഭാഗം</u>. ഇതു ഗംഗാ യമുനാ എന്നീ നദികളുടെ താഴ്‌വരകളാണ്. വളരെ ഫലപുഷ്ടിയും, സമൃദ്ധിയായി കൃഷിയും, വലിയ ജനത്തിരക്കമുള്ളതായ

ഈ പ്രദേശം കിഴക്കോട്ടു പാററ്നവരെ വ്യാപിച്ചുകിടക്കുന്നു. ഈ പ്രദേശത്തുകൂടി ഗംഗയും, യമുനയും പുറമെ മററനേകം ചെറുനദികളും ഒഴുകിപ്പോകുന്നു. വിസ്താരവും, ഫലപുഷ്ടിയും, സുലഭമായി മഴയും, എണ്ണമില്ലാത്ത നീർച്ചാലുകളും കൃഷിക്കു വേണ്ടുന്നതായ സൌകര്യം നൽകുന്നു. ഇപ്രകാരം കൃഷിചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ കോതമ്പ്, ബാർലി, ചോളം, കരിമ്പ്, പയറുവർഗ്ഗങ്ങൾ, നെല്ലു, മുതലായവയാണ്.

പുരാതന ആര്യന്മാർ വസിച്ചിരുന്ന 'മദ്ധ്യദേശം' ഇതാണ്. ഗംഗയും യമുനയും പുണ്യതീൎത്ഥങ്ങളാണ്. ഇവയുടെ തീരത്തായി കാശി, പ്രയാഗ, അയോദ്ധ്യ, കന്യാകുബ്ജം, മധുര, ഹരിദ്വാരം, മുതലായ പുണ്യസ്ഥലങ്ങൾ സ്ഥിതിചെയ്യുന്നു.

നഗരങ്ങൾ

(1) അലഹബാദ് (പ്രയാഗ) സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഈ നഗരം യമുന ഗംഗയോടു സംഗമിക്കുന്നേടത്താണു നിൽക്കുന്നത്. ഇവിടെനിന്നു ഡൽഹി, ബോംബെ, കല്ക്കത്ത മുതലായ നഗരങ്ങളിലേക്കു തീവണ്ടിയുണ്ട്. വലിയ കച്ചവടസ്ഥലവുമാണ്. ജലമാൎഗ്ഗമായും, തീവണ്ടിമാൎഗ്ഗമായും ഗതാഗതസൌകര്യമുണ്ട്. ഇവിടെ ഒരു സർവ്വകലാശാലയും, കോളേജുകളുമുണ്ട്. (2) കാശി. ഗംഗാതീരത്തുകിടക്കുന്ന ഈ പുണ്യനഗരത്തിലുള്ള മഹാക്ഷേത്രത്തിലേക്ക് ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും തീൎത്ഥയാത്രക്കാർ എപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ഇവിടെ ഒരു ക്ഷേത്രമല്ല ഉള്ളത്, അസംഖ്യമുണ്ട്. പട്ടുവസ്ത്രങ്ങൾ, ആഭരണങ്ങൾ, ലോഹപാത്രങ്ങൾ മുതലായവ ഇവിടെ പണിചെയ്തുവരുന്നു. (3)

കോൺപൂർ. അലഹബാദിന്നു വടക്കായി സ്ഥിതിചെയ്യുന്നു. ഉൾനാട്ടിലുള്ള നഗരങ്ങളിൽവെച്ച് ഏററവും അധികം കൈത്തൊഴിൽ നടക്കുന്ന നഗരമാകുന്നു. പരുത്തി, രോമം, തോൽ, ചണ, മുതലായവകൊണ്ടുള്ള പലേ വ്യവസായങ്ങളും നടത്തിവരുന്നു. കോൺപൂർ 'സാൽവ' യ്ക്കു ശ്രുതിപ്പെട്ടിരിക്കുന്നു. (4) യമുനാതീരത്തുള്ള ആഗ്ര മനോഹരമായ നഗരമാണ്. 'ടാജ്മഹാൾ' എന്ന മാർബിൾ കെട്ടിടം ഇവിടെയാണ്. നഗരത്തിൽ ഒരു വലിയ ധാന്യച്ചന്തയുമുണ്ട്. (5) ലക്നൌ. ഔഡിൻെറ തലസ്ഥാനമാണ്. അനവധി യവനപള്ളികൾ ഇവിടെ കാണാം. ആനക്കൊമ്പ്, കസവ്, മുതലായവകൊണ്ടുള്ള വിചിത്രവേലകൾ ഇവിടെ ചെയ്തുവരുന്നു. (6) ആലിഗാർ. ഈ നഗരത്തിൽ മുഹമ്മദീയൎക്കുവേണ്ടി പ്രത്യേകമായി ഒരു സൎവ്വകലാശാല സ്ഥാപിച്ചിരിക്കുന്നു. (7) നൈനിട്ടാൽ, മുസോറി. ഇവ രണ്ടും ഹിമാലയൻപാൎശ്വത്തിലുള്ള സുഖവാസസ്ഥലങ്ങളാണ്.

ചോദ്യം:—മദ്ധ്യസംസ്ഥാനം ജനത്തിരക്കുള്ളതായിതീരുവാൻ കാരണമെന്ത്?

അദ്ധ്യായം 5

സിന്ധുഗംഗാസമനിലത്തിലുൾപ്പെട്ട സംസ്ഥാനങ്ങൾ

(തുടൎച്ച)

(ഡി) ബീഹാർ-ഒറീസ

കാശിയിലെ വിശ്വനാഥക്ഷേത്രത്തിൽ ദൎശനം കഴിച്ച് ഗംഗയിൽക്കൂടി കിഴക്കോട്ടു യാത്രചെയ്താൽ വളരെ മനോഹരമായ കാഴ്ചകൾ കണ്ടാനന്ദിക്കാം. ഇരുകരകളിലും വലിയ പ്രാസാദങ്ങളും, വിശാലമായതും സസ്യസമ്പൂൎണ്ണമായതുമായ വയലുകളും, പ്രേക്ഷകന്മാരെ ആനന്ദഭരിതരാക്കാതെയിരിക്കയില്ല. കച്ചവടച്ചരക്കുകൾ കയററി അസംഖ്യം വള്ളങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പൊയ്ക്കൊണ്ടിരിക്കുന്നു.

കുറെ ദൂരം ചെന്നാൽ വടക്കുനിന്നു ഗോഗ്ര, ഗണ്ടക്ക്, എന്ന രണ്ടു ഹിമാലയൻ നദികളും, തെക്കുനിന്നു സോൺ എന്ന നദിയും ഗംഗയിൽ വന്നു ചേരുന്നതായി കാണാം. അല്പംക്കൂടി കിഴക്കോട്ടുചെല്ലുമ്പോൾ ചരിത്രപ്രസിദ്ധിയുള്ള പാററ്നാ നഗരത്തിലെത്താം. ഈ നഗരത്തിന്റെ സ്ഥാനവിശേഷത്തെ നോക്കുക. നാലുഭാഗത്തേക്കും ജലമാൎഗ്ഗമായി സഞ്ചരിക്കാം. അലഹബാദിനെപ്പോലെ ഇതും ഒരു കച്ചവടകേന്ദ്രമാണ്. ഈ നഗരം ബീഹാറിന്റെ തലസ്ഥാനമാണ്. പുരാണപ്രസിദ്ധിയുള്ള വിദർഭയാണത്രെ ഇന്നത്തെ ബീഹാർ.

ബീഹാർ-ഒറീസ്സ സംസ്ഥാനം ഹിമാലയംമുതൽ തെക്കോട്ട മഹാനദീതാഴ്വരവരെ വ്യാപിച്ചുകിടക്കുന്നു. ഭൂപ്രകൃതി എല്ലായിടത്തും ഒരുപോലെയല്ല. ഉത്തരഭാഗം ഗംഗാതാഴ്വരയിലുൾപ്പെട്ട സമനിലമാണ്. മദ്ധ്യഭാഗമായ ഛോട്ടാനാഗ്പൂർ ഡക്കാൻ പീഠഭൂമിയുടെ വടക്കുകിഴക്കെ അഗ്രമായ ഉന്നതഭൂമിയാണ്. ദക്ഷിണഭാഗമാകട്ടെ മഹാനദീതാഴ്വരയുമായി.

ഗംഗാതാഴ്വരയിലുൾപ്പെടുന്ന ബീഹാറിൻെറ ഉത്തരഭാഗം ഒരു ഉദ്യാനംപോലെ മനോഹരമായിരിക്കുന്നു. ഐക്യസംസ്ഥാനംപോലെ ചൂടുള്ളതാണെങ്കിലും മഴ അധികമുണ്ട്. ധാരാളം മഴയും ചൂടുമുള്ളതിനാൽ നെല്ലാണു മുഖ്യ വിളവ്. ചോളം, എണ്ണവിത്തുകൾ, കരിമ്പ്, ചണ, എന്നിവയാണു മററ് ഉൽപ്പന്നങ്ങൾ. കോതമ്പും, ബാർലിയും കുളിരുള്ള ശീതകാലത്ത് ഇവിടെ കൃഷിചെയ്തുവരുന്നു. പണ്ട് അമരിയും, പോപ്പിയും, സമൃദ്ധിയായി കൃഷിയുണ്ടായിരുന്നു. പുകയില ഇന്നും ധാരാളമായി വിളയുന്നുണ്ട്.

മദ്ധ്യഭാഗമായ ഛോട്ടാനാഗ്പൂർ കൃഷിക്കു പററിയ പ്രദേശമല്ല. ഇവിടെ നാനാതരത്തിലുള്ള ലോഹങ്ങൾ കണ്ടുവരുന്നു. 'ദാമോദർ' നദീതീരത്തു ഇരിമ്പും കൽക്കരിയും സമൃദ്ധിയായി കണ്ടുവരുന്നു. 'റാണിഗാഞ്ചു്' എന്ന സ്ഥലത്തു 450 കൽക്കരിഖനികളുണ്ട്. ഇതിന്നടുത്താണ് ഇരിമ്പുവ്യവസായത്തിൽ ഖ്യാതി നേടിയിരിക്കുന്ന 'ടാററാനഗരം.'

മഹാനദീതാഴ്വര വളരെ ഫലപുഷ്ടിയുള്ള പ്രദേശമാണ്. നദിയുടെ ഡൽററയിൽ നെല്ലാണു മുഖ്യകൃഷി.

നഗരങ്ങൾ

(1) പാററ്‌ന. ബീഹാറിൻെറ തലസ്ഥാനവും ചരിത്രപ്രസിദ്ധിയുള്ള നഗരവുമാണ്. പണ്ട് ഈ നഗരത്തിന്നു 'പാടലീപുത്രം' എന്നായിരുന്നു പേർ. (2) ഗയ ഇവിടെ വിഷ്ണുപാദക്ഷേത്രമെന്ന ഒരു മഹാക്ഷേത്രമുണ്ട്. ഇവിടെവെച്ചു പിതൃശ്രാദ്ധാദികൾ ചെയ്താൽ പിതൃക്കൾക്കു സംതൃപ്തിയുണ്ടാകുമെന്നാണു ഹിന്ദുക്കളുടെ വിശ്വാസം. ഇതിന്നടുത്താണു 'ബുദ്ധഗയ.' ബുദ്ധമതസ്ഥാപകനായ സിദ്ധാൎത്ഥനെന്ന രാജകുമാരൻ ബുദ്ധഗയയിലുള്ള ബോധിവൃക്ഷത്തിൻെറ ചുവട്ടിലിരുന്നു തപസ്സുചെയ്തു ജ്ഞാനം ലഭിച്ചുവെന്നും മററും ചരിത്രം ഘോഷിക്കുന്നു. (3) കട്ടാക്ക്. ഒറീസാവിൻെറ തലസ്ഥാനമായ ഈ നഗരം മഹാനദീഡൽററയിൽ സ്ഥിതിചെയ്യുന്നു. ആഭരണങ്ങൾ ഈ നഗരത്തിൽ ഉണ്ടാക്കിവരുന്നുണ്ട്. (4) പൂരി ഈ നഗരത്തിൽ 'ജഗന്നാഥക്ഷേത്ര'മെന്ന ശ്രുതിപ്പെട്ട മഹാക്ഷേത്രമുണ്ട്.

അദ്ധ്യായം 6

സിന്ധുഗംഗാസമനിലത്തിൽ ഉൾപ്പെട്ട സംസ്ഥാനങ്ങൾ

(തുടൎച്ച)

(ഇ) ബങ്കാൾ

നാം സിന്ധുഗംഗാസമനിലത്തിൻെറ കിഴക്കെ അററത്ത് എത്തിക്കഴിഞ്ഞു. ബീഹാറിൻെറ കിഴക്കെ അ

ത്തുിയിലെത്തിയാൽ ഗംഗാനദി തെക്കോട്ടു തിരിയുന്നു. അപ്പോരം ഹൂഗ്ലിയെന്നൊരു ശാഖ ഗംഗയിൽനിന്നു പുറപ്പെടുന്നു. ഈ ശാഖയിന്മേലാണു കൽക്കത്ത നഗരം.

ബ്രഹ്മപുത്ര ഗോലാൻഡ എന്ന സ്ഥലത്തുവെച്ചാണു ഗംഗയോടു ചേരുന്നതു്. പിന്നെ രണ്ടു നദികളും ശാഖോപശാഖകളായി പിരിഞ്ഞു സമുദ്രത്തിൽ ചേരുന്നു.

ഗംഗാ—ബ്രഹ്മപുത്രാനദികളുടെ വൈഭവത്താൽ ഉണ്ടായിത്തീൎന്ന മുക്കോൺതുരുത്താണു ബങ്കാരം. താണതായ ഈ മൈതാനം വിശാലമായിക്കിടക്കുന്നു. എന്നാൽ പശ്ചിമഭാഗം ചോട്ടാനാഗ്പൂരിലേക്കു അല്പാല്പമായി ഉയൎന്നുചെല്ലുന്നുണ്ടു്. സമുദ്രതീരത്തുള്ള ഭൂമിക്കു 'സുണ്ടർബാൻസ്' എന്നു പേർ.

ബങ്കാളിലെപ്പോലെ ഹിന്ദുസ്ഥാനത്തിൽ മറ്റെവിടെയും മഴ ലഭിക്കുന്നില്ല. ഇവിടെനിന്നു വടക്കുപടിഞ്ഞാറായി പഞ്ചാബിലേക്കു യാത്രചെയ്തു പോയാൽ മഴ ക്രമത്തിൽ കുറഞ്ഞുവരുന്നതായി കാണാം. തന്നിമിത്തം നീർച്ചാലുകരം വർദ്ധിച്ചുവരുന്നതായിക്കൂടി കാണാവുന്നതാണു്. സസ്യങ്ങരം വ്യത്യാസപ്പെട്ടുകൊണ്ടു വരുമെന്നതു നിങ്ങരംക്കു ആലോചിച്ചാൽ അറിയാവുന്നതാണു്. കാരണമെന്താണെന്നു പറയാമോ?

ബങ്കാളിലെ മുഖ്യകൃഷി നെല്ലാണു്. ചണയും സമൃദ്ധിയായി വളരുന്നുണ്ടു്. എണ്ണവിത്തുകളും കരിമ്പും തരമുള്ളേടത്തെല്ലാം കൃഷിചെയ്യപ്പെടുന്നു. ഹിമവാൻെറ ദക്ഷിണപാൎശ്വത്തിൽ അസംഖ്യം ചായത്തോട്ടങ്ങരം കാണാം. ഡാർജിലിങ്ങ് ചായയ്ക്കു ശ്രുതിപ്പെട്ടിരിക്കുന്നു.

ഹൂഗ്ലിയുടെ തീരത്തിൽ ചണനൂൽക്കുന്ന 91 യന്ത്രശാലകളുണ്ടു്. ഇന്ത്യയിലുണ്ടാക്കുന്ന കടലാസിൽ മുക്കാലെ

അരയ്ക്കാൽ ഭാഗവും ബങ്കാളിൽ ടിററഗർ, കങ്കിനര, റാണിഗാഞ്ച്, എന്ന മൂന്നുസ്ഥലങ്ങളിലാണു് ഉണ്ടാക്കിവരുന്നതു്. കൽക്കരി സമൃദ്ധിയായി കണ്ടുവരുന്നു. 200-ൽ പരം കൽക്കരിഖനികൾ ബങ്കാളിലുണ്ടു്. വീടുകളിൽ വിറകിന്നു കൽക്കരിയാണു് ഉപയോഗിച്ചുവരുന്നതു്. പരുത്തിവസ്ത്രങ്ങൾ ഉണ്ടാക്കുന്ന യന്ത്രശാലകളും നദീതീരത്തിൽ കാണാം. കയററുമതികളിൽ പ്രാധാന്യം വഹിക്കുന്നതു ചണവും, ചായയും, നെല്ലും, കടലാസുമാണു്. കൽക്കരിയും വളരെ കയററി അയയ്ക്കപ്പെടുന്നു.

നഗരങ്ങൾ

മിക്ക നഗരങ്ങളും വലിയ ജനത്തിരക്കുള്ളവയാണു്. ചെറിയ കപ്പലുകൾക്കു ഗംഗയിൽക്കൂടി പാററ്നാനഗരംവരെ യാത്രചെയ്യാം. ഗംഗാനദിയിൽ കപ്പലുകൾക്കുള്ള സങ്കേതങ്ങളാണു ചന്ദ്രനഗരം, ചിൻസൂറ, ശാന്താപുരം, കൃഷ്ണനഗരം, ബിറാംപൂർ, മുതലായവ. (1) കല്ക്കത്ത. ഇന്ത്യയിലെന്നല്ല ഏഷ്യയിൽവെച്ചുതന്നെ ഏററവും വലിയ നഗരമാണു്. കടലിൽനിന്നു് 80 നാഴിക ഉള്ളിലേയ്ക്കു തള്ളി ഹുഗ്ലീതീരത്തിൽ സ്ഥിതിചെയ്യുന്നു. വലിയ കപ്പലുകൾക്കു കൽക്കത്തവരെ ചെല്ലുവാൻ പ്രയാസമില്ല. ബങ്കാളിലെ മാത്രമല്ല സിന്ധു-ഗംഗാസമനിലത്തിലെ ഉൽപ്പന്നങ്ങൾ അധികഭാഗവും കൽക്കത്തയിൽക്കൂടിയാണു കയററി അയയ്ക്കപ്പെടുന്നതു്. 1910-വരെ ഈ നഗരമായിരുന്നു ഇന്ത്യയുടെ തലസ്ഥാനം. ഇവിടെ ഒരു സർവ്വകലാശാലയും അനവധി കോളേജുകളുമുണ്ടു്. (2) ഹൌറ. കൽക്കത്തയ്ക്കു് എതിർഭാഗത്തു ഹുഗ്ലീതീരത്തുള്ള നഗരമാണു്. മദ്രാസ്-കൽക്കത്ത തീവണ്ടിപ്പാത ഹൌറയിലാണവസാനിക്കുന്നതു്.

ബോട്ടുകളിന്മേൽ പണിതുണ്ടാക്കിയ ഒരു പാലം ഹൌറ യെ കൽക്കത്തയോടുയോജിപ്പിക്കുന്നു. (3) ഡാർജീലിങ്ങ്. ഹിമാലയത്തിൻെറ ദക്ഷിണപാൎശ്വത്തിലാണു സ്ഥിതി ചെയ്യുന്നതു്. ചുററുമുള്ള പ്രദേശത്തു് അനവധി ചായ ത്തോട്ടങ്ങളുണ്ടു്. ഇതൊരു സുഖവാസസ്ഥലമാണു്. (4) ഡാക്ക. കിഴക്കൻബങ്കാളിൻെറ തലസ്ഥാനമാണു്. ബ ങ്കാളിലെ രണ്ടാമത്തെ നഗരമാണു്. ഇവിടെയും ഒരു സൎവ്വകലാശാലയുണ്ടു്. ഈ നഗരം പണ്ടു മസ്ലിൻതുണി കൾ കേൾപ്പെട്ടിരുന്നു. ഇവിടെയുള്ള ഭൂരിപക്ഷം ജനങ്ങളും. നെയ്ത്തുകാരാണു്. (5) റാണിഗാഞ്ചു്. ബ ങ്കാളിലെ കൽക്കരിഖനികളുള്ളേടമാണു്.

അദ്ധ്യായം 7

സിന്ധുഗംഗാസമനിലത്തിൽ ഉൾപ്പെട്ട സംസ്ഥാനങ്ങൾ

(തുടൎച്ച)

(എഫ്) ആസ്സാം

ബങ്കാളിൻെറ വടക്കുകിഴക്കായി കിടക്കുന്ന ഈ സം സ്ഥാനം ബ്രഹ്മപുത്രാതാഴ്വരയാണു്. അധികഭാഗവും മലമ്പ്രദേശമാണു്. ബങ്കാളിലെക്കാൾ ഇവിടെ മഴ അ ധികം ലഭിക്കുന്നുണ്ടു്. ചിറാപുഞ്ചി എന്നസ്ഥലത്തിൽ വീഴുന്നേടത്തോളം മഴ ഇന്ത്യയിൽ മാത്രമല്ല ലോക ത്തിൽത്തന്നെ മററൊരേടത്തും വീഴുന്നില്ലത്രെ. മലമ്പ്ര

ദേശങ്ങളിൽ അസംഖ്യം ചായത്തോട്ടങ്ങളുണ്ട്. ഇന്ത്യയിലുണ്ടാകുന്ന ചായയിൽ 2/3 ഭാഗം ഇവിടെയാണു കൃഷിചെയ്തുണ്ടാക്കുന്നത്. നെല്ലും ചണയും തരമുള്ള സ്ഥലത്തെല്ലാം കൃഷിയുണ്ട്. കാട്ടുകളിൽ ഒന്നാംതരം മരങ്ങൾ വളരുന്നു. നദീമാർഗ്ഗമായിട്ടാണു വ്യാപാരം നടക്കുന്നത്.

നഗരങ്ങൾ. ഗോപാലപുരം, ഗൌഹാട്ടി, സിൽഹെററ്, എന്നിവയാണു മുഖ്യനഗരങ്ങൾ. 'ഷില്ലൊങ്ങ്' ഒരു സുഖവാസസ്ഥലമാണു്.

അദ്ധ്യായം 8

—*—

ഡക്കാൻ—(മദ്രാസ് സംസ്ഥാനം)

പ്രസ്താവന

സിന്ധുഗംഗാസമനിലത്തിന്റെ ദക്ഷിണഭാഗത്തായി കന്യാകുമാരിവരെ തെക്കോട്ടു വ്യാപിച്ചുകിടക്കുന്ന ഭൂഭാഗമാണു ഡക്കാൻ പീഠഭൂമി. ഈ പീഠഭൂമിയാകട്ടെ ഹിന്തുസ്ഥാനംപോലെ സമനിലമല്ല. അവിടവിടെ മലകളും, നദീതാഴ്‌വരകളാൽ വേർതിരിക്കപ്പെടുന്ന നിമ്നോന്നതമായ ഭൂഭാഗങ്ങളും, താണ വിശാലമായ മൈതാനങ്ങളും ഇവിടെ കാണാം. പടിഞ്ഞാറുനിന്നു തെക്കുകിഴക്കോട്ടു ചരിഞ്ഞാണു രാജ്യത്തിന്റെ കിടപ്പ്. പശ്ചിമഭാഗത്തു പശ്ചിമഘട്ടവും, പൂർവ്വഭാഗത്തു പൂർവ്വഘട്ടവും പീഠഭൂമിയുടെ അതൃത്തികളായിക്കിടക്കുന്നു. സമുദ്രതീരങ്ങൾ വീതികുറഞ്ഞ മൈതാനഭൂമിയാണ്.

ഡക്കാൻ പീഠഭൂമിയിലുൾപ്പെടുന്ന നാട്ടുരാജ്യങ്ങളിൽ പ്രധാനമായവ ഹൈദരബാദും, മൈസൂരുമാണ്.

പശ്ചിമതീരത്തിൽ കിടക്കുന്ന നാട്ടുരാജ്യങ്ങളാണു തിരുവിതാംകൂർ, കൊച്ചി, എന്നിവ. ബ്രിട്ടീഷുകാർ നേരെ ഭരിക്കുന്നവയാണു മദ്ധ്യസംസ്ഥാനങ്ങൾ, മദ്രാസ് സംസ്ഥാനം, എന്നിവ. മദ്ധ്യസംസ്ഥാനങ്ങളിൽ ബ്രിട്ടീഷുകോയ്മയുടെ മേൽനോട്ടത്താൽ ഭരിച്ചുവരുന്നതായ അനവധി ചെറുരാജ്യങ്ങളുണ്ട്.

മദ്രാസ് സംസ്ഥാനം

ഇന്ത്യയുടെ പൂർവ്വതീരത്തു കിടക്കുന്ന ചിൽക്കാതടാകത്തിൽനിന്നു ബോംബെസംസ്ഥാനത്തിന്റെ ദക്ഷിണാഗ്രത്തിലേക്കു ഒരു വര വരച്ചുവെന്നു വിചാരിക്കുക. ഈ വരയുടെ തെക്കും കിഴക്കും കിടക്കുന്ന പ്രദേശങ്ങൾ മദ്രാസ് സംസ്ഥാനത്തിലുൾപ്പെടും. പക്ഷെ, മൈസൂർ, കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളുമുൾപ്പെട്ടിരിക്കുമെന്നേയുള്ളൂ.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ മദ്രാസിനാണ് അധികം കടൽത്തീരമുള്ളത്. പടിഞ്ഞാറു പശ്ചിമഘട്ടവും കിഴക്ക് പൂർവ്വഘട്ടവും കിടക്കുന്നു. കിഴക്കെ സമുദ്രതീരം തെക്കോട്ടു വീതികൂടിവരുന്നു. കാരണമെന്താണ്? പീഠഭൂമിയിലുൾപ്പെടുന്ന ഭൂഭാഗം പൂർവ്വഘട്ടത്തിന്റെ പശ്ചിമഭാഗമാണ്.

മദ്രാസ് സംസ്ഥാനത്തെ നാലുഭാഗമായി തിരിക്കാം. (1) പശ്ചിമതീരത്തുള്ള മൈതാനം, (2) പൂർവ്വതീരത്തുള്ള മൈതാനം, (3) പീഠഭൂമി, (4) പശ്ചിമഘട്ടത്തിന്റെ പൂർവ്വപാർശ്വം, എന്നിവയാണ്. പശ്ചിമഘട്ടത്തിന്റെ പൂർവ്വപാർശ്വത്തിലും, പീഠഭൂമിയിലും മഴ കുറവാണ്. പൂർവ്വതീരത്തിൽ തുലാവർഷം ലഭിക്കുന്നുണ്ട്.

പശ്ചിമതീരത്തിലാണു കാലവർഷം (ഇടവപ്പാതി) ലഭിക്കുന്നതു്. ഇതാണു് ഏററവും മഴയുള്ള പ്രദേശം.

കാലാവസ്ഥ വളരെ ചൂടുള്ളതാണു്. കടൽത്തീരങ്ങൾ കടൽക്കാററുമൂലം വസിപ്പാൻ ഏറെക്കുറെ സുഖമായിരിക്കുന്നു. ഡക്കാനാകട്ടെ, ചൂടും വരൾച്ചയും ഉള്ളതായികിടക്കുന്നു. കാരണമെന്തു്? ഘട്ടങ്ങൾ നീരാവിമയമായ വർഷപാതങ്ങളെ തടയുന്നതിനാൽ ഡക്കാൻ ചൂടും വരൾച്ചയുമുള്ളതായിത്തീർന്നു. മലകളിൽ ചില വിടവുകളെങ്കിലുമുള്ളതിനാലാണു ഡക്കാനിൽ കുറച്ചെങ്കിലും മഴയുണ്ടാകുന്നതു്. പൂർവ്വഘട്ടം പശ്ചിമഘട്ടത്തെപ്പോലെ ഉയരത്തിലും, ഒരൊററ നിരയായും കിടന്നിരുന്നുവെങ്കിൽ ഡക്കാൻെറ സ്ഥിതിയെന്തായിരിക്കുമെന്നു ഊഹിക്കാമോ?

നദീതീരങ്ങളിലും നദികളുടെ ഡൽററകളിലും, പശ്ചിമതീരത്തും നെൽ കൃഷിചെയ്തുവരുന്നു. കോതമ്പും, ബാർലിയും ഒഴിച്ചു് ഇന്ത്യയിലുണ്ടാകുന്ന മററുൽപ്പന്നങ്ങളെല്ലാം ഡക്കാനിൽ കൃഷിചെയ്യുന്നുണ്ടു്.

ഡക്കാനിലെ മുഖ്യകൃഷി പരുത്തിയും മില്ലെററുവർഗ്ഗത്തിൽ ഉൾപ്പെടുന്ന ചോളം, റാഗി, മുതലായവയും പയറുവർഗ്ഗങ്ങളുമാണു്. കരിമ്പും എണ്ണവിത്തുകളും നദീതീരങ്ങളിൽ കൃഷിചെയ്യാം. നീലഗിരിയിൽ ചായയും, മലഞ്ചരിവുകളിൽ കാപ്പിയും ഗോദാവരിയുടെ ഡൽററയിലും തെക്കുള്ള ജില്ലകളിലും പുകയിലയും, പശ്ചിമതീരത്തു തെങ്ങും വളരുന്നു. വരൾച്ചയുള്ളതിനാൽ ഡക്കാനിൽ ആടുകളെ ധാരാളം വളത്തപ്പെടുന്നു.

സംസ്ഥാനത്തിൽ പലേ കൈത്തൊഴിലുകളും നടത്തിവരുന്നു. പരുത്തിവസ്ത്രങ്ങളുണ്ടാക്കുന്ന മില്ലുകൾ സംസ്ഥാനത്തിലുള്ളവയിൽ 11 എണ്ണം മദ്രാസിലും കോയ



കാഞ്ചീപുരം ക്ഷേത്രം

പത്തൂരിലുമാണു സ്ഥാപിച്ചിരിക്കുന്നത്. കരിമ്പിനു ഏററവും പററിയ പ്രദേശമാണ് ഈ സംസ്ഥാനമെങ്കിലും 3 ജില്ലകളിൽ മാത്രമെ പഞ്ചസാരവ്യവസായം നടത്തപ്പെടുന്നുള്ളൂ. കർണ്ണാടകത്തിൽ കടലാസുണ്ടാക്കപ്പെടുന്നു. ദക്ഷിണേന്ത്യയിലാണു തോൽവ്യവസായം ഇന്ത്യയിൽവെച്ച് അധികം നടന്നുവരുന്നത്. പട്ടും, രോമവും കൊണ്ടുള്ള വ്യവസായങ്ങൾ പലേ സ്ഥലങ്ങളിലും നടത്തിവരുന്നു. പശ്ചിമതീരത്തിൽ കൊപ്പരയും, കയറുമുണ്ടാക്കിവരുന്നു. സമുദ്രതീരങ്ങളിൽ മീൻപിടിത്തം ഒരു നല്ല കൈത്തൊഴിലാണ്.

നഗരങ്ങൾ. ഉത്തരഇന്ത്യയിലെ നഗരങ്ങളിലുള്ള പോലെ കൈത്തൊഴിലുകൾ ഇവിടെയില്ല. പ്രധാന കാരണം കൽക്കരിയുടെ അഭാവംതന്നെ പൂർവ്വതീരത്തുള്ള വിശാഖപട്ടണം, കോക്കനെഡ, മദ്രാസ്, പുതുശ്ശേരി, നാഗപട്ടണം, തൂത്തുക്കുടി, എന്നിവയും, പശ്ചിമതീരത്തുള്ള ആലപ്പുഴ, കൊച്ചി, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, മംഗലാപുരം, എന്നിവയും തുറമുഖപട്ടണങ്ങളാണ്. ഈ രാജ്യത്തിലെ വിദേശവാണിജ്യം നടക്കുന്നതു പ്രസ്തുതതുറമുഖങ്ങൾ വഴിക്കാണ്. പശ്ചിമതീരത്തുള്ള തുറമുഖങ്ങളിൽക്കൂടി നാളികേരം, കൊപ്പര, കുരുമുളക്, കാപ്പി, മരം, മുതലായവയും പൂർവ്വതീരത്തുള്ളവയിൽക്കൂടി പരുത്തി, തോൽ, എണ്ണവിത്തുകൾ, മുതലായവയും കയററുമതിചെയ്യപ്പെടുന്നു. മംഗലാപുരത്തുനിന്നാണു ഇന്ത്യയിലെ കാപ്പിക്കുരു ഏററവും അധികം കയററി അയയ്ക്കപ്പെടുന്നത്.

മദ്രാസ്. സംസ്ഥാനത്തിൻെറ തലസ്ഥാനവും, ഗവമ്മെണ്ടിൻെറ ഇരിപ്പിടവുമാണ്. ഇവിടെ സംസ്ഥാന

സഞ്ജൂരിലുമാണു സ്ഥാപിച്ചിരിക്കുന്നത്. കരിമ്പിനു ഏററവും പററിയ പ്രദേശമാണ് ഈ സംസ്ഥാനമെങ്കിലും 3 ജില്ലകളിൽ മാത്രമെ പഞ്ചസാരവ്യവസായം നടത്തപ്പെടുന്നുള്ളു. കന്നാടകത്തിൽ കടലാസുണ്ടാക്കപ്പെടുന്നു. ദക്ഷിണേന്ത്യയിലാണു തോൽവ്യവസായം ഇന്ത്യയിൽവെച്ച് അധികം നടന്നുവരുന്നത്. പട്ടും, രോമവും കൊണ്ടുള്ള വ്യവസായങ്ങൾ പല സ്ഥലങ്ങളിലും നടത്തിവരുന്നു. പശ്ചിമതീരത്തിൽ കൊപ്പരയും, കയറുമുണ്ടാക്കിവരുന്നു. സമുദ്രതീരങ്ങളിൽ മീൻപിടിത്തം ഒരു നല്ല കൈത്തൊഴിലാണ്.

നഗരങ്ങൾ. ഉത്തരഇന്ത്യയിലെ നഗരങ്ങളിലുള്ളപോലെ കൈത്തൊഴിലുകൾ ഇവിടെയില്ല. പ്രധാനകാരണം കൽക്കരിയുടെ അഭാവംതന്നെ പൂർവ്വതീരത്തുള്ള വിശാഖപട്ടണം, കോക്കനെട, മദ്രാസ്, പുതുശ്ശേരി, നാഗപട്ടണം, തൂത്തുക്കുടി, എന്നിവയും, പശ്ചിമതീരത്തുള്ള ആലപ്പുഴ, കൊച്ചി, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, മംഗലാപുരം, എന്നിവയും തുറമുഖപട്ടണങ്ങളാണ്. ഈ രാജ്യത്തിലെ വിദേശവാണിജ്യം നടക്കുന്നതു പ്രസ്തുതതുറമുഖങ്ങൾ വഴിക്കാണ്. പശ്ചിമതീരത്തുള്ള തുറമുഖങ്ങളിൽക്കൂടി നാളികേരം, കൊപ്പര, കുരുമുളക്, കാപ്പി, മരം, മുതലായവയും പൂർവ്വതീരത്തുള്ളവയിൽക്കൂടി പരുത്തി, തോൽ, എണ്ണവിത്തുകൾ, മുതലായവയും കയററുമതിചെയ്യപ്പെടുന്നു. മംഗലാപുരത്തുനിന്നാണു ഇന്ത്യയിലെ കാപ്പിക്കുരു ഏററവും അധികം കയററിഅയയ്ക്കപ്പെടുന്നത്.

മദ്രാസ്. സംസ്ഥാനത്തിൻെറ തലസ്ഥാനവും, ഗവമ്മെണ്ടിൻെറ ഇരിപ്പിടവുമാണ്. ഇവിടെ സംസ്ഥാന

ത്തിലെ ഹൈക്കോടതിയും ഒരു സർവ്വകലാശാലയുമുണ്ടു്. എന്നുമാത്രമല്ല ഇതു വലിയ തുറമുഖവുമാണ്. അടുത്ത കാലത്താണു വിശാഖപട്ടണവും കൊച്ചിയും ഒന്നാംതരം തുറമുഖങ്ങളായി തീൎന്നതു്.

മദ്രാസിൽനിന്നു ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കും തീവണ്ടിപ്പാതകൾ പോകുന്നു. വടക്കോട്ടു കൽക്കത്തയിലേക്കും, മറെറാന്നു ഗുണ്ടക്കൽ-പൂനവഴിക്കു ബോംബെയ്ക്കും, മൂന്നാമതൊന്നു തെക്കോട്ടു രാമനാഥപുരംവഴിക്കു പാമ്പനിലേക്കും, നാലാമതൊന്നു പാലക്കാട്ടുചുരംവഴിക്കു മംഗലാപുരത്തേക്കും പോകുന്നു. ഇവയ്ക്കെല്ലാം ശാഖകളുമുണ്ടു്. തെക്കെ ഇന്ത്യയിലെ തീവണ്ടിനടത്തുന്നതു S. I. R കമ്പനിക്കാരാണ്. തഞ്ചാവൂർ, മധുര, തൃശ്ശിനാപ്പള്ളി, മുതലായ ചരിത്രപ്രസിദ്ധങ്ങളായ നഗരങ്ങൾ സംസ്ഥാനത്തിന്റെ ദക്ഷിണഭാഗത്താണ്. സേലം, കോയമ്പത്തൂർ, എന്നിവ മദ്രാസ്-മംഗലാപുരം പാതയിൽ സ്ഥിതിചെയ്യുന്നു. ഊട്ടി നീലഗിരിയിലാണ്. സുഖവാസത്തിന്നു പററിയ സ്ഥലങ്ങളാണ്.

അദ്ധ്യായം 9

ഡക്കാനിലുൾപ്പെട്ട നാട്ടുരാജ്യങ്ങൾ

(എ) മൈസൂർ

ഡക്കാൻ പീഠഭൂമിയുടെ ഏററവും ഉയരംകൂടിയ പ്രദേശമാണു മൈസൂർ. കാവേരിനദി മൈസൂരിൽക്കൂടി



തൃശ്ശിനാപ്പള്ളി കോട്ട

കാവേരി വെള്ളച്ചാട്ടം

വളരെ ദൂരം ഒഴുകുന്നുണ്ടു്. തുംഗഭദ്ര, പെന്നാർ, പാലാർ, മുതലായ മററു ചെറുനദികളുമുണ്ടു്.

കാലാവസ്ഥ കുളൎമ്മയുള്ളതും വരൾച്ചയുള്ളതുമാണു്. മഴ കുറവാകയാൽ വെള്ളം കെട്ടിനിറുത്തിവേണം കൃഷി ചെയ്യുവാൻ. മില്ലെററുവർഗ്ഗത്തിൽപ്പെട്ട ധാന്യങ്ങളാണു കൃഷി. അവയ്ക്കു വെള്ളം അധികമാവശ്യമില്ല. റാഗി സമൃദ്ധിയായി വളരുന്നു. വടക്കുപടിഞ്ഞാറുഭാഗം ഡക്കാനിലെ പരുത്തിത്തടത്തിൻെറ തുടൎച്ചയാകയാൽ അവിടെ പരുത്തി കൃഷിചെയ്തുവരുന്നു. ഇയ്യിടെയായി ഇർവ്വിൻ കനാൽത്തീരത്തിൽ കരിമ്പുകൃഷി ആരംഭിച്ചിട്ടുണ്ടു്. ചന്ദനമരത്തിൻെറ ജന്മഭൂമിയാണു് മൈസൂർ എന്നു പറയാം. ഇതുസംബന്ധമായ അനേകം വ്യവസായങ്ങൾ അവിടെ നടത്തിവരുന്നു.

കാവേരിനദിയിലുള്ള ശിവസമുദ്രം വെള്ളച്ചാട്ടത്തിൽനിന്നു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു് കോലാറിലെ സ്വൎണ്ണഖനികളിലും, ഭദ്രാവതിയിലെ ഇരിമ്പുവ്യവസായശാലയിലും വേലനടത്തിവരുന്നു. മൈസൂരിലേക്കു വേണ്ടുന്നതായ 'ഇലക്ട്രിക് സപ്ലൈ' ഇവിടെനിന്നാണു ലഭിക്കുന്നതു്.

മൈസൂർ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ നില്ക്കുന്നു. നവീനരീതിയിൽ ഗ്രാമങ്ങൾ പണിതും, പഞ്ചായത്തു, പരസ്പരസഹായസംഘങ്ങൾ, വില്ലേജുബാങ്കുകൾ എന്നിവ സ്ഥാപിച്ചും, കുടിൽവ്യവസായങ്ങളെ ബലപ്പെടുത്തിയും, പുതിയ വ്യവസായങ്ങൾ ഏൎപ്പെടുത്തിയും പോരുന്നുണ്ടു്. തൽഫലമായി പ്രജകൾ സംതൃപ്തിയും, സന്തുഷ്ടിയും ഉള്ളവരായി തീൎന്നിരിക്കുന്നു. മൈസൂരിലെ മുഖ്യ വ്യവസായങ്ങളാണു ഇരിമ്പു്, രോമം, ചന്ദനം, പരുത്തി, മുതലായവകൊണ്ടുള്ളവ. ഇവിടത്തെ ചന്ദനസോപ്പു് ശ്രുതിപ്പെട്ടതാണല്ലോ.

നഗരങ്ങൾ

(1) മൈസൂർ. തലസ്ഥാനമാണ്. (2) ബാങ്കളൂർ. മുഖ്യനഗരവും ഒരു സൈന്യപാളയവുമാണ്. ഇവിടെ കാലാവസ്ഥ സുഖകരമായിരിക്കുന്നു. (3) കോലാർ. സ്വർണ്ണഖനികൾക്കു ശ്രുതിപ്പെട്ടിരിക്കുന്നു. (4) ശ്രീരംഗപട്ടണം. ഈ നഗരം ടിപ്പുസുൽത്താൻെറ തലസ്ഥാനനഗരമായിരുന്നു.

(ബി) ഹൈദരബാദ്

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽവെച്ചു ഏററവും വിസ്താരമുള്ള ഈ സംസ്ഥാനം നൈസാമിനാൽ ഭരിക്കപ്പെടുന്നു. മൈസൂരിന്നു വടക്കു ഗോദാവരി, കൃഷ്ണ, എന്നീ രണ്ടു നദികളുടെയും ഇടയിലാണ് ഹൈദരബാദ് വ്യാപിച്ചു കിടക്കുന്നതു്.

മൈസൂരിനെപ്പോലെ വരൾച്ചയുള്ള രാജ്യമാണിതു്. മൈസൂരിൽ വിളയുന്ന ധാന്യങ്ങളെല്ലാം ഇവിടെയും കൃഷി ചെയ്തുകാണുന്നു. റാഗിയും, മില്ലെററുമാണു മുഖ്യവിളവു്. നദീതീരങ്ങളിൽ നെല്ലും എണ്ണവിത്തുകളും കൃഷിയുണ്ടു്. സംസ്ഥാനത്തിൻെറ പശ്ചിമഭാഗം പരുത്തിക്കൃഷിക്കു പററിയ കറുത്തമണ്ണുള്ള പ്രദേശമാണ്.

പരുത്തിയെ സംബന്ധിച്ചവയാണ് കൈത്തൊഴിലുകൾ. വാരങ്കൽ എന്ന സ്ഥലത്തു കൽക്കരി കുഴിച്ചെടുക്കുന്നുണ്ട്.

നഗരങ്ങൾ

(1) ഹൈദരബാദാണ് തലസ്ഥാനം. ഇവിടെ അസംഖ്യം യവനപള്ളികളും പ്രാസാദങ്ങളുമുണ്ടു്. (2) സെക്കെൺടബാദ് ഒരു പട്ടാളപാളയമാണ്. (3)

ഗോൽകൊണ്ട, ഗുണ്ടക്കൽ, ബിദാർ, മുതലായ നഗരങ്ങൾ പശ്ചിമഭാഗത്താണ സ്ഥിതിചെയ്യുന്നതു്.

രാജാവു് (നൈസാം) മുഹമ്മദീയനാണെങ്കിലും പ്രജകൾ ഭൂരിപക്ഷവും ഹിന്തുക്കളാണ്. ഇയ്യിടെയായി നൈസാം ശ്ലാഘനീയമായ ഒരു തീരുമാനം ചെയ്തിരിക്കുന്നു. രാജ്യത്തിൽ ജലത്തിനുള്ള ക്ഷാമം തീപ്പാൻ അസംഖ്യം ലക്ഷം രൂപ ചെലവാക്കി അഞ്ചു ചിറകൾ കെട്ടുവാൻ വേണ്ടതായ ഏപ്പാടുകൾ ചെയ്തുവരുന്നു. അങ്ങിനെയുള്ള പ്രവൃത്തികൾമൂലം രാജ്യത്തിന്നു വളരെ ഐശ്വയ്യാഭിവൃദ്ധിയുണ്ടാകുന്നതാണ്.

(സി) പശ്ചിമതീരത്തുള്ള രാജ്യങ്ങൾ

കൊച്ചി, തിരുവിതാംകൂർ.

ഈ രണ്ടു രാജ്യങ്ങളും അറബിക്കടൽത്തീരത്തായി കിടക്കുന്നു. പശ്ചിമഘട്ടമാണ് അവയുടെ കിഴക്കെ അതൃത്തി. തിരുവിതാംകൂറിന്നു കൊച്ചിയുടെ ആറിരട്ടി വിസ്തീണ്ണമുണ്ട്.

പെരിയാറാണ് ഏററവും വലിയ നദി. ഇതു രണ്ടു രാജ്യങ്ങളിൽക്കൂടിയും ഒഴുകുന്നുണ്ട്. മററു നദികളെല്ലാം നീളം കുറഞ്ഞും, പശ്ചിമഘട്ടത്തിൽ മഴപെയ്യുമ്പോൾ മാത്രം ജലസമ്പൂണ്ണമായും ഇരിക്കുന്നു.

രണ്ടു രാജ്യങ്ങളിലും സമൃദ്ധിയായി മഴയുണ്ട്. ഇടവം മുതൽ മഴ തുടങ്ങുന്നു. ആറുമാസകാലം പിന്നെ മഴപെയ്യുന്നു. എന്നാൽ തുലാത്തിൽ ഇടവത്തിലുള്ളപോലെ മഴ സമൃദ്ധിയല്ല. കടൽക്കാററുമൂലം സമുദ്രതീരം വസിപ്പാൻ സുഖമായതാണ്. ഉള്ളിലേക്കു ചെല്ലുംതോറും ചൂടു് അധികമായിത്തീരുന്നു.

ഭൂപ്രകൃതി അനുസരിച്ചു രാജ്യത്തെ മൂന്നായി ഭാഗിക്കാം. അവ (1) പശ്ചിമഭാഗം — (മണൽപ്രദേശം) (2) പൂൎവ്വഭാഗം (മലംപ്രദേശം) (3) മദ്ധ്യമൈതാനം എന്നിവയാണു്.

മണൽപ്രദേശത്തു തെങ്ങാണു മുഖ്യകൃഷി. മലകളിൽ കുരുമുളകു്, ഏലം, കാപ്പി, ചായ, എന്നിവ കൃഷിയുണ്ടു്. മദ്ധ്യമൈതാനത്തിൽ നെല്ലു് സമൃദ്ധിയായി കൃഷി ചെയ്തുവരുന്നു.

കൈത്തൊഴിൽ തെങ്ങിനെ സംബന്ധിച്ചവയാണു്. മീൻപിടിത്തം അപ്രധാനമായ കൈത്തൊഴിലല്ല. ഓടുണ്ടാക്കൽ, തീപ്പെട്ടിയുണ്ടാക്കൽ, മരമറുക്കൽ മുതലായ മററു വ്യവസായങ്ങളും പലേടങ്ങളിലും നടത്തിവരുന്നു.

ഗതാഗതത്തിന്നു റോഡുകളും, തോടുകളും, തീവണ്ടിയുമുണ്ടു്. മണൽപ്രദേശത്തിനും മദ്ധ്യമൈതാനത്തിന്നും ഇടയിൽ 220 നാഴികയോളം നീണ്ടുകിടക്കുന്ന കായൽ ഗതാഗതത്തിന്നു പൂൎണ്ണമായ സൌകൎയ്യം നൽകുന്നുണ്ടു്.

നഗരങ്ങൾ

എറണാകുളവും, തിരുവനന്തപുരവും, കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങളുടെ തലസ്ഥാനനഗരങ്ങളാണു്. കൊച്ചി, മട്ടാഞ്ചേരി, ആലപ്പുഴ, കൊല്ലം മുതലായവയാണു മററുള്ള മുഖ്യനഗരങ്ങൾ.

—*—

അദ്ധ്യായം 10

മദ്ധ്യസംസ്ഥാനങ്ങൾ

പ്രസ്താവന

ഡക്കാൻ പീഠഭൂമിയുടെ ഉത്തരഭാഗമാണ് മദ്ധ്യസംസ്ഥാനങ്ങൾ. ഇന്ത്യയുടെ മിക്കവാറും മദ്ധ്യത്തിലാകയാലായിരിക്കണം പ്രസ്തുത സംസ്ഥാനങ്ങൾക്കു ഈ പേർ നൽകിയിരിക്കുന്നതു്. മദ്ധ്യസംസ്ഥാനങ്ങൾക്കുത്തരഭാഗത്തായി ശതപുര മലനിരകൾ കിടക്കുന്നു. നർമ്മദ, തപതി, എന്നീ രണ്ടു നദികളും പടിഞ്ഞാട്ടൊഴുകുന്നു. ഗോദാവരിയും ഈ സംസ്ഥാനങ്ങളിൽക്കൂടി കുറെ ദൂരം പ്രവഹിക്കുന്നുണ്ടു്. പൂർവ്വഭാഗത്തെ മഹാനദിയുടെ താഴ്‌വരയായി കണക്കാക്കാം. ഉത്തരഭാഗത്തുക്കൂടി സോൺനദി ഒഴുകി ഗംഗയിൽ ചെന്നുചേരുന്നു.

പ്രസ്തുത നദികളുടെ താഴ്‌വരകൾ വളരെ ഫലവത്തുള്ളവയാണു്. നെല്ലും പരുത്തിയുമാണു മുഖ്യ വിളവുകൾ. വരൾച്ചക്കൂടിയ പ്രദേശങ്ങളിൽ മില്ലററു്, പയറു്, എണ്ണവിത്തുകൾ, മുതലായവയാണു കൃഷി. നർമ്മദയുടെ തീരത്തിൽ കോതമ്പും വിളയുന്നുണ്ടു്. അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ ഇവിടെ ഇനിയും വളരെയുണ്ടു്. വലുപ്പത്തിൽ ഐക്യസംസ്ഥാനങ്ങളോളമുണ്ടെങ്കിലും, അവിടെയുള്ള ജനസംഖ്യയിൽ $1/3$ ഭാഗം മാത്രമേ മദ്ധ്യസംസ്ഥാനങ്ങളിലുള്ളു.

(എ) ബീറാർ

മദ്ധ്യസംസ്ഥാനങ്ങളുടെ തെക്കുപടിഞ്ഞാറുഭാഗമാണു്. ഈ സംസ്ഥാനം ഡക്കാനിലെ 'ലാവാതട'ത്തിൽ

ഉൾപ്പെടുന്നു. പരുത്തിക്കു പററിയ കറുത്തമണ്ണുള്ള ഈ സംസ്ഥാനത്തിൽ കൃഷിചെയ്തുണ്ടാകുന്ന പരുത്തിയിൽ അധികവും ബോംബെ തുറമുഖത്തിലേക്കു കയററി അയയ്ക്കപ്പെടുന്നു. ബോംബെയിലെ പരുത്തിവ്യവസായത്തിൻെറ അഭിവൃദ്ധിക്കുള്ള മുഖ്യകാരണം ഈ സംസ്ഥാനം തന്നെ.

നാഗ്പൂർ തലസ്ഥാനനഗരമാണ്. ബോംബെയിൽനിന്നു കൽക്കത്തയ്ക്കുള്ള തീവണ്ടിപ്പാതയുടെ മദ്ധ്യത്തിലാണ് ഇതിൻെറ സ്ഥാനം. ഈ നഗരത്തിലും 'വാർദ്ധാ'യിലുംകൂടി 15 നെയ്ത്തുശാലകളുണ്ട്. വാർദ്ധാ, അമരോട്ടി, ജബൽപൂർ, അക്കോല, മുതലായവയാണു മററു നഗരങ്ങൾ.

(ബി) മദ്ധ്യേന്ത്യയിലെ നാട്ടുരാജ്യങ്ങൾ

അസംഖ്യം ചെറിയ നാട്ടുരാജ്യങ്ങൾ ഒന്നിച്ചുചേർത്തു 'സെൻട്രൽ ഇന്ത്യ ഏജൻസി' എന്നൊരു സംസ്ഥാനമാക്കിയിരിക്കുന്നു. ഇണ്ടോർ, ബോപ്പാൽ, ഗ്വാളിയോർ, മുതലായ അനവധി ചെറിയ രാജ്യങ്ങൾ കാണാം. പുരാണപ്രസിദ്ധവും, ചരിത്രപ്രസിദ്ധവുമായ 'ഉജ്ജയിനി' എന്ന നഗരം ഗ്വാളിയോറിൽ ഉൾപ്പെടുന്നു. പരുത്തിയും, മുത്താറിയും പലേടങ്ങളിലും കൃഷിയുണ്ട്. മഴ കുറവായ പ്രദേശമാണ്.

(സി) രാജപുത്താന

രാജപുത്താനയിൽ 18 ചെറിയ നാട്ടുരാജ്യങ്ങൾ ഉൾപ്പെടുന്നുണ്ട്. വീരന്മാരായ ക്ഷത്രിയരാണല്ലോ രാജപുത്രന്മാർ. മീവാറിലെ രണശൂരനായ റാണാഭീമസിംഹനെ



ഉദയപ്പൂർ കൊട്ടാരം

യും അദ്ദേഹത്തിൻെറ വീരപത്നിയായ പത്മിനിയെയും പററിയുള്ള കഥകൾ നിങ്ങൾ കേട്ടിരിക്കാം. ക്ഷാത്രവീര്യം തിളങ്ങിക്കൊണ്ടിരുന്ന പ്രദേശമാണിതു്.

രാജപുത്താനയുടെ മദ്ധ്യത്തിൽക്കൂടി തെക്കുപടിഞ്ഞാറുനിന്നു വടക്കുകിഴക്കായി അറാവല്ലി മലകൾ കിടക്കുന്നതു കാണാം. ഈ മലകൾ രാജപുത്താനയെ രണ്ടായി ഭാഗിക്കുന്നു.

അറബിക്കടലിൽനിന്നു വീശിവരുന്ന വർഷവാതങ്ങളെ നല്ലപോലെ തടയുവാൻ ഈ മലകൾക്കു സാദ്ധ്യമല്ല. കാരണമെന്തു്?

തൽഫലമായി മലകൾക്കു വടക്കുപടിഞ്ഞാറുള്ള ഭാഗം മിക്കവാറും മരുഭൂമിയായിത്തീൎന്നിരിക്കുന്നു. ഇന്ത്യയിലെ ഏററവും ഭയങ്കരമായ 'താർ' മരുഭൂമി കിടക്കുന്നതിനെ നോക്കുക. രാജപുത്താനയുടെ തെക്കുകിഴക്കുഭാഗങ്ങളിൽ മഴയുണ്ടു്. യമുനയിൽ ചേരുന്ന ചാമ്പൽ ഈ പ്രദേശത്തുക്കൂടിയാണു് ഒഴുകുന്നതു്. മില്ലെററു്, എണ്ണവിത്തുകൾ എന്നിവയും, തണുപ്പുകാലത്തു കോതമ്പും, ബാർല്ലിയും, കൃഷിചെയ്തുവരുന്നുണ്ടു്.

ജയപുരം, ആൾവാർ, ഉദയപുരം, ബിക്കനീർ, ജോഡ്പൂർ, മുതലായവ അതാതു നാട്ടുരാജ്യങ്ങളിലെ തലസ്ഥാനനഗരങ്ങളാണു്. 'ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ 'പൊലിററിക്കൽ ഏജൻറു്' രാജാക്കന്മാൎക്കു ഭരണവിഷയത്തിൽ വേണ്ടപ്പെട്ടതായ ഉപദേശങ്ങൾ നൽകിവരുന്നു.

അദ്ധ്യായം 11

അതൃത്തിസംസ്ഥാനങ്ങൾ

പ്രസ്താവന

ഇന്ത്യയുടെ അതൃത്തികളിൽ അനേകം സംസ്ഥാനങ്ങൾ കിടക്കുന്നതായി കാണാം. പശ്ചിമഭാഗത്തു ബെലൂചിസ്ഥാനവും, വടക്കുപടിഞ്ഞാറുഭാഗത്തു വ. പ. അതൃത്തിസംസ്ഥാനവും, കാശ്മീരവും, വടക്ക നേപാളം, ബൃട്ടാൻ, എന്നിവയും കിടക്കുന്നതിനെ ഭൂപടത്തിൽ കണ്ടുപിടിക്കുക.

അതൃത്തിസംസ്ഥാനങ്ങളെപ്പററിയാണത്രെ ഇന്ത്യാഗവമ്മേണ്ടു വലിയ ഉൽക്കണ്ഠയോടുകൂടിയിരിക്കുന്നതു്. കാരണം, കരമാർഗ്ഗമായി ഇന്ത്യയെ ആക്രമിപ്പാൻ പണ്ടുകാലത്തു ശത്രുക്കൾ വന്നിട്ടുള്ളതു വ. പ. അതൃത്തിസംസ്ഥാനങ്ങളിൽക്കൂടിയാണു്. ഇനി വരുന്നതായാൽ ആ വഴിക്കല്ലാതെ വരുന്നതുമല്ല. വ. പ. അതൃത്തിസംസ്ഥാനത്തെ കാത്തുരക്ഷിപ്പാനായി ഇന്ത്യാഗവമ്മേണ്ടു് അമിതമായി ധനവ്യയംചെയ്തു വലിയ സൈന്യത്തെ കാവൽ നിറുത്തിയിരിക്കുന്നുവെന്നു് ഇന്ത്യയിലെ ചില നായകന്മാർ ആക്ഷേപം പുറപ്പെടുവിക്കാറുണ്ടു്.

(എ) ബെലൂചിസ്ഥാനം

ഇതൊരു ഉന്നതഭൂമിയാണു്. സുലൈമാൻ, കത്തർ, എന്നീ മലകൾ സംസ്ഥാനത്തിൻെറ കിഴക്കെ അതൃത്തിയിലാണു കിടക്കുന്നതു്. ഈ സംസ്ഥാനത്തിൻെറ ഉത്ത

രാർഡമാണ ബ്രിട്ടീഷ് ഗവമ്മേണ്ടു് ഭരിച്ചുവരുന്ന ബ്രി. ബലൂചിസ്ഥാനം. കാറയാണ തലസ്ഥാനം. ഇതിൻെറ വടക്കാണ 'ബോളൻചുരം.' ഈ ചുരം കടന്നു പടിഞ്ഞാട്ടു ചെന്നാൽ അഫ്ഗാനിസ്ഥാനം, പേർസ്യ (ഇറാൻ) എന്നീ രാജ്യങ്ങളിലെത്താം.

മഴ കുറവായ മലമ്പ്രദേശങ്ങളാകയാൽ മലയരുവികളുടെ തീരങ്ങളിൽ മാത്രമെ കൃഷിചെയ്യുകൂടു. ആട്ടുമാട്ടുകൾക്കു, നല്ല മേച്ചിൽസ്ഥലങ്ങളുണ്ടു്. 1935 മേമാസം ൩൦- ഉണ്ടായ ഭൂകമ്പംമൂലം കാറനഗരം തീരെ നശിച്ചുപോയി. 26000 ജനങ്ങൾ മരിച്ചുപോകയുംചെയ്തു. മിക്ക കെട്ടിടങ്ങളും തകൎന്നുപോയി. ഇന്ത്യാഗവമ്മേണ്ടും, ഇന്ത്യാവാസികളും വളരെ പണം പിരിച്ചെടുത്തു ബലൂചിസ്ഥാനത്തുള്ളവരെ സഹായിക്കയുണ്ടായി.

(ബി) വടക്കുപടിഞ്ഞാറെ അതൃത്തിസംസ്ഥാനങ്ങൾ

സുലൈമാൻ പൎവ്വതംമുതൽ വടക്കോട്ടു ഹിന്തുക്കുഷ് പൎവ്വതംവരെ വ്യാപിച്ചുകിടക്കുന്ന മലംപ്രദേശമാണിവ. മലനിരകളും താഴ്വരകളുംകൊണ്ടു് ഈ സംസ്ഥാനങ്ങൾ നിമ്നോന്നതമായി കിടക്കുന്നു. സിന്ധുവിൻെറ വലത്തെ തീരത്തിൽ ചെന്നുചേരുന്ന കാബൂൾനദി ഇവിടെനിന്നാണു് ഉത്ഭവിക്കുന്നതു്. ഈ നദിയുടെ താഴ്വരയ്ക്കടുത്താണ 'കൈബർചുരം.' കൈബർചുരം കടന്നാണ പണ്ടുകാലത്തു് ഇന്ത്യയെ ആക്രമിച്ച ശത്രുക്കൾ വന്നെത്തിയതു്. അതിനാൽ ചുരത്തിൻെറ കിഴക്കെ മുഖത്തു കിടക്കുന്ന 'പെഷവാർ' നഗരത്തിൽ ഇന്ത്യാഗവമ്മേണ്ടു് ഒരു കാവൽസൈന്യത്തെ നിറുത്തിയിരിക്കുന്നു.

മഴയുടെ ദുർഭിക്ഷം നിമിത്തം ഭൂമി വരൾച്ചയുള്ളതായിരിക്കുന്നു. നദീതാഴ്വരകളിൽ മാത്രമെ കൃഷിക്കു സൌകൎയ്യമുള്ളു. ധാന്യങ്ങളും, സസ്യങ്ങളും, മുന്തിരിങ്ങയും, പുകയിലയും കൃഷിചെയ്തുവരുന്നു. വെള്ളം തിരിച്ചുകൊണ്ടുപോകാൻ സൌകൎയ്യമുള്ളേടത്തെല്ലാം നെല്ലും ഫലങ്ങളും കൃഷിചെയ്യുന്നുണ്ട്. എന്നാൽ ജനങ്ങളുടെ മുഖ്യതൊഴിൽ ആട്ടുമാട്ടുകളെ മേയ്ക്കലാണു്.

ജനങ്ങൾ വാസീർസ്, അഫ്രീഡീസ്, ഹൻസാസ്, എന്നീ വർഗ്ഗക്കാരാണു്. അപരിഷ്കൃതരായ ഈ മലനാട്ടുകാർ ദൃഢഗാത്രന്മാരും ധീരന്മാരുമാണു്. ചിലപ്പോൾ അവർ പഞ്ചാബിലേക്കു കടന്നുചെന്നു ജനങ്ങളെ കൊള്ളചെയ്യാറുണ്ട്. അവരെ കീഴടക്കുവാൻ ഇന്ത്യാഗവൎമ്മെണ്ടിൽനിന്നു ചതുരുപായങ്ങളും പ്രയോഗിക്കാറുണ്ടെങ്കിലും ഇനിയും സാധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

പിഷവാർ, ബാനു, ഡീറ ഇസ്മയൽഖാൻ, എന്നിവയാണു മുഖ്യനഗരങ്ങൾ. അതൃത്തിയെ സംരക്ഷിപ്പാൻ സൌകൎയ്യമുള്ള സ്ഥലങ്ങളിലാണു പ്രസ്തുത നഗരങ്ങളുടെ കിടപ്പ്.

(സി) കാശ്മീരം

ഇന്ത്യാഗവൎമ്മെണ്ടിൻെറ സംരക്ഷണയിൻകീഴിൽ പഞ്ചാബിൻെറ ഉത്തരഭാഗത്തായിക്കിടക്കുന്ന നാട്ടുരാജ്യമാണു കാശ്മീരം. ഇന്ത്യയിൽവെച്ചു കാലാവസ്ഥകൊണ്ടും പ്രകൃതിയുടെ രമണീയതകൊണ്ടും ഏററവും മനോഹരമായ പ്രദേശമാണിത്. മഞ്ഞുറച്ചുകിടക്കുന്ന പൎവ്വതശിഖരങ്ങളും, മനോഹരമായ അനവധി ചെറുതടാകങ്ങളും, സസ്യസമ്പൂൎണ്ണമായ താഴ്വരകളുംകൊണ്ടു വിലസുന്നതായ

പ്രകൃതിയുടെ ശോഭ ജനങ്ങളെ അങ്ങോട്ടാകർഷിക്കുന്നു. മലന്താഴ്‌വരകളിൽവെച്ച് ഏററവും മനോഹരമായതാണു 'കാശ്മീർതാഴ്‌വര' എന്നൎത്ഥമുള്ള The Vale of Kashmere. ഈ താഴ്‌വരയിൽക്കൂടിയാണു സിന്ധുവിൻെറ പോഷകനദിയായ ജലം ഒഴുകിവരുന്നത്.

സിന്ധുവും, പോഷകനദിയായ 'ഗിൽജിറവും' കാശ്മീരത്തെ രണ്ടായി ഭാഗിക്കുന്നു. ദക്ഷിണഭാഗത്തു കാണുന്ന മലകൾ ഹിമവാൻെറ ശാഖകളാണ്.

കുളൎമ്മയുള്ള പ്രദേശമാകയാൽ കോതമ്പും ബാർല്ലിയും കൃഷിയുണ്ട്. ഫലവൃക്ഷങ്ങളും ധാരാളമായി കാണാം. ശ്രീനഗരമാണു മുഖ്യപട്ടണം.

(ഡി) നേപാളം—ബൂട്ടാൻ

ഹിമവാൻെറ പൂർവ്വാർദ്ധത്തിലായി വളരെ ഉയരത്തിൽ കിടക്കുന്ന പ്രസ്തുത രണ്ടു സ്വതന്ത്രരാജ്യങ്ങളും ടിബററിന്നും ഇന്ത്യയ്ക്കും ഇടയിലായി സ്ഥിതിചെയ്യുന്നു. ശത്രുബാധയിൽനിന്ന് ഈ രണ്ടു രാജ്യങ്ങളേയും ഇന്ത്യാഗവൎമ്മേണ്ടു രക്ഷചെയ്തുവരുന്നു.

രണ്ടും മലമ്പ്രദേശങ്ങളാണ്. ഇടയ്ക്കിടെ താഴ്‌വരകളും കാണാം. ഈ താഴ്‌വരകളിൽക്കൂടി അസംഖ്യം ചെറുപുഴകൾ ഒഴുകി ഗംഗയിൽ ചെന്നുചേരുന്നു. നേപാളിൻെറ അതൃത്തിയിലാണു മഹാമേരു, കഞ്ചിഞ്ചിങ്ങ, ധവളഗിരി, മുതലായ ഹിമവാൻെറ അത്യുന്നതശിഖരങ്ങൾ. താഴ്‌വരകളിൽ നെല്ല്, എണ്ണവിത്തുകൾ, മില്ലെററു, മുതലായവ കൃഷിചെയ്യുന്നുണ്ട്. കാടുകളിൽ വിലപിടിച്ച മരങ്ങൾ സുലഭമാണ്.

കററമാണ്ട്. നേപാളിൻെറ തലസ്ഥാനമാണ്. നേപാളിന്നും ബൂട്ടാനിന്നും ഇടയിൽ കിടക്കുന്ന 'ചുംബി' താഴ്വരയിൽക്കൂടി ടിബററിലേക്ക് ഒരു വഴിയുണ്ട്.

അദ്ധ്യായം 12

ബമ്മ

റംക്രൂൺ പച്ചരി നിങ്ങൾ കണ്ടിട്ടില്ലെ? പാവപ്പെട്ടവരുടെ വീടുകളിൽ ധാരാളം കാണാൻ ഇടയുണ്ട്. അതിന്നു വില കുറവാണ്. റംക്രൂൺ അരിക്ക് ആ പേർ കൊടുപ്പാൻ കാരണം റംക്രൂൺ തുറമുഖത്തുനിന്നു കയററിവരുന്നതിനാലാണ്. റംക്രൂൺ ബമ്മയിലെ മുഖ്യതുറമുഖമാണ്.

മദ്രാസിൽനിന്നു കപ്പൽ കയറി കിഴക്കോട്ടു യാത്ര ചെയ്താൽ മൂന്നുദിവസംകൊണ്ടു റംക്രൂണിലെത്താം. ഈ തുറമുഖം ഏതു നദീമുഖത്താണു സ്ഥിതിചെയ്യുന്നത്? ഐരാവതിയിൽക്കൂടി 600 നാഴിക വടക്കോട്ടുചെന്നാൽ ബമ്മയിലെ മുഖ്യനഗരമായ 'മാണ്ടലെ'യിലെത്താം. റംക്രൂണിൽ കപ്പലിറങ്ങിയാൽ തീവണ്ടിമാർഗ്ഗമായും മാണ്ടലെയിലേയ്ക്കു് എത്താവുന്നതാണ്.

എന്നാൽ റംക്രൂണിൽനിന്നു വടക്കോട്ടുള്ള കപ്പൽയാത്ര വളരെ രസാവഹമായിരിക്കും. നദിയിൽക്കൂടി തേക്കിൻതടികൾ ഒഴക്കി കൊണ്ടുവരുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്. മീൻപിടിത്തക്കാർ വഞ്ചികളിൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇരുകരകളിലും നെൽവയലുകളും പുകയിലത്തോട്ടങ്ങളും അനേകം നാഴികയോളം വ്യാപിച്ചുകിടക്കുന്നു.

ബർമ്മ ഇന്ത്യയിൽനിന്നു മലകളാലും കടലിനാലും വേർതിരിക്കപ്പെട്ടാണു കിടക്കുന്നതു്. എങ്കിലും അതിനെ ഇന്ത്യയിലെ ഒരു സംസ്ഥാനമായി കണക്കാക്കിപ്പോരുന്നു. ഹിമവാന്റെ പൂർവാഗ്രത്തിൽനിന്നു തെക്കോട്ടു വ്യാപിച്ചുനില്ക്കുന്ന അറാക്കൻയോമാസ്, പെഗുയോമാസ് എന്നീ മലകൾ തെക്കുവടക്കായി കിടക്കുന്നു. ഇവയുടെ പൂർവ്വഭാഗത്താണു 'ഷാൻ കുന്നുകൾ.' ഐരാവതി, സാൽവിൻ,സിററാങ്ങ്, എന്നീ നദികൾ മലകളുടെ ഇടയിൽക്കൂടി തെക്കോട്ടൊഴുകിവരുന്നു. ഈ നദികളിൽ എതുകാലത്തും ജലം സുഭിക്ഷമാണു്. കാരണമെന്താണു്? നദീതാഴ്വരകളും, ഡൽററകളും വളരെ ഫലപുഷ്ടിയുള്ളവയാണു്.

ബർമ്മയുടെ ഉത്തരഭാഗം ഉയരം കൂടുതലുള്ള മലമ്പ്രദേശവും ദക്ഷിണഭാഗം ഉയരംകുറഞ്ഞ മൈതാനവുമാണു്. പശ്ചിമതീരം ഉയരമുള്ളതും പാറകൾ നിറഞ്ഞുമിരിക്കുന്നു. തീരങ്ങളിൽ അസംഖ്യം ചെറിയ ദ്വീപുകളുണ്ടു്. മാർട്ടബൻ ഉൾക്കടൽ എവിടെ കിടക്കുന്നു?

കാലാവസ്ഥ ഇന്ത്യയുടേതുപോലെ ചൂടും സമൃദ്ധിയായി മഴയുമുള്ളതാണു്. മലബാർതീരത്തു മഴ കിട്ടുമ്പോഴാണു് ഇവിടെയും മഴപെയ്യുന്നതു്. പശ്ചിമഘട്ടത്തിന്റെ കിഴക്കുള്ള ഡക്കാൻ വരൾച്ചയുള്ളതായിരിക്കുംപോലെ ഇവിടെയും മലകൾക്കു കിഴക്കായി കിടക്കുന്ന പ്രദേശങ്ങൾ വരൾച്ചയുള്ളതായിത്തന്നെയിരിക്കുന്നു.

നെല്ല്, പുകയില, എണ്ണവിത്തുകൾ എന്നിവയാണു മുഖ്യമായ ഉൽപ്പന്നങ്ങൾ. വരൾച്ചയുള്ള പ്രദേശങ്ങളിൽ ചോളവും മറവും കൃഷിയുണ്ടു്. ഇവയ്ക്കു പുറമെ ബർമ്മയിൽ മണ്ണെണ്ണയും, രത്നങ്ങളും ധാരാളം കണ്ടുവരുന്നുണ്ടു്.

ബൎമ്മയിൽനിന്നു വരുന്ന മണ്ണെണ്ണയ്ക്കാണു നാം B. O. C. എണ്ണ എന്നു പറയുന്നതു്.

ഗതാഗതത്തിന്നു നദികളും തീവണ്ടിയുമുണ്ടു്. ഐരാവതിയിൽക്കൂടി ബാമോനഗരംവരെ 900 നാഴികയോളം ഗതാഗതസൌകൎയ്യമുണ്ടു്. റംഗൂണിൽനിന്നു് 1000 നാഴികയോളം വടക്കോട്ടു തീവണ്ടിപ്പാതകളുണ്ടു്. ഇയ്യിടെയായി കൽക്കത്തയിൽനിന്നു ബൎമ്മയുടെ പശ്ചിമതീരത്തുള്ള അക്യാബിലേക്കും അവിടെനിന്നു റംഗൂണിലേക്കും വിമാനസഞ്ചാരസൌകൎയ്യം ചെയ്തിരിക്കുന്നു.

ബൎമ്മക്കാർ മങ്കോളിയൻവൎഗ്ഗത്തിൽപ്പെട്ട മഞ്ഞനിറമുള്ളവരാണു്. അവർ ബുദ്ധമതമാണു് അവലംബിച്ചിരിക്കുന്നതു്. ബൎമ്മയിൽ അസംഖ്യം ഇന്ത്യക്കാരും, ചീനക്കാരും കുടിയേറിപ്പാൎത്തുവരുന്നു.

നഗരങ്ങൾ

(1) റംഗൂൺ. തലസ്ഥാനവും ബൎമ്മയിലെ മുഖ്യതുറമുഖവുമാണു്. ബൎമ്മയിലെ ഉൽപ്പന്നങ്ങൾ പ്രസ്തുത തുറമുഖത്തുനിന്നാണു കയറ്റുമതിചെയ്യപ്പെടുന്നതു്. ഇവിടെ അസംഖ്യം നെല്ലുകുത്തുകമ്പനികളുമുണ്ടു്. (2) മാണ്ടലെ. ഐരാവതീതീരത്തു് ഉള്ളിലേയ്ക്കു തള്ളിനില്ക്കുന്നു. ഒരു തുറമുഖവും വലിയ നഗരവുമാണു്. ഒരു ലക്ഷം ജനങ്ങളോളം ഈ നഗരത്തിൽ വസിക്കുന്നു. ഈ നഗരത്തിൽ അനവധി പ്രാസാദങ്ങളും, സന്യാസിമഠങ്ങളും, ക്ഷേത്രങ്ങളുമുണ്ടു്.

—*—

അദ്ധ്യായം 13

ഹിന്തുസമുദ്രത്തിലെ ദ്വീപുകൾ

(1) സിലോൺ. ഇന്ത്യയുടെ തെക്കുകിഴക്കായി കിടക്കുന്ന സിലോണിലേക്കു ധനുഷ്കോടിയിൽനിന്നു് 22 നാഴിക ദൂരമേയുള്ളു. ഒരു മണിക്കൂർ കപ്പൽയാത്രചെയ്താൽ ധനുഷ്കോടിയിൽനിന്നു സിലോണിലെത്താം.

സിലോണിന്നു് ഏകദേശം മൈസൂറോളം വലുപ്പമുണ്ടു്. ദ്വീപിന്റെ മദ്ധ്യത്തിലായിക്കിടക്കുന്ന മലകൾ പശ്ചിമഘട്ടത്തേക്കാൾ ഉയരമുള്ളവയാണു്. ഭൂപ്രകൃതിയനുസരിച്ച് സിലോണിനെ 1. മദ്ധ്യത്തിലുള്ള മലമ്പ്രദേശം, 2. തീരങ്ങളിലുള്ള മൈതാനഭൂമി, എന്നിങ്ങിനെ രണ്ടായി ഭാഗിക്കാം. ഉത്തരഭാഗത്തുള്ള മൈതാനത്തിന്നു വിസ്താരം കൂടുതലുണ്ടു്. പൂർവ്വതീരം പശ്ചിമതീരത്തേക്കാൾ വീതിയുള്ളതാണു്. സമുദ്രതീരത്തിൽ വിടവുകൾ കുറവാണെങ്കിലും പശ്ചിമതീരത്തിൽ കായലുകൾ ഉണ്ടു്.

ഭൂമദ്ധ്യരേഖയ്ക്കടുത്താണു കിടക്കുന്നതെങ്കിലും നാലു ഭാഗത്തും സമുദ്രസ്പർശമേൽക്കുന്നതുകൊണ്ടു കാലാവസ്ഥ സുഖകരമായതാണു്. എടവത്തിലും തുലാത്തിലും ഇവിടെ മഴയുണ്ടു്. ഉത്തരഭാഗവും, തെക്കുകിഴക്കേ ഭാഗവും ഒഴിച്ച് ബാക്കിയുള്ള പ്രദേശങ്ങൾ വളരെ ഫലവത്തുള്ളവയാണു്.

സമുദ്രതീരങ്ങളിൽ തെങ്ങും, പശ്ചിമതീരത്തു നെല്ലും, കൃഷിചെയ്തുവരുന്നു. മലയുടെ താഴ്‌വരകളിൽ ചായത്തോട്ടങ്ങളും, റബ്ബർതോട്ടങ്ങളും അസംഖ്യമുണ്ടു്. കൊ

ക്കൊമരങ്ങളും വളരുന്നുണ്ട്. തോട്ടങ്ങളിൽ കൂലിവേലക്കായി ഇന്ത്യയിൽനിന്നു അനവധി കൂലിക്കാർ അവിടെയ്ക്കു ചെല്ലുന്നുണ്ട്. ഉത്തരഭാഗത്തു വളരുന്ന വൃക്ഷം പനയാണ്.

സിലോണിലെ മുഖ്യ കയററുമതികൾ ചായ, കൊപ്പര, റബ്ബർ, രത്നങ്ങൾ, മുതലായവയാണ്.

നഗരങ്ങൾ

1. കൊളമ്പ് തലസ്ഥാനനഗരവും ഒന്നാംതരം തുറമുഖവുമാണ്. ഇതിന്റെ സ്ഥാനവിശേഷംകൊണ്ടു തന്നെയാണു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കപ്പലുകൾ ഇവിടെ വന്നെത്തുന്നതു്. ഈ തുറമുഖത്തിൽനിന്നു ചായയും, കൊപ്പരയും ഒട്ടധികം കയററുമതിചെയ്യുന്നുണ്ട്. 2. ഗാലി ദക്ഷിണഭാഗത്തുള്ള തുറമുഖപട്ടണമാണ്. കൊളമ്പ് അഭിവൃദ്ധിയെ പ്രാപിച്ചുവന്നതോടുകൂടി ഇതു ക്ഷയിച്ചുതുടങ്ങിയിരിക്കുന്നു. 3. ട്രിങ്കോമാലി പൂർവ്വതീരത്തു് വടക്കോട്ടുനീങ്ങി കിടക്കുന്ന തുറമുഖമാണ്. 4. കാണ്ടി. കൊളമ്പിൽനിന്നു 70 നാഴിക ഉള്ളിലേക്കു തള്ളി മലമ്പ്രദേശത്താണ് ഇതിന്റെ കിടപ്പ്. ഒരു സുഖവാസസ്ഥലവുമാണ്. 5. ഉത്തരഭാഗത്തായി ജാഫ്ന, തലൈമന്നാർ, എന്നീ നഗരങ്ങൾ കിടക്കുന്നു. ജനങ്ങൾ സിംഗാളികളാണ്. ഹിന്തുക്കളും മൂർസ് എന്ന മഹമ്മദ്മതക്കാരും ഇവിടെ അസംഖ്യമുണ്ട്.

(2.) ആൻഡമൻസ്. ബങ്കാൾഉൾക്കടലിന്റെമദ്ധ്യത്തിലായി കിടക്കുന്ന ഒരു ദ്വീപസമൂഹമാണ്. നാലു വലിയ ദ്വീപുകളും അവയ്ക്കു ചുററും അസംഖ്യം ചെറിയ ദ്വീപുകളും ഉണ്ട്. ഇന്ത്യയിൽനിന്നു നാടുകടത്തപ്പെട്ടവരെ

ഇവിടെയുള്ള ജയിലിൽ കൊണ്ടിടുന്നു. തെങ്ങും മരങ്ങളും സുലഭമായി വളരുന്നു. പോർട്ട് ബ്ളെയർ മുഖ്യനഗരവും തുറമുഖവുമാണ്.

(3) നിക്കോബാർസ് ആൻഡമൻസിന്നു ദക്ഷിണഭാഗത്തായി കിടക്കുന്ന ഒരു ദ്വീപസമൂഹമാണ്. ഈ ദ്വീപുകളിലും തെങ്ങു വളരുന്നുണ്ട്.

(4.) ലക്ഷദ്വീപുകൾ, മാലദ്വീപുകൾ. അറബിക്കടലിൽ ദക്ഷിണഭാഗത്തായി കിടക്കുന്ന ചെറിയ ദ്വീപസമൂഹങ്ങളാണ്. ഇവ യഥാൎത്ഥത്തിൽ പവിഴപ്പുററുകളാണ്. തെങ്ങു സമൃദ്ധിയായി വളരുന്നുണ്ട്.

—*—

അദ്ധ്യായം 14

രാജ്യഭരണം

ഇംഗ്ലണ്ടിലെ രാജാവാണ് ഇന്ത്യാചക്രവൎത്തി. ഇംഗ്ലണ്ടിൽ താമസിച്ച് ഇന്ത്യയിലെ ഭരണം നടത്തുന്നതു സുസാദ്ധ്യമല്ലല്ലൊ. അതിനാൽ ചക്രവൎത്തിയുടെ പ്രതിനിധിയായി 'വൈസ്റോയ്' എന്നൊരുദ്യോഗസ്ഥനെ ഇന്ത്യയിലേയ്ക്കു നിയമിച്ചയച്ചിരിക്കുന്നു. വൈസ്റോയ് എന്ന പദത്തിന്നു രാജപ്രതിനിധിയെന്നേ അൎത്ഥമുള്ളു. അദ്ദേഹം വസിക്കുന്നതു് ഇന്ത്യയുടെ തലസ്ഥാനനഗരമായ 'ഡൽഹി'യിലാണ്.

ഭരണവിഷയത്തിൽ വൈസ്റോയിയെ സഹായിപ്പാൻ 9 അംഗങ്ങളടങ്ങിയ ഒരു ഭരണസഭയുണ്ട്. ഇന്ത്യയെ ഒട്ടാകെ ബാധിക്കുന്നതായ നിയമങ്ങളുണ്ടാക്കാൻ ഒരു

നിയമനിൎമ്മാണസഭയും (ലജിസ്ലേററീവ് അസംബ്ളി), ഒരു പ്രഭുസഭയും(കൌൺസിൽ ഓഫ് സ്റ്റേററ്)സ്ഥാപി ച്ചിരിക്കുന്നു. നിയമസഭയിലും പ്രഭുസഭയിലും പാസാക്ക പ്പെടുന്ന നിയമങ്ങളെ സ്വീകരിക്കുവാനും, റദ്ദാക്കുവാനും അത്യാവശ്യമാണെന്നു തോന്നുന്ന നിയമങ്ങളുണ്ടാക്കുവാനും വൈസ്റോയിക്കധികാരമുണ്ട്.

ബ്രിട്ടീഷ്ഇന്ത്യയെ സംസ്ഥാനങ്ങളായി ഭാഗിച്ചിരി ക്കുന്നു. സംസ്ഥാനങ്ങളെ ഭരിപ്പാൻ ഗവൎണ്ണർമാരെ നിയ മിച്ചിരിക്കുന്നു. അവൎക്കും ഓരോ ചെറിയ ഭരണസഭയും, നിയമനിൎമ്മാണസഭയും (ലെജിസ്ലേററീവു കൌൺസിൽ) ഉണ്ട്. അതാതു സംസ്ഥാനത്തിന്നു വേണ്ടിയതായി തോ ന്നുന്ന നിയമങ്ങളാണ് ഈ നിയമസഭകൾ പാസാക്കുന്ന ത്. പ്രോവിൻസുകളെ ഭരിക്കുന്ന ലഫ്റനൻറ ഗവ ൎണ്ണർമാൎക്കും ഭരണസഭയും നിയമസഭയുമുണ്ട്.

വൈസ്റോയിയേയും മററും നിയമിക്കുന്നതു ചക്രവ ൎത്തിയാണ്. എന്നാൽ ഭരണകാൎയ്യത്തിൽ ഇവൎക്കു വേണ്ട പ്പെട്ട ഉപദേശങ്ങൾ നൽകുവാൻ ഇംഗ്ലണ്ടിൽ 'സെക്രട്ട റി ഓഫ് സ്റ്റേററ്' എന്നൊരുദ്യോഗസ്ഥനും അദ്ദേഹത്തി ന്ന് ഒരു ആലോചനസഭയുമുണ്ട്.

സംസ്ഥാനങ്ങളെ ജില്ലകളായി ഭാഗിച്ച് ഓരോ കല ക്ടർമാരെ ഏല്പിച്ചിരിക്കുന്നു. അവൎക്കും അസംഖ്യം കീഴ ദ്യോഗസ്ഥന്മാരുണ്ട്. നിയമപരിപാലനത്തിന്നു മുൻസി ഫ്കോടതികളും, ജില്ലാക്കോടതികളും, ഹൈക്കോടതി യുമുണ്ട്. സമാധാനരക്ഷയ്ക്കു പോലീസു ഡിപ്പാർട്ടുമെണ്ടു ണ്ട്. ശത്രുക്കളിൽനിന്നു രാജ്യത്തെ രക്ഷിപ്പാൻ ഒരു വ ലിയ സൈന്യവും അതിൻെറ ഭരണത്തിന്നു സൈന്യഡി പ്പാർട്ടുമെണ്ടും ഉണ്ട്. രാജ്യാഭിവൃദ്ധിക്കുവേണ്ടി വിദ്യാഭ്യാ

സം, കൃഷി. കച്ചവടം, മുതലായ അസംഖ്യം ഡിപ്പാർട്ടു മെണ്ടുകളും ഏല്പിച്ചുത്തിയിരിക്കുന്നു.

നാട്ടുരാജാക്കന്മാൎക്കു ഭരണകാൎയ്യങ്ങളിൽ ഉപദേശം നൽകുവാൻ പൊലിററിക്കൽഏജൻറുമാരെ നാട്ടുരാജ്യങ്ങളിൽ വൈസ്റോയ് നിയമിച്ചിരിക്കുന്നു. നാട്ടുരാജാക്കന്മാൎക്കു രക്ഷ നൽകുന്നതിന്നു പ്രതിഫലമായി അവർ ബ്രിട്ടീഷ് ഗവൎമ്മേണ്ടിലേയ്ക്കു 'കപ്പം' നൽകുന്നുണ്ടു്. ദുർഭരണം ചെയ്യുന്ന രാജാക്കന്മാരെ സ്ഥാനത്തിൽനിന്നൊഴിപ്പിക്കുവാൻ വൈസ്റോയിക്കധികാരമുണ്ടു്. എന്നാൽ ഈ അധികാരത്തെ നിവൃത്തിയില്ലാത്ത ഘട്ടങ്ങളിലല്ലാതെ ഉപയോഗപ്പെടുത്താറില്ല.

മൂന്നാം ഖണ്ഡം—ഭൂഗോളം

അദ്ധ്യായം 1

ഭൂഖണ്ഡങ്ങളുടെ സമുദ്രതീരം

അറിവുള്ള ജനങ്ങൾ ഭൂമി ഒരു ഗോളമാണെന്നു പറയുന്നു. ഭൂഗോളമെന്നു പറയുമ്പോൾ സ്ഥലജലാംശങ്ങൾ ഉൾപ്പെടുന്നുണ്ടെന്നു് ഓൎമ്മവെയ്ക്കണം. നിങ്ങളുടെ പറമ്പിൽ ചില കുഴികൾ കുഴിച്ചിട്ടുന്നവയിൽ വെള്ളം നില്ക്കുന്നുണ്ടെന്നു വിചാരിക്കുക. വെള്ളം നിൽക്കുന്ന സ്ഥലം പറമ്പിലുൾപ്പെടുന്നില്ലെന്നു വരുകയില്ലല്ലൊ. ഇതുപോലെയാണു ഭൂഗോളത്തിലെ സ്ഥലജലാംശങ്ങളുടെ സ്ഥിതിയും.

ഭൂഗോളം ഒരുകാലത്തു ദ്രാവകപദാൎത്ഥമായിരുന്നു എന്നും വളരെ കാലങ്ങൾക്കശേഷം അതു തണുപ്പുകൊണ്ടും മററും സങ്കോചിച്ചു എന്നും തൽഫലമായി ഭൂപൃഷ്ഠത്തിൽ ഉയൎന്നതും താണതുമായ പ്രദേശങ്ങളുണ്ടായിത്തീൎന്നു എന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. വിശാലമായതും താണതുമായ പ്രദേശങ്ങളിൽ വെള്ളം ശേഖരിച്ചു. ഈ ജലസമൂഹത്തെയാണു നാം ഇന്നു സമുദ്രമെന്നു പറയുന്നതു്.

ഭൂഗോളത്തിലുള്ള സ്ഥലജലാംശങ്ങളുടെ വിസ്തീൎണ്ണതയെ താരതമ്യപ്പെടുത്തിനോക്കുന്നതായാൽ മുക്കാൽ ഭാഗം വെള്ളവും കാൽ ഭാഗം കരയുമാണെന്നു മനസ്സിലാകും.

വേനൽക്കാലത്തു വെള്ളം വററുമ്പോൾ ചില കുളങ്ങളിൽ പാറ പൊന്തിനിൽക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. ഇതുപോലെ ഭൂഗോളത്തിൽ സമുദ്രവിതാനത്തിന്മീതെയായി കര പൊന്തിക്കാണുന്നു. ഈ സ്ഥലാംശങ്ങൾ ചെറിയവയാണെങ്കിൽ അവയ്ക്കു ദ്വീപുകളെന്നും, വലിയവയാണെങ്കിൽ ഭൂഖണ്ഡങ്ങളെന്നും പേർ പറഞ്ഞുവരുന്നു.

ആറു ഭൂഖണ്ഡങ്ങളാണുള്ളതു്. അവ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, ഓസ്ത്രേലിയ, എന്നിവയാണു്. അടുത്ത കാലത്തു് 'അൻറാൎട്ടിക്ക' എന്നൊരു ഭൂഖണ്ഡംകൂടി ഉള്ളതായി അറിവു കിട്ടിയിരിക്കുന്നു.

ഭൂഖണ്ഡങ്ങളെ അവയുടെ സ്ഥാനത്തെ അപേക്ഷിച്ചു ഭൂമദ്ധ്യരേഖയ്ക്കു തെക്കുള്ളവയെന്നും, വടക്കുള്ളവയെന്നും വേർതിരിക്കാം. ഭൂമദ്ധ്യരേഖയ്ക്കു വടക്കുള്ള പ്രദേശങ്ങൾക്കൊട്ടാകെ ഉത്തരാൎദ്ധഗോളമെന്നും, തെക്കുള്ളവ

യ്ക്കു ദക്ഷിണാർദ്ധഗോളമെന്നും പേർ പറഞ്ഞുവരുന്നു. ഇതിൽ ദക്ഷിണാർദ്ധഗോളത്തിലുൾപ്പെടുന്ന ഭൂഖണ്ഡങ്ങളാണ് ഓസ്ട്രേലിയ, ആഫ്രിക്ക, തെക്കെഅമേരിക്ക, എന്നിവ. ഉത്തരാർദ്ധഗോളത്തിലുൾപ്പെട്ട ഭൂഖണ്ഡങ്ങളേവ?

ദക്ഷിണാർദ്ധഗോളത്തിലുൾപ്പെട്ട ഭൂഖണ്ഡങ്ങൾക്കെല്ലാം ഒരു പ്രത്യേകത കാണുന്നുണ്ട്. അവയുടെ കടൽത്തീരം ഇന്ത്യയുടേതുപോലെ ചെവ്വായിരിക്കുന്നു. തീരങ്ങളിൽ കടലുകളും ഉൾക്കടലുകളും കുറവാണ്. അതിനും പുറമെ തീരങ്ങൾ വളരെ ഉറപ്പായുമിരിക്കുന്നു. ഉറപ്പായ കടൽത്തീരമായാൽ കടലിന്നു കരയെ ആക്രമിപ്പാൻ അത്ര എളുപ്പമല്ല. തൽഫലമായി തീരങ്ങളിൽ വിടവുകളും കുറവായിരിക്കും.

ഉത്തരാർദ്ധഗോളത്തിലുൾപ്പെടുന്ന ഭൂഖണ്ഡങ്ങളുടെ കടൽത്തീരങ്ങളിൽ അസംഖ്യം വിടവുകളുണ്ട്. ഇവയിൽ വെച്ചു യൂറോപ്പിലാണു കടലുകളും ഉൾക്കടലുകളും അധികമുള്ളത്. ഏഷ്യയിലാകട്ടെ, രാജ്യത്തിൻെറ വലുപ്പത്തിന്നനുസരിച്ചുള്ള വിടവുകൾ ഇല്ല.

—*—

അദ്ധ്യായം 2

ഭൂഗോളത്തിൻെറ സാമാന്യമായ ഭൂപ്രകൃതി

നിങ്ങളുടെ വീടിന്നു ചുററുമുള്ള പ്രദേശങ്ങളെല്ലാം ഒരേ നിരപ്പിൽ കിടക്കുന്നതായി കാണുന്നില്ലല്ലൊ. ചില ഭാഗങ്ങൾ ഉയർന്നും, ചിലവ താണും, മററു ചിലഭാഗങ്ങൾ സമനിരപ്പായും കിടക്കുന്നുവല്ലൊ.

ഇപ്രകാരംതന്നെ ഭൂഗോളത്തിലുള്ള എല്ലാ പ്രദേശങ്ങളും ഒരേ വിതാനത്തിലല്ല ഇരിക്കുന്നതു്. ഭൂപ്രകൃതിക്കു വ്യത്യാസമുണ്ടെന്നു താല്പര്യം. ഉയരം കൂടുതലുള്ളവയെ നാം പൎവ്വതങ്ങൾ, കുന്നുകൾ, എന്നും മററും പറയുന്നു. രണ്ടു മലകളുടെ ഇടയിലുള്ള താണപ്രദേശത്തെ 'മലന്താഴ്‌വര'യെന്നു പറഞ്ഞുവരുന്നു. ഉയൎന്ന വിതാനമായ ഭൂഭാഗങ്ങളാണു പീഠഭൂമികൾ. നദികൾ ഒഴുകിപ്പോകുന്ന പ്രദേശങ്ങളാണു 'നദീതാഴ്‌വരകൾ.' വിശാലമായി മിക്കവാറും നിരപ്പൊത്ത ഭൂഭാഗങ്ങൾ മൈതാനങ്ങളാകുന്നു.

ഇങ്ങിനെയുള്ള പർവ്വതങ്ങളും, താഴ്‌വരകളും, പീഠഭൂമികളും, മൈതാനങ്ങളും എല്ലാ ഭൂഖണ്ഡങ്ങളിലും കാണാം. അവയെപ്പററി എനിക്കു ചിലതെല്ലാം പറഞ്ഞുതരുവാനുണ്ടു്.

ഭൂഖണ്ഡങ്ങളുടെ പടം നോക്കുവിൻ. ഭൂഖണ്ഡങ്ങളെ ഓരോന്നായി കാണിക്കാമോ? ഏതു ഭൂഖണ്ഡത്തിനാണു് ഏററവും വലുപ്പമുള്ളതു്? അതെ, ഏററവും വലുപ്പമുള്ള ഭൂഖണ്ഡം ഏഷ്യതന്നെ. ഇതിൻെറ തുടർച്ചയായി വ്യാപിച്ചുനിൽക്കുന്ന ഭൂഖണ്ഡമേതു്?

യൂറോപ്പിന്നും ഏഷ്യയ്ക്കും കൂടിയുള്ള പേരാണു യൂറേഷ്യ. യൂറേഷ്യയുടെ ഉത്തരഭാഗത്തെ കാണിക്കുവിൻ. ഈ പ്രദേശത്തിൻെറ കിഴക്കെ ഭാഗത്തു് ഏതു സമുദ്രമാണു കിടക്കുന്നതു്? പടിഞ്ഞാറുഭാഗത്തോ? യൂറേഷ്യയുടെ ഉത്തരഭാഗമായ ഈ പ്രദേശം ശാന്തസമുദ്രംമുതൽ അററലാണ്ടിക്ക് സമുദ്രംവരെ വ്യാപിച്ചുകിടക്കുന്ന ഒരു മൈതാനമാണു്. 'സൈബീറിയൻ മൈതാന'മെന്നാണു പേർ. മിക്കവാറും തരിശായിക്കിടക്കുന്ന ഈ മൈതാനമാണു ലോകത്തിൽവെച്ചു് ഏററവും വിസ്താരമുള്ളതു്.

സൈബീറിയയിൽ വളരെ കുറച്ചുമാത്രമേ ജനങ്ങൾ പാൎക്കുന്നുള്ളു. ഇതിൻെറ വടക്കാണല്ലൊ ആർട്ടിക്ക് സ

മുദ്രം. ഈ സമുദ്രം അധികമാസങ്ങളും മഞ്ഞുറച്ചുകിടക്കുന്നു. ശീതകാലത്തു സൈബീറിയയും മഞ്ഞുമൂടിക്കിടക്കും. അതിനാൽ അവിടെ ശൈത്യം ദുസ്സഹമായിരിക്കുന്നു. ആർട്ടിക്ക് സമുദ്രത്തിൽനിന്നു വീശുന്ന ശീതവാതങ്ങളെ തടയുവാൻ സൈബീറിയയിൽ മലകളില്ല. ദക്ഷിണഭാഗത്തുനിന്നുള്ള ഉഷ്ണവാതങ്ങളെ തെക്കുള്ള മലകൾ തടയുകയും ചെയ്യുന്നു.

ഇന്ത്യയുടെ പടം നോക്കുക. വടക്കെ അതൃത്തിയിലാണല്ലൊ ഹിമാലയം. ഇതിൻെറ ദക്ഷിണഭാഗത്തുകൂടി സിന്ധു, ഗംഗാ, എന്നീ നദികൾ ഒഴുകിപ്പോകുന്ന പ്രദേശം പ്രസ്തുത നദികളുടെ താഴ്‌വരയാണ്. സിന്ധുഗംഗാസമനിലമെന്നും, ഹിന്തുസ്ഥാനമെന്നും ഇതിന്നു പേരുണ്ട്. ഇതൊരു മൈതാനഭൂമിയാണ്. ഈ മൈതാനം സൈബീറിയൻ മൈതാനംപോലെ തരിശല്ല. ഭൂമിയുടെ ഫലപുഷ്ടിയും, സസ്യസമൃദ്ധിയും, ജനത്തിരക്കും അതിശയനീയംതന്നെ. വടക്കുനിന്നുള്ള ശീതവാതങ്ങളെ തടയുവാൻ അത്യുന്നതമായ ഹിമാലയവും ഉണ്ട്.

മററു ഭൂഖണ്ഡങ്ങളിലും വിശാലമായ മൈതാനങ്ങളുണ്ട്. വടക്കെ അമേരിക്കയുടെ മദ്ധ്യഭാഗം തെക്കുവടക്കായി വ്യാപിച്ചുകിടക്കുന്ന ഫലവത്തുള്ള ഒരു മൈതാനമാണ്. ഇതിൻെറ ഒരംശത്തിന്നു 'പ്രയറീസ്' എന്നു പേർ. ഭൂഗോളത്തിലെവിടെയും പ്രയറീസിൽ ഉണ്ടാകുന്നപോലെ കോതമ്പു വിളയുന്നില്ല. തെക്കെ അമേരിക്കയിൽ 'പാമ്പാസ്' എന്നൊരു പുൽമൈതാനമുണ്ട്. ഇവിടെയും കോതമ്പാണു മുഖ്യകൃഷി.

ഓസ്ത്രേലിയയുടെ പൂൎവ്വതീരത്താണല്ലൊ മലകൾ. തെക്കുവടക്കായി കിടക്കുന്ന ഈ മലയുടെ തൊട്ടു പശ്ചിമഭാഗം മൈതാനഭൂമിയാണ്. ഈ മൈതാനം പടിഞ്ഞാ

ട്ടു വളരെവിസ്താരത്തിൽ കിടക്കുന്നു. ഇതിനുമുറേ-ഡാർലിങ്ങ് താഴ്‌വരയെന്നപേർപറയുന്നു. ഇവിടെയും കോതമ്പു തന്നെയാണു കൃഷി. ഇവകൂടാതെ ചൈന, ഇററലി, ഫ്രാൻസ്, മുതലായ രാജ്യങ്ങളിലും ഫലവത്തായ മൈതാനഭൂമികളുണ്ട്.

—*—

അദ്ധ്യായം 3

പീഠഭൂമികൾ

മുൻ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മൈതാനങ്ങളെല്ലാം ഉയരം കുറഞ്ഞു മിക്കവാറും വിതാനമായിക്കിടക്കുന്നവയാണ്. അവ നദികളുടെ പ്രവാഹത്തിൻെറ ഫലമായിട്ടും മററും താണ പ്രദേശങ്ങൾ നികന്നുവന്നവയൊ, ഭൂഗോളം തണുത്ത് ഉറച്ചപ്പോൾ സ്വതേ ഉണ്ടായിത്തീർന്നവയൊ, ആയിരിക്കാം. എന്നാൽ ഭൂമിയുടെ സമനിരപ്പിൽനിന്നു വളരെ ഉയർന്നു വിതാനമായിക്കിടക്കുന്ന മൈതാനഭൂമികളുണ്ട്. അവയെ 'പീഠഭൂമികൾ' എന്നാണു വിളിച്ചുവരാറുള്ളത്.

ആഫ്രിക്ക ഭൂഖണ്ഡത്തെ ഒട്ടാകെ ഒരു പീഠഭൂമിയായി കണക്കാക്കാം. ഡക്കാനും ഒരു പീഠഭൂമിയാണ്. ഇന്ത്യയുടെ പശ്ചിമഭാഗത്തായിക്കിടക്കുന്ന പേർസ്യ (ഇറാൻ), അറേബിയ എന്നിവയും പീഠഭൂമികളാണ്. ഓസ്ട്രേലിയയുടെ പശ്ചിമാർദ്ധം ഇത്തരത്തിലുള്ള ഒരു പീഠഭൂമിയാണ്. വടക്കെ അമേരിക്കയുടെ പശ്ചിമഭാഗത്തുള്ള മലകൾക്കിടയിലും പീഠഭൂമികളെ കാണാം. തെക്കെ അമേ

രിക്കയിലും പീഠഭൂമികളുണ്ട്. എന്നാൽ ലോകത്തിൽ വെച്ചു ഏററവും ഉയരമുള്ള പീഠഭൂമിയാണു ഹിമാലയത്തിൻെറ ഉത്തരഭാഗത്തു കിടക്കുന്ന പാമീർ. ഇതിൻെറ തുടൎച്ചയായി കിടക്കുന്ന ടിബെററും ഒരു പീഠഭൂമിതന്നെ.

പീഠഭൂമികളിൽ മൈതാനങ്ങളെപ്പോലെ ജലം സുഭിക്ഷമല്ല. മഴ കുറവാണ്. വരൾച്ചയും കൂടുതലുണ്ടാകും. എന്നാൽ ഉയരംഹേതുവായിട്ടു ശൈത്യമുണ്ടായിരിക്കും. അവയിൽ പശിമയുള്ള പ്രദേശങ്ങൾ ഉണ്ടാകാൻ പാടില്ലെന്നില്ല. വെള്ളം കിട്ടുവാൻ സൌകൎയ്യമുള്ള പക്ഷം കൃഷി നടത്തിവരാറുണ്ട്. ഡക്കാനിൽ കൃഷിചെയ്തുവരുന്നുണ്ടെന്നു നിങ്ങൾക്കുതന്നെ അറിവുള്ള സംഗതിയാണല്ലൊ.

ഈ പാഠംഅവസാനിപ്പിക്കുന്നതിന്നു മുമ്പായി ഒരു ധീരപുരുഷൻെറ ധൈൎയ്യത്തെയും, ആത്മവിശ്വാസത്തെയും പററി പറഞ്ഞുകൊള്ളട്ടെ.

യൂറോപ്പിൽ വളരെക്കാലങ്ങൾക്കുമുമ്പു 'കൊളമ്പസ്' എന്നൊരു വീരപുരുഷനുണ്ടായിരുന്നു. കടൽയാത്രചെയ്യുന്നതിൽ അദ്ദേഹത്തിന്നു വലിയ താല്പൎയ്യമായിരുന്നു. സ്പെയിനിലെ രാജാവിൻെറ സഹായസഹകരണത്തോടുകൂടി അദ്ദേഹം അററലാണ്ടിക്ക് സമുദ്രത്തിലൂടെ പടിഞ്ഞാട്ടു യാത്രചെയ്തു. വളരെ ക്ലേശങ്ങളനുഭവിച്ചശേഷം അദ്ദേഹം കരയ്ക്കെത്തി. അദ്ദേഹം കണ്ടുപിടിച്ച രാജ്യമാണ് അമേരിക്ക.

അമേരിക്കയെന്നൊരു രാജ്യമുണ്ടായിരുന്നു എന്നു മററു ഭൂഖണ്ഡങ്ങളിലുള്ളവൎക്കറിവുണ്ടായിരുന്നില്ല. അതിനാൽ അവർ അമേരിക്കയ്ക്കു് 'പുതിയലോകം' എന്നു പേർ നൽകി. അന്നുമുതൽ മററു ഭൂഖണ്ഡങ്ങളെ പഴയ ലോകമെന്നും പറഞ്ഞുവന്നു. ഇങ്ങിനെയാണ് ഭൂഗോള

ത്തെ പുതിയലോകമെന്നും പഴയലോകമെന്നും രണ്ടായി ഭാഗിച്ചത്.

പുതിയ ലോകത്തിലും, പഴയ ലോകത്തിലും മൈതാനഭൂമികൾ വളരെയുണ്ടെന്നു മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവതമ്മിൽ ചില വ്യത്യാസങ്ങൾ കണ്ടുവരുന്നുണ്ട്. പഴയ ലോകത്തിലെ മൈതാനങ്ങൾ കിഴക്കുപടിഞ്ഞാറായിട്ടാണു വ്യാപിച്ചുകിടക്കുന്നത്. പുതിയ ലോകത്തിലാകട്ടെ അവ തെക്കുവടക്കായി വ്യാപിച്ചുകിടക്കുന്നു. ഇതിന്നുള്ള കാരണം മലകളുടെ കിടപ്പിലുള്ള വ്യത്യാസമാണ്.

പ്രസ്തുതമൈതാനങ്ങൾ തമ്മിൽ മറെറാരുവ്യത്യാസമുണ്ട്. അത് അവയുടെ ഉത്ഭവത്തെപ്പററിയാണ്. നദികളിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അവ കരകവിഞ്ഞൊഴുകുമല്ലോ. അപ്പോൾ അവ കൊണ്ടുവരുന്ന പശിമയുള്ള മണ്ണ് ഇരുകരകളിലും നിക്ഷേപിക്കപ്പെടുന്നു. തത്സമയം ആഴമുള്ള ഭാഗങ്ങൾ തൂൎന്നുവന്നു നദീതാഴ്‌വരകൾ മൈതാനമായിത്തീരുകയുംചെയ്യുന്നു. ഇങ്ങിനെ നദികളാൽ നിൎമ്മിക്കപ്പെടുന്നവയാണു പഴയലോകത്തിലുള്ള മിക്ക മൈതാനങ്ങളും.

പുതിയലോകത്തിലും ഇങ്ങിനെയുണ്ടായിത്തീൎന്നിട്ടുള്ള മൈതാനം തെക്കെ അമേരിക്കയിൽ കാണാം. എന്നാൽ വടക്കെ അമേരിക്കയിലെ മൈതാനം മഞ്ഞിൻെറ പ്രേരണമൂലംഉണ്ടായിത്തീൎന്നതാണു. പണ്ട് ഭൂഗോളം ഇന്നത്തേക്കാൾ തുലോം ശൈത്യമുള്ളതായിരുന്നു. ഭൂഭാഗങ്ങൾ മഞ്ഞുറച്ചുകിടന്നിരുന്നുവത്രെ. മഞ്ഞിൻെറ പ്രേരണമൂലം പാറകളുംകൂടി തകൎന്നു കുഴിഞ്ഞുപോകുന്നതാണ്. കാലാന്തരത്തിൽ മഞ്ഞുരുകി വടക്കോട്ടു നീങ്ങുകയും മഞ്ഞുറച്ചുകിടന്നിരുന്ന പ്രദേശങ്ങളിൽ അസംഖ്യം ചെറുതടാകങ്ങൾ കാണപ്പെടുകയുംചെയ്തു. പ്രസ്തുത

തടാകങ്ങളും മഴ, കാററു, ജലപ്രവാഹം, മുതലായവ കൊണ്ടു ക്രമത്തിൽ തൂൎന്നുവന്നു. ആപ്രദേശം പശിമയുള്ള മൈതാനമായിത്തീരുകയുംചെയ്തു. യൂറോപ്യൻ റഷ്യയുടെ ഉത്തരഭാഗത്തുള്ള മൈതാനഭൂമിയുടെ ചരിത്രവും ഇതുതന്നെയാണു്.

—*—

അദ്ധ്യായം 4

നദികൾ

മഴവെള്ളം ഒരുദിക്കിൽത്തന്നെ കെട്ടിനില്ക്കാതെ ഒഴുകിപ്പോകുന്നതു നിങ്ങൾ കണ്ടിട്ടുണ്ടല്ലൊ. നഗരങ്ങളിലും മററും മഴവെള്ളം ഒഴിഞ്ഞുപോകുവാൻ ചാലുകൾ (കാനുകൾ) നിൎമ്മിക്കാറുണ്ടു്. വെട്ടുവഴികളുടെ ഇരുവശത്തും ചാലുകളുണ്ടാക്കുന്നതെന്തിനാണു്? നാട്ടുപുറങ്ങളിൽ വെള്ളം സ്വതേ ഒഴുകിയുണ്ടായിട്ടുള്ള തോടുകളും കാണാവുന്നതാണു്.

ഇങ്ങിനെ മനുഷ്യർ നിൎമ്മിക്കുന്നവയും, പ്രകൃതിയുണ്ടാക്കുന്നവയുമായി രണ്ടുതരത്തിലുള്ള നീൎച്ചാലുകൾ കാണാം. മഴയധികമില്ലാത്ത ഭൂഭാഗങ്ങളിൽ കൃഷിക്കുവേണ്ടി നദികളിൽനിന്നോ, തടാകങ്ങളിൽനിന്നോ വെള്ളം കൊണ്ടുവരുവാൻ ചാലുകൾ നിൎമ്മിക്കുന്നു. ഇത്തരത്തിലുള്ളവയെ പഞ്ചാബിലും, സിണ്ടിലും, ഡക്കാനിലും ധാരാളം കാണാം. പ്രകൃതിദേവിയുടെ വിലാസംകൊണ്ടുണ്ടാകുന്നവയാണു നദികൾ. അസംഖ്യം ചെറിയ നീൎച്ചാലുകൾ ഒന്നിച്ചുചേൎന്നു തോടുകളും, അപ്രകാരം തോടുകളുടെ സമ്മേളനംകൊണ്ടു നദികളുംഉണ്ടായിത്തീരുന്നു.

നദികൾ എല്ലാ ഭൂഖണ്ഡങ്ങളിലുമുണ്ട്. വലിയവയും ചെറിയവയും, ആഴവും വീതിയും കൂടിയവയും, കുറഞ്ഞവയും, ഏതു കാലത്തും ജലസുഭിക്ഷമുള്ളവയും, വേനൽക്കാലത്തു വറ്റുന്നവയുമായി പലേ തരത്തിലുമുണ്ട്. ചില രാജ്യങ്ങളിൽ 3000 നാഴികയോളം നീളമുള്ള നദികളെ കാണാം. കൊച്ചിരാജ്യത്തെ നദികൾ നീളം കുറഞ്ഞവയാണ്. കാരണം പറയാമോ? ഓരോ ഭൂഖണ്ഡങ്ങളിലുള്ള ചില നദികളെപ്പറ്റി നമുക്കാലോചിക്കാം.

എ. ഏഷ്യ

ഹിമവാൻെറ ഉത്തരഭാഗത്തു കിടക്കുന്ന പാമീർമേടയെപ്പറ്റി നിങ്ങൾ ചില സംഗതികൾ മനസ്സിലാക്കീട്ടുണ്ടല്ലോ. ഈ ഉന്നതഭൂമിയിൽനിന്നു മലനിരകൾ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചുനില്ക്കുന്നുണ്ട്. അനേകം നദികൾ പ്രസ്തുത മലകളിൽനിന്നുത്ഭവിച്ച് ഏഷ്യയുടെ വടക്കോട്ടും, കിഴക്കോട്ടും തെക്കോട്ടും ഒഴുകുന്നതായി കാണാം. വടക്കോട്ടു മൂന്നു നദികൾ ഒഴുകിപ്പോകുന്നു. ഓബി, യനിസി, ലീന, എന്നാണവയുടെ പേർ. മടിയന്മാരായ കുട്ടികൾ സ്കൂളിലേയ്ക്കു പോകുന്നപോലെയാണ് ഇവ സൈബീറിയൻമൈതാനത്തിൽക്കൂടി ഒഴുകുന്നതു്. അവയുടെ മന്ദഗതിക്കു കാരണമെന്താണ്? അവ ചെന്നുചേരുന്ന സമുദ്രമേതു്? അധികമാസങ്ങളിലും ഈ നദികളും ഇവ ചെന്നുചേരുന്ന സമുദ്രവും, മഞ്ഞുറച്ചുകിടക്കുന്നു.

പാമീർമേടയുടെ ദക്ഷിണഭാഗത്താണു ടിബററിലെ പീഠഭൂമി. ഇതിൻെറ കിഴക്കെ ചരിവിൽനിന്നു രണ്ടു നദികൾ ഉത്ഭവിച്ചു ചീനരാജ്യത്തിൽക്കൂടി ഒഴുകിപ്പോകുന്നു. ചീനക്കാർ മഞ്ഞനിറവും പതിഞ്ഞ മൂക്കും ഉള്ളവരാണ്. ചെറുപ്പത്തിൽ അമ്മമാർ കുട്ടികളുടെ മൂക്കിനെ

അമൎത്തുന്ന ഒരു സമ്പ്രദായം അവരുടെ ഇടയിലുണ്ടത്രെ-തൽഫലമായി ചീനക്കാർ മൂക്കിൽക്കൂടിയാണു ശബ്ദം പുറപ്പെടുവിക്കുന്നതു്. നിങ്ങളും മൂക്കിനെ അമൎത്തിപ്പിടിച്ചു് 'ഹൊയാംഹൊ', 'യാങ്ങ്ടീസ്ക്യാങ്ങ്' എന്നു ശബ്ദിച്ചുനോക്കുവിൻ. ഇവ രണ്ടും ചൈനയിലെ നദികളാണു്.

പ്രസ്തുത രണ്ടു നദികളുടെ താഴ്വരകളും വളരെ ഫലവത്തുള്ള പ്രദേശങ്ങളാണു്. അവ ഏതുകാലത്തും ജലസമ്പൂൎണ്ണമായിരിക്കും. നദീതീരങ്ങളിൽ ചായത്തോട്ടങ്ങളും, പരുത്തിത്തോട്ടങ്ങളും, നെൽവയലുകളും വളരെയുണ്ടു്. ചീനക്കാൎക്കു 'ഹൊയാംഹൊ'വിനെ വളരെ ഭയമാണു്. പലപ്പോഴും ഈ നദി അതിൻെറ ഗതിയെ മാററുകയും തന്നിമിത്തം വളരെ നാശം സംഭവിക്കുകയും ചെയ്യുന്നു. കരയിൽ നാം വീടുകെട്ടി പാൎക്കുന്നപോലെ അനവധി ചീനർ യാങ്ങ്ടീസ്ക്യാങ്ങ്നദിയിൽ വഞ്ചികളിൽ സ്ഥിരവാസംചെയ്യുന്നു.

ഏഷ്യയുടെ തെക്കുപടിഞ്ഞാറാണല്ലൊ പേർസ്യ, അറേബിയ, എന്നീ രാജ്യങ്ങൾ. അവയ്ക്കിടയിലായി പേർസ്യൻ ഉൾക്കടൽ കാണാം. ഈ ഉൾക്കടലിൽ വടക്കുനിന്നു് ഒരു നദി വന്നുചേരുന്നുണ്ടു്. യൂഫ്രട്ടീസ്, ടൈഗ്രീസ്, എന്നു രണ്ടെണ്ണമുണ്ടെന്നു നിങ്ങൾ പറയുമായിരിക്കാം. എന്നാൽ അവ രണ്ടും സംഗമിച്ചശേഷമാണു കടലിൽ ചെന്നുചേരുന്നതു്. ഇവയുടെ ഇടയിലുള്ള ഭൂമിയാണു മെസപ്പൊട്ടേമിയ. ഈ പ്രദേശവും വളരെ ഫലപുഷ്ടിയുള്ളതാണു്. ഇതാണു് ഈന്തപ്പനയുടെ ജന്മഭൂമി. ഓസ്ട്രേലിയയിലുള്ളപോലെ ഇവിടെയും ആടുകൾ ധാരാളമുണ്ടു്. നദീമുഖത്തുള്ള തുറമുഖമാണു 'ബാസ്റ' ഇവിടെനിന്നു് ഈന്തപ്പഴം, രോമം, മണ്ണെണ്ണ, എന്നിവ കയററി അയയ്ക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യയിലും ബ

മ്മയിലുമുള്ള നദികളെപ്പററി നിങ്ങഠം പഠിച്ചിരിക്കുന്നു വല്ലൊ. അതിനാൽ ഇവിടെ അവയെപ്പററി വീണ്ടും പ്രസ്താവിച്ചിട്ടാവശ്യമില്ല.

—*—

അദ്ധ്യായം 5

———

നദികഠം

(തുടച്ച്)

ബി· ഓസ്ട്രേലിയ

ഇന്ത്യയിൽനിന്നു 3000 നാഴിക അകലെ കിടക്കുന്ന ഒരു ഭൂഖണ്ഡമാണിതു്. വൃഷ്ടിദൌർല്ലഭ്യംകൊണ്ടും, നദികളുടെ എണ്ണക്കുറവുകൊണ്ടും ഓസ്ട്രേലിയ വളരെ വരഠംച്ചയുള്ള ഭൂഖണ്ഡമാണ്. ആടുവളത്തുവാൻ പററിയ പ്രദേശവുമാണ്. രാജ്യത്തിൻെറ കിഴക്കെ തീരത്തിലായി ഒരു മലനിര കിടക്കുന്നതായി കാണാം. ഇതിൽനിന്നു മുറെ എന്നും, ഡാർലിങ്ങ്, എന്നും രണ്ടു നദികഠം ഉത്ഭവിച്ചു തെക്കോട്ടൊഴുകി സംഗമിച്ചു കടലിൽ ചെന്നുചേരുന്നു. നദീതാഴ്‌വര കോതമ്പു വിളയുന്ന ഭൂമിയാണ്. പഞ്ചാബിലെക്കാഠം ഇവിടെ കോതമ്പു് അധികം വിളയുന്നുണ്ടു്.

ഓസ്ട്രേലിയയിൽ ഒന്നാമതായി വന്നെത്തിയവക്കു പണക്കാരാകാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. നദികളിൽ സ്വർണ്ണക്കട്ടകഠം കണ്ടിരുന്നുവത്രെ! ഈ സംഗതി മനസ്സിലായപ്പോഠം ജനങ്ങഠം പിന്നേയും വന്നെത്തി. ഇന്നു രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും

സ്വൎണ്ണം, വെള്ളി, ചെമ്പ്, തകരം, കൽക്കരി, മുതലായ ലോഹങ്ങൾ കുഴിച്ചെടുക്കപ്പെടുന്നു. പൂൎവ്വതീരത്തു 'സിഡ്നി'യെന്നൊരു തുറമുഖമുണ്ടു്. ഇവിടെ വരുന്ന കപ്പലുകൾ കൽക്കരി കയററാതിരിക്കയില്ല. അവിടെ കൽക്കരി അത്ര സുലഭമാണു്. തുറമുഖത്തിൽനിന്നു വടക്കോട്ടു വളരെ ദൂരംവരെ കൽക്കരിഖനികൾ കണ്ടുവരുന്നു.

സി. ആഫ്രിക്ക

വാണിയങ്കുളം ചന്തയ്ക്കു് ആളുകൾ പോകുന്നതെന്തിനെന്നു നിങ്ങൾക്കറിയാമോ? ഇന്നു കന്നുകാലികളെ വില്ക്കുന്ന മാതിരി പണ്ടു് മൃഗപ്രായന്മാരായ ആളുകളെ വിററിരുന്നു. ആഫ്രിക്ക ഭൂഖണ്ഡമാണു കാപ്പിരികളുടെ ജന്മഭൂമി. പണ്ടു യൂറോപ്യന്മാർ കാപ്പിരികളെ പിടിച്ചു കപ്പൽ കയററി അമേരിക്കയിൽ കൊണ്ടുപോയി തോട്ടക്കാൎക്കു വിററു പണം സമ്പാദിച്ചിരുന്നു. ഇതിന്നാണു് അടിമവ്യാപാരമെന്നു പറയുന്നതു്. പരിഷ്കാരം കുറഞ്ഞ രാജ്യമായിട്ടാണു് ആഫ്രിക്കയെ കണക്കാക്കിവരുന്നതു്.

ആഫ്രിക്കയുടെ പടം നോക്കുക. ഏകദേശം ഇന്ത്യയുടെ ഛായയില്ലേ? മദ്ധ്യഭാഗത്തുനിന്നു നേരെ വടക്കോട്ടു് ഒരു നദി ഒഴുകിപ്പോകുന്നതു കണ്ടുവോ? നൈൽ എന്നാണു് ഇതിൻെറ പേർ. വളരെ നീളമുള്ള നദിയാണു്. നദീമുഖം നോക്കുക. എത്ര ശാഖകളായിട്ടാണു സമുദ്രപതനം ചെയ്യുന്നതു്. ഈജിപ്തു് എന്ന സംസ്ഥാനത്തിൽ വെച്ചാണു നൈൽ ശാഖകളായിപ്പിരിയുന്നതു്. 'കയറൊ' നഗരം സ്ഥിതിചെയ്യുന്നതെവിടെ? ഈ നഗരമാണു് ആഫ്രിക്കയിൽവെച്ചു് ഏററവും വലിയതും ജനത്തിരക്കുള്ളതും. ഈജിപ്തിൻെറ കിഴക്കും പടിഞ്ഞാറും മരു

ഭൂമിയാണ്. ഈജിപ്തും മരുഭൂമിയായിത്തീരേണ്ടതാണ്. എന്നാൽ അതു നൈലിൻെറ പ്രഭാവംകൊണ്ടു സ്വൎഗ്ഗത്തിലെ ഉദ്യാനംപോലെ ഇന്നു വിലസിക്കൊണ്ടിരിക്കുന്നു. എവിടെ നോക്കിയാലും പരുത്തിത്തോട്ടങ്ങൾ കാണാം.

നൈലിൻെറ ഉത്ഭവസ്ഥലത്തിന്നടുത്തുവെച്ചു കോങ്കോവെന്ന മറെറാരു നദിയും ഉത്ഭവിക്കുന്നുണ്ടു്. ഒരു വില്ലുവളയംപോലെയാണ് ഇതിൻെറ ഒഴുക്കു്. വടക്കോട്ടൊഴുകി തെക്കോട്ടു തിരിഞ്ഞു തെക്കുപടിഞ്ഞാറായൊഴുകിയശേഷം അററലാണ്ടിക്കു സമുദ്രത്തിൽ ചേരുന്നു. ഒഴുക്കിൻെറ ശക്തി നദീമുഖത്തുനിന്നു സമുദ്രത്തിൽ വളരെ ദൂരം കാണാവുന്നതാണു്. നദീതാഴ്വര നിബിഡമായ വനങ്ങളാകുന്നു. വെള്ളച്ചാട്ടങ്ങളുള്ളതിനാൽ നദിയിൽക്കൂടി ഗതാഗതത്തിന്നു വളരെ അസൌകൎയ്യമുണ്ടു്. നദീതീരങ്ങളിലുള്ള കാടുകളിൽ 'പിഗ്മീസ്' എന്നൊരുതരം ഹ്രസ്വകായന്മാരായ മനുഷ്യവൎഗ്ഗം ജീവിക്കുന്നുണ്ടു്.

പണ്ടു യൂറോപ്പ്യൻ വ്യാപാരികൾ കടൽമാൎഗ്ഗമായി ഇന്ത്യയിലേയ്ക്കു വന്നിരുന്നതു് ആഫ്രിക്കയുടെ ദക്ഷിണാഗ്രത്തെ പ്രദക്ഷിണംചെയ്തായിരുന്നു. (ഇപ്പോൾ വരുന്ന മാൎഗ്ഗമേതു്?) ആഫ്രിക്കയുടെ ദക്ഷിണാഗ്രത്തിലുള്ള സംസ്ഥാനമാണു 'കേപ്പു് കോളനി'. വലിയ ലോഹസമൃദ്ധിയുള്ള പ്രദേശമാണിതു്. കിംബർലി എന്ന സ്ഥലത്തു വൈരക്കല്ലും, അതിന്നടുത്തുള്ള പലേ സ്ഥലങ്ങളിലും സ്വൎണ്ണവും, നററാൽ എന്ന സ്ഥലത്തു കൽക്കരിയും, സുലഭമായി കണ്ടുവരുന്നു. ഈ പ്രദേശത്തു കോതമ്പും ഫലങ്ങളും കൃഷിയുണ്ടു്. ആടുകൾ, ഒട്ടകപ്പക്ഷികൾ, എന്നീ ജീവികളും ഇവിടെ വളൎത്തപ്പെടുന്നുണ്ടു്. നിങ്ങൾക്കു് അ

വിടെ പോകുവാൻ താല്പൎയ്യമുള്ള പക്ഷം ബോംബെ, കൊച്ചി, കൊളമ്പു്, എന്നേതെങ്കിലും തുറമുഖത്തുനിന്നു കപ്പൽ കയറി ഡർബൻ,കേയ്പ്ടൌൺ, എന്ന തുറമുഖങ്ങളിൽ ഇറങ്ങിയാൽ മതി.

അദ്ധ്യായം 6

നദികൾ

(തുടർച്ച)

ഡി. അമേരിക്ക

ആഫ്രിക്കയിലുള്ള 'കോങ്കോ' നദീമുഖത്തുനിന്നു നേരെ പടിഞ്ഞാട്ടുയാത്രചെയ്താൽ തെക്കെ അമേരിക്കയിലെ 'അമേസോൺ' എന്ന നദീമുഖത്തെത്താം. ഭൂഗോളത്തിലുള്ള ഏററവും വലിയ നദികളിലൊന്നാണിതു്. ഗംഗയോളം വലിപ്പമുള്ള 12-പോഷകനദികൾ ഇതിന്നുണ്ടെന്നറിയുമ്പോൾ അമേസോണിൻെറ വലിപ്പത്തെപ്പററി ഊഹിക്കാമല്ലൊ. ഇതിൻേറയും ഒഴുക്കിൻെറ ശക്തി സമുദ്രത്തിൽ വളരെ ദൂരത്തേക്കു കാണപ്പെടുന്നു. നദീതാഴ്‌വരയും കോങ്കോനദിയുടേതുപോലെ കാടുകൾ നിറഞ്ഞതാണു്. പ്രസ്തുത സംഗതികളാലോചിച്ചാൽ അമേസോണിന്നു കോങ്കോവിനോടു വളരെ സാദൃശ്യമുണ്ടെന്നു മനസ്സിലാകും.

തെക്കെ അമേരിക്കയിൽ ദക്ഷിണഭാഗത്തേക്കായി പരഗ്വെ, പരാന, എന്നു രണ്ടുനദികൾ പ്രവാഹംചെയ്യു

ന്നതായി കാണാം. രണ്ടുംകൂടി ഒന്നിച്ചു ചേൎന്നാണു കടലിൽ പ്രവേശിക്കുന്നതു്. ഈ സംഗതിയിൽ ഇവയ്ക്കു മുറെ-ഡാർലിംഗ്, ഗംഗ-ബ്രഹ്മപുത്ര, യൂഫ്രട്ടിസ്-ടൈഗ്രീസ്, എന്നിവയോടു സാദൃശ്യമുണ്ടു്. നദീമുഖത്തുനിന്നു വടക്കോട്ടും, പടിഞ്ഞാട്ടും വ്യാപിച്ചുകിടക്കുന്ന പുൽമൈതാനമാണു 'പാമ്പാസ്'. കോതമ്പാണു പാമ്പാസിലെ മുഖ്യവിളവു്.

നദീമുഖത്തുനിന്നു വടക്കോട്ടു സമുദ്രതീരത്തിൽക്കൂടി വളരെ ദൂരം തീവണ്ടിയിൽ സഞ്ചരിക്കാം. ബ്രസീൽ എന്ന സംസ്ഥാനത്തെത്തിയാൽ മലകളുടെ ചരിവുകളിൽ വലിയ കാപ്പിത്തോട്ടങ്ങൾ കാണാം. ഭൂഗോളത്തിൽ കൃഷിചെയ്തുണ്ടാക്കുന്ന കാപ്പിയിൽ 2/3 ഭാഗം ബ്രസീലിലാണുണ്ടാകുന്നതു്. തീവണ്ടിക്കു വിറകിന്നുപകരം കാപ്പിക്കുരു ഇവിടെ ഉപയോഗിച്ചുവരുന്നുണ്ടു്. കാപ്പിത്തോട്ടങ്ങളുടെഅല്പം പശ്ചിമഭാഗത്തായി സ്വൎണ്ണം, വൈരക്കല്ലു, മുതലായവ കുഴിച്ചെടുക്കപ്പെടുന്നുണ്ടു്. തീരങ്ങളിൽ ഈയിടെയായി പരുത്തി വളരെ കൃഷിചെയ്തുവരുന്നു.

വടക്കെ അമേരിക്കയുടെ പടം നോക്കുക. ഭൂഖണ്ഡത്തിന്റെ മദ്ധ്യത്തിലായി സുപ്പീരിയർ, ഹ്യൂറൻ, മിച്ചിഗൻ, ഏറി, ഒൻറാരിയൊ, എന്നു് അഞ്ചു ശുദ്ധജലതടാകങ്ങൾ കിടക്കുന്നുണ്ടു്. ഇവയുടെ തീരങ്ങളിൽ ഇരിമ്പു, കൽക്കരി, ചെമ്പു്, വെള്ളി, മുതലായ ലോഹങ്ങൾ സുലഭമായി കണ്ടുവരുന്നുണ്ടു്. പ്രസ്തുത തടാകങ്ങളുടെ വടക്കു് അസംഖ്യം ചെറു തടാകങ്ങൾ കിടക്കുന്നു. ഇവയിൽ ഒരു തടാകത്തിൽനിന്നുത്ഭവിക്കുന്ന 'മെക്കൻസി' നദി വടക്കോട്ടൊഴുകി ആർട്ടിക്കുസമുദ്രത്തിൽ ചെന്നുചേരുന്നു. ഈ നദി മദ്ധ്യേഷ്യയിലെ നദികളെപ്പോലെ കൃഷിക്കും ഗതാഗതത്തിന്നും സൌകൎയ്യമുള്ളതല്ല.

എന്നാൽ മദ്ധ്യത്തിലുള്ള തടാകങ്ങളിൽക്കൂടി 'സെൻറ ലോറൻസ്' എന്നൊരു നദി കിഴക്കോട്ടൊഴുകിപ്പോകുന്നതായിക്കാണാം. ഈ നദി പൂർണ്ണമായ ഗതാഗതസൌകര്യം നൽകുന്നു. ഈ നദിയിലുള്ള വെള്ളച്ചാട്ടമാണ ലോകപ്രസിദ്ധമായി 'നയാഗ്ര'. ഇതിൽനിന്നുല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തികൊണ്ട് നദീതീരത്തിൽ സ്ഥാപിച്ചിരിക്കുന്ന അസംഖ്യം അറക്കക്കമ്പനികളിൽ ജോലി നടത്തപ്പെടുന്നു.

മദ്ധ്യമഹാതടാകങ്ങളുടെ പശ്ചിമഭാഗത്തു് തെക്കുവടക്കായി വ്യാപിച്ചുകിടക്കുന്ന ഒരു പുൽമൈതാനമുണ്ട്. 'പ്രെയരീസ്' എന്നു വിളിച്ചുവരുന്ന ഈ മൈതാനത്തിൽ വിളയുന്നപോലെ കോതമ്പ് ലോകത്തിലെവിടെയും വിളയുന്നില്ല.

പ്രസ്തുത തടാകങ്ങളുടെ ദക്ഷിണഭാഗം ഐക്യനാടാണ്. ഐക്യനാട്ടിൽക്കൂടി തെക്കോട്ട് എത്ര നദികളാണ് ഒഴുകിപ്പോകുന്നതു്! ഐക്യനാടിനെ മിസോറി—മിസിസിപ്പി താഴ്വരയായി കണക്കാക്കാം. മിസിസിപ്പിയിൽ 2000-നാഴികയോളം കപ്പലുകൾക്കു സഞ്ചരിക്കാം. നദീമുഖത്തു് 'ന്യൂ ഓർലിയൻസ്' എന്നൊരു തുറമുഖം കിടക്കുന്നു.

നദീമുഖത്തുനിന്നു കപ്പൽ കയറി വടക്കോട്ടു നദിയിൽക്കൂടി സഞ്ചരിക്കുന്നപക്ഷം കാണുന്ന കാഴ്ച വളരെ രസകരമായിരിക്കും. ഒന്നാമതു് ഇരുകരകളിലും നെൽവയലുകളാണു കാണുന്നതു്. അല്പം വടക്കോട്ടു ചെന്നാൽ പരുത്തിത്തോട്ടങ്ങൾ കണ്ടുതുടങ്ങുന്നു. ഇവിടെയുണ്ടാകുന്ന പരുത്തിക്കു് ഇന്ത്യൻ പരുത്തിയെക്കാൾ ഗുണം കൂടുതലുണ്ട്. ഐക്യനാട്ടിലുണ്ടാകുന്നപോലെ പരുത്തി അത്ര സമൃദ്ധിയായി വേറെ എവിടെയും ഉണ്ടാകുന്നില്ല. കുറെ

ക്കൂടിവടക്കോട്ടു ചെന്നാൽ ചോളംകൃഷിചെയ്തുവരുന്ന പ്രദേശങ്ങളും അവിടെ നിന്നു മേദിക്കുന്ന എണ്ണമില്ലാത്ത കന്നുകാലികളും പന്നികളുമാണു കാണാറാകുന്നതു്. കന്നുകാലികളെ പോഷിപ്പിച്ചശേഷം ചന്തയിലേക്കയയ്ക്കപ്പെടുന്നു. വീണ്ടും നാം വടക്കോട്ടു ചെന്നാൽ കോതമ്പുവയലുകളായി. ഈ പ്രദേശത്തിന്നാണു 'പ്രെയറീസ്' എന്നു പറഞ്ഞുവരുന്നതു്. കോതമ്പു യൂറോപ്പിലേക്കു കയററി അയയ്ക്കപ്പെടുന്നു. നദീതീരങ്ങളിൽ കോതമ്പു പൊടിക്കുന്ന യന്ത്രശാലകളുണ്ടു്.

പ്രസ്തുത തടങ്ങളുടെ പശ്ചിമഭാഗത്തായി 'റൊക്കി' മലകൾ തെക്കുവടക്കായി കിടക്കുന്നുണ്ടു്. ഈ മലകളിൽ സ്വർണ്ണം, വെള്ളി, ചെമ്പു, മുതലായ ലോഹങ്ങൾ വളരെയുണ്ടു്. കുഴിച്ചെടുക്കപ്പെടുകയും ചെയ്യുന്നു.

—*—

അദ്ധ്യായം 7

നദികൾ

(തുടർച്ച)

ഇ. യൂറോപ്പ്

അമേരിക്കയിൽനിന്നു കിഴക്കോട്ടു് അററലാണ്ടിക്കു സമുദ്രത്തിൽക്കൂടി യാത്രചെയ്യേണ്ടിയിരിക്കുന്നു. ഐക്യനാടിന്റെ തലസ്ഥാനമായ ന്യൂയോക്കിൽനിന്നു കപ്പൽകയറിയാൽ 7 ദിവസംകൊണ്ടു് ഇംഗ്ലണ്ടിന്റെ പശ്ചിമഭാഗത്തുള്ള തുറമുഖമായ 'ലിവർപൂൾ'ൽ കപ്പലിറങ്ങാം. ഈ തുറമുഖം ലങ്കാഷയർ ജില്ലയിലാണു്. ജില്ലയുടെ തലസ്ഥാനമാണു 'മാഞ്ചെസ്റ്റർ.' പരുത്തിവസ്ത്രം നെയ്ത്തു

ണ്ടാക്കുന്ന യന്ത്രശാലകളിൽനിന്നു പുറപ്പെടുന്ന പുകകൊണ്ടു് ആകാശം കറുത്തിരുണ്ടിരിക്കും. അതിനാലാണു മാഞ്ചെസ്റ്ററിന്നു കറുത്ത നഗരം (ബ്ളാക്ക് ടൌൺ) എന്നു പേർ സിദ്ധിച്ചതു്. ഇവിടെനിന്നാണു ശീമച്ചരക്കു് ഇന്ത്യയിലേക്കു കൊണ്ടുവരപ്പെടുന്നതു്. ഈ നഗരത്തിന്റെ ചുററുമുള്ള പ്രദേശങ്ങളിൽ അസംഖ്യം കൽക്കരിഖനികളും ഇരിമ്പുഖനികളുമുണ്ടു്. ഇംഗ്ലണ്ടിലെ മിക്ക നഗരങ്ങളിലും പലേതരത്തിലുള്ള വ്യവസായങ്ങൾ നടത്തിവരുന്നുണ്ടു്.

യൂറോപ്പിന്റെ ഭൂപടം നോക്കുക. ദക്ഷിണഭാഗത്തു് ഏഷ്യയിലുള്ളപോലെ മൂന്നു് അർദ്ധദ്വീപുകൾ കാണുന്നില്ലേ? മദ്ധ്യത്തിലുള്ളതാണു് ഇററലി. ഈ രാജ്യത്തിന്റെ ഉത്തരഭാഗത്തു മഞ്ഞുമൂടിക്കിടക്കുന്ന മലകളാണു് ആൽപ്സ്. യൂറോപ്പിലെ ഏററവും ഉയരമുള്ള മലയാണിതു്. ഇതിന്റെ നാലുഭാഗത്തേക്കും നദികൾ ഒഴുകിപ്പോകുന്നതായി കാണാം. വടക്കോട്ടു റൈൻ, തെക്കോട്ടു റോൺ, കിഴക്കോട്ടു ഡാന്യൂബ്, തെക്കുകിഴക്കോട്ടു പോ, എന്നീ നദികൾ പ്രവഹിക്കുന്നു. നദീതാഴ്‌വരകൾ വളരെ ഫലപുഷ്ടിയുള്ളവയാണു്. ഡാന്യൂബിന്റെ താഴ്‌വരയിൽ കോതമ്പു വിളയുന്നുണ്ടു്. പോ താഴ്‌വരയിൽ നെല്ലു്, കോതമ്പു്, പട്ടു്, എന്നിവ സമൃദ്ധിയാണു്. റോൺതാഴ്‌വരയിലും പട്ടു ധാരാളം ഉണ്ടാകുന്നു.

കാസ്പിയൻകടലിൽ പ്രവേശിക്കുന്ന വോൾഗയാണു യൂറോപ്പിലെ ഏററവും വലിയ നദി. ഇതു റഷ്യയിലുള്ള വാൾഡായ്കുന്നുകളിൽനിന്നാണുത്ഭവിക്കുന്നതു്. റഷ്യയിലെയൂറൽപർവ്വതപ്രദേശത്തു് ഇരിമ്പും കൽക്കരിയും വളരെയുണ്ടു്. നദീതാഴ്‌വരയിൽ കോതമ്പു വളരെ കൃഷിചെയ്തുവരുന്നു. യൂറോപ്പിൽ കോതമ്പു സമൃദ്ധിയായി കൃഷിചെയ്യുന്ന മറെറാരു രാജ്യമാണു ഫ്രാൻസ്.

ഫ്രാൻസ്, ബെൽജിയം, ജർമ്മനി മുതലായ രാജ്യങ്ങളിലും ഇരിമ്പും കൽക്കരിയും ഇംഗ്ലണ്ടിലെപ്പോലെതന്നെ സുലഭമാണ്. അതിനാൽത്തന്നെയാണ പ്രസ്തുതരാജ്യങ്ങൾ വ്യവസായാഭിവൃദ്ധിയുള്ളവയായി തീൎന്നിരിക്കുന്നതു്. എന്നാൽ, അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ, എന്നീ രാജ്യങ്ങളിൽ കണ്ടുവരുന്നപോലെ യൂറോപ്പിൽ സ്വൎണ്ണം കണ്ടുവരുന്നില്ല. റഷ്യയിൽ മാത്രമെ സ്വൎണ്ണമുള്ളു.

ഇരിമ്പും കൽക്കരിയും കൈത്തൊഴിലിന്നു് അത്യാവശ്യമായ പദാൎത്ഥങ്ങളാണ്. ഇരിമ്പുരുക്കാൻ കല്ക്കരിവേണം. ഇരിമ്പുകൊണ്ടു നാനാതരത്തിലുള്ള യന്ത്രങ്ങൾ നിൎമ്മിക്കാം. യന്ത്രങ്ങൾ നടത്തേണ്ടതിന്നും കൽക്കരി അത്യാവശ്യമാണ്. അതിനാലാണ് ഇരിമ്പും കൽക്കരിയും സുലഭമായ യൂറോപ്പ്, അമേരിക്ക, ജപ്പാൻ, മുതലായ രാജ്യങ്ങൾ വ്യവസായാഭിവൃദ്ധിയുള്ളവയായി തീൎന്നിരിക്കുന്നതു്. കൃഷിചെയ്തുണ്ടാകുന്ന വിഭവങ്ങൾകൊണ്ടു മനുഷ്യന്നു സുഖജീവിതത്തിന്നത്യാവശ്യമായിത്തീൎന്നിരിക്കുന്ന സാധനങ്ങളെ നിൎമ്മിക്കേണ്ടിയിരിക്കുന്നു. ഇതാണു കൈത്തൊഴിലിന്റെ ആവശ്യം. ഇന്ത്യയിൽ കണ്ടുവരുന്ന അസംസ്കൃതവിഭവങ്ങളെ അന്യരാജ്യങ്ങളിലേക്കു കയററി അയയ്ക്കുന്നതിനു പകരം ഇവിടെ വ്യവസായശാലകൾ സ്ഥാപിച്ചു കൈത്തൊഴിലുകൾ നടത്തിവരുന്നപക്ഷം നമ്മുടെ രാജ്യത്തിൽ ജനങ്ങൾക്കു സംതൃപ്തിയും സന്തുഷ്ടിയും ഉണ്ടായിത്തീരുമെന്നുള്ള സംഗതി നിൎവ്വിവാദമാണ്.

Vidya Vilasam Press,—Trivandrum 1935.

308